# പതിനഞ്ചാം കേരള നിയമസഭ

# പതിനാലാം സമ്മേളനം

2025 സെപ്റ്റംബർ 18, വ്യാഴം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--401]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി | : 852 മുതൽ 975 വരെ |
| വനം-വന്യജീവി വകുപ്പ് മന്ത്രി | : 976 മുതൽ 1063 വരെ |
| ജലവിഭവ വകുപ്പ് മന്ത്രി | : 1064 മുതൽ 1195 വരെ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി | : 1196 മുതൽ 1252 വരെ |

## സേഫ് പദ്ധതി

852 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് പദ്ധതി പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനം പുതുക്കി പണിയുന്നതിനായി നിലവിലുള്ള ചട്ടങ്ങൾ പ്രകാരം എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിച്ചു വരുന്നത്;

(ബി) ഈ മാനദണ്ഡങ്ങളിൽ പരിഷ്കാരങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## ഇലയ്ക്കാട് നഗർ - പട്ടയപ്രശ്നം

853 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടപ്ലാമറ്റം ഗ്രാമ പഞ്ചായത്തിലെ ഇലയ്ക്കാട് നഗറിൽ നാല്പത്തിമൂന്ന് വർഷമായി താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ എപ്പോൾ പൂർത്തിയാക്കും എന്ന് അറിയിക്കാമോ;

(ബി) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ സമർപ്പിച്ചിരിക്കുന്ന അപേക്ഷ സർക്കാരിൽ ലഭ്യമാക്കാത്തതിന് കാരണം വ്യക്തമാക്കാമോ; ഫയൽ റവന്യൂ

വകുപ്പിന് കൈമാറിയിട്ടുണ്ടോ; കൈവശക്കാരുടെ മുഴുവൻ ഭൂമിക്കും പട്ടയം നൽകുമോ; ഇല്ലെങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത അപേക്ഷ നിലവിൽ പട്ടിക ജാതി വികസന ഡയറക്ടറേറ്റിലെ എസ്.സി.ഡി.ഡി/5344/2024-എ2 (ഡി.ഇ.വി എ) നമ്പർ ഫയലിൽ പരിഗണനയ്ക്കായി ഉൾപ്പെടുത്തി നടപടി സ്വീകരിച്ചു വരുന്നതാണോ; ഇതിന്റെ പുരോഗതി വിശദമാക്കാമോ?

## സേഫ് പദ്ധതി

854 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള സേഫ് പദ്ധതിയിൽ ആലത്തൂർ മണ്ഡലത്തിലെ എത്ര ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കാനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

## ആലത്തൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർ

855 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര ഭൂരഹിത കുടുംബങ്ങൾ ഭൂമിയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന വിവരം തദ്ദേശസ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; ഇതിൽ എത്ര പേർക്ക് ഭൂമി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾ

856 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും ഭൂരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങൾ ഭൂമിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കി എന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(സി) ഭൂമിക്കുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള കുന്നത്തുനാട് മണ്ഡലത്തിലെ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വേഗത്തിൽ ഭൂമി ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വാടക നിശ്ചയിച്ച് കെട്ടിടങ്ങൾ നൽകുമ്പോൾ എസ്.സി. /എസ്. റ്റി..വിഭാഗങ്ങൾക്കുള്ള സംവരണം

857 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ, കെട്ടിടങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, മാർക്കറ്റുകൾ അടക്കം വാടക നിശ്ചയിച്ച് പൊതുജനങ്ങൾക്കായി നൽകുമ്പോൾ എസ്. സി. /എസ്.റ്റി. വിഭാഗങ്ങൾക്ക് അർഹമായ സംവരണം നൽകുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഏതെല്ലാം വകുപ്പുകൾ ഇത്തരത്തിൽ എസ്. സി. /എസ്. റ്റി. വിഭാഗങ്ങൾക്ക് സംവരണം നൽകുന്നുണ്ട്; വിശദമാക്കാമോ;

(സി) ഇത്തരത്തിൽ എസ്. സി. /എസ്. റ്റി. സംവരണം നൽകാത്ത വകുപ്പുകളിൽ സംവരണം ഏർപ്പെടുത്തുന്നതിനുവേണ്ടി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സർക്കാരിന്റെ വിവിധ വകുപ്പുകൾ ഇത്തരത്തിൽ വാടക നിശ്ചയിച്ച് നൽകുന്ന കെട്ടിടങ്ങളിലും, ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റുകൾ എന്നിവിടങ്ങളിലും എസ്. സി. /എസ്. റ്റി. വിഭാഗങ്ങൾക്ക് അർഹമായ സംവരണം ഏർപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

### ലാന്റ് ബാങ്ക് പദ്ധതിയിലേക്ക് കോങ്ങാട് മണ്ഡലത്തിൽ സ്ഥലം ഏറ്റെടുത്ത നടപടി

858 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ലാന്റ് ബാങ്ക് പദ്ധതിയിലേക്ക് കോങ്ങാട് മണ്ഡലത്തിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഭൂമി വിതരണം ചെയ്യുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

### ഭൂരഹിത പുനരധിവാസ പദ്ധതി

859 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം നാളിതു വരെ എത്ര പേർക്ക് ഭൂമി കണ്ടെത്തി വിതരണം ചെയ്തിട്ടുണ്ട്; ആയത് എത്ര ഏക്കർ ഭൂമി വരുമെന്ന് വിശദമാക്കാമോ;

(ബി) 2021-2022 മുതൽ 2025-2026 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഭൂമി ലഭ്യമായവരുടെ എണ്ണം പ്രത്യേകം പട്ടികയായി ലഭ്യമാക്കാമോ?

### ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണം

860 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ ലാന്റ് ബാങ്ക് പദ്ധതി പ്രകാരം ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം നടത്തുന്നതിനായി വിലയ്ക്ക്

വാങ്ങിയ ഭൂമിയിൽ വെരി ലൈറ്റ് സ്ട്രക്ച്ചർ ഭവന നിർമ്മാണം മാത്രമേ നടത്താൻ സാധിക്കൂ എന്ന മണ്ണ് പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയിൽ ഭവന നിർമ്മാണം ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയിൽ എന്നത്തേയ്ക്ക് ഭവനനിർമ്മാണം ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## പട്ടിക ജാതി, പട്ടിക വർഗ കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിൽ അനുവദിച്ച വീടുകൾ

861 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി, പട്ടിക വർഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് വീട് നിർമിച്ച് നൽകിയിട്ടുണ്ടെന്നും ആയതിന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പട്ടികജാതി വികസന വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും ലൈഫ് ഭവന പദ്ധതിയിലേക്ക് ഓരോ സാമ്പത്തിക വർഷവും എത്ര തുക നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കടുത്തുരുത്തി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

862 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ പട്ടികജാതി കുടുംബങ്ങൾക്കായി നടപ്പാക്കുന്ന ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര വീടുകളാണ് നിർമ്മിക്കാൻ അനുമതി ലഭ്യമായത്; അതിൽ എത്ര വീടുകളുടെ നിർമാണം പൂർത്തിയായിട്ടുണ്ട്; ബാക്കി വീടുകൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) 2021-25 കാലയളവിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം കടുത്തുരുത്തി മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾ അനുവദിച്ചിട്ടുണ്ട്; അപ്രകാരം അനുവദിച്ച പദ്ധതികളുടെ പ്രവർത്തന പുരോഗതി ലഭ്യമാക്കാമോ;

(സി) ആച്ചിക്കൽ, മധുരവേലി നഗറുകളുടെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ; മധുരവേലി ഐ.ടി.ഐ. നഗറിന്റെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ആച്ചിക്കൽ നഗറിന്റെ സ്ഥലം ഏറ്റെടുപ്പ് സംബന്ധിച്ച് നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ഇ) ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കടുത്തുരുത്തി മണ്ഡലത്തിൽ ബാക്കി വരുന്ന 51 വീടുകളിൽ എത്രയാണ് പൂർത്തീകരിക്കാതിരിക്കുന്നതെന്നും അവയുടെ നിലവിലെ നിർമ്മാണഘട്ടം എന്താണെന്നും അറിയിക്കാമോ?

## പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കുന്നതിന് നടപടി

863 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജക മണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് ഭൂമി അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇനി എത്ര കുടുംബങ്ങൾക്കാണ് ഭൂമി അനുവദിക്കാനുള്ളതെന്നും അതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

<u>**നിലമ്പൂർ മണ്ഡലത്തിലെ ആദിവാസി കുടുംബങ്ങൾക്ക് ഭൂമിയും വീടും കൃഷിസ്ഥലവും ലഭ്യമാക്കുന്നതിന് നടപടി .**</u>

864 **ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമപ്രകാരം നിലമ്പൂർ മണ്ഡലത്തിൽ എത്ര ആദിവാസി കുടുംബങ്ങളാണ് ഭൂമിക്കായി അപേക്ഷ നൽകിയതെന്നും ഇതുവരെ എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ടെന്നും സംബന്ധിച്ച പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ വീടും കൃഷി സ്ഥലവും നഷ്ടപ്പെട്ട് വനത്തിനുള്ളിൽ പ്ലാസ്റ്റിക് ഷീറ്റ് മേഞ്ഞ ഷെഡുകളിൽ ശുചിമുറിയോ കുടിവെള്ള സൗകര്യമോ ഇല്ലാതെ ദുരിത ജീവിതം നയിക്കുന്ന നിലമ്പൂർ- പോത്തുകൽ പഞ്ചായത്തിലെ വാണിയമ്പുഴ, ഇരുട്ടുകുത്തി, തരിപ്പപൊട്ടി, കുമ്പളപ്പാറ, കരുളായി പഞ്ചായത്തിലെ മുണ്ടക്കടവ്, വട്ടിക്കല്ല് എന്നീ ഉന്നതികളിലെ മുന്നൂറോളം ആദിവാസി കുടുംബങ്ങൾക്ക് വീടും സ്ഥലും കൃഷിഭൂമിയും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) 2018-ലെ പ്രളയത്തിൽ പുന്നപ്പുഴക്ക് കുറുകെയുള്ള ഇരുമ്പുപാലവും വീടുകളും തകർന്നതിനാൽ വഴിക്കടവ് പഞ്ചായത്തിലെ പുഞ്ചകൊല്ലി, അളക്കൽ ഉന്നതിക്കാർ കഴിഞ്ഞ 7 വർഷമായി പുറംലോകവുമായി ഒറ്റപ്പെട്ട് കഴിയുന്ന ദുരിതാവസ്ഥ പരിഹരിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഭൂരഹിതരായ ആദിവാസികൾ 2 വർഷത്തോളം ബിന്ദു വൈലാശേരിയുടെ നേതൃത്വത്തിൽ ജില്ലാ പട്ടികജാതി പട്ടികവർഗ ഓഫീസിന് മുന്നിൽ നടത്തി വന്ന സമരവും തുടർന്ന് കളക്ടറുമായുണ്ടാക്കിയ ഒത്തുതീർപ്പ് കരാറും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കരാർ പാലിക്കാത്തതിന്റെ പേരിൽ ഇന്നും മലപ്പുറം കളക്ടറേറ്റിന്റെ മുന്നിൽ സമരം തുടർന്ന് പോരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കളക്ടറുമായുണ്ടാക്കിയ പ്രസ്തുത കരാർ നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>**തിരൂരങ്ങാടി മണ്ഡലത്തിലെ എസ് സി ഉന്നതികളുടെ നവീകരണം.**</u>

865 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനായി തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ നിന്നും വിവിധ വർഷങ്ങളിലായി തെരഞ്ഞെടുത്ത എസ്.സി ഉന്നതികൾ ഏതെല്ലാമായിരുന്നു; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വിശദമാക്കാമോ;

(ബി) തെരഞ്ഞെടുക്കപ്പെട്ട ഓരോ ഉന്നതിയുടെയും നവീകരണത്തിനായി എത്ര തുക വീതമാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ;

(സി) നിർമ്മാണ പ്രവൃത്തികൾക്ക് തുകകൾ അനുവദിച്ച എസ്.സി ഉന്നതികളുടെ നിർമ്മാണ പ്രവൃത്തികൾ ഏതു വരെയായി; ഇതുവരെ എത്ര രൂപയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു; ഈ നിർമ്മാണ പ്രവൃത്തികളുടെ കരാറുകാരൻ എഗ്രിമെന്റ് വെച്ച തീയതി എന്നാണ്; ഓരോന്നും ഇനം തിരിച്ച് വിശദമാക്കാമോ;

(ഡി) ഈ പ്രവൃത്തികളുടെ തുടർ നിർമ്മാണങ്ങൾ എന്നേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് ഇനം തിരിച്ച വിശദമാക്കാമോ?

**അംബേദ്കർ ഗ്രാമപദ്ധതി**

866 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്യാശ്ശേരി മണ്ഡലത്തിൽ എത്ര പട്ടികജാതി നഗറുകളും അതിൽ എത്ര കുടുംബങ്ങളും താമസിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അംബേദ്കർ ഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച മണ്ഡലത്തിലെ നഗറുകളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത നഗറുകളുടെ പ്രവൃത്തിയുടെ പുരോഗതി ലഭ്യമാക്കാമോ?

**വർക്കല മണ്ഡലത്തിൽ കുടിവെള്ള ലഭ്യത കുറവുള്ള ഉന്നതികൾ**

867 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ കുടിവെള്ള ലഭ്യത കുറവുള്ള ഉന്നതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെയും (2016-21) ഈ സർക്കാരിന്റെയും കാലയളവിൽ എത്ര ഉന്നതികളിൽ കുടിവെള്ളം നല്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; ആയത് എവിടെയെല്ലാം നടപ്പിലാക്കിയെന്നും ഇതിനായി ചെലവഴിച്ച തുകയെത്രയെന്നും വിശദമാക്കാമോ?

**കാട്ടാക്കട വെള്ളമാനർകോണം അംബേദ്കർ സ്വയംപര്യാപ്ത പദ്ധതി**

868 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ കാട്ടാക്കട വെള്ളമാനർകോണം അംബേദ്കർ സ്വയംപര്യാപ്ത പദ്ധതിയുടെ പ്രവൃത്തികൾ പൂർത്തിയാകുന്നത് നീണ്ടു പോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) സമയബന്ധിതമായി പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഉന്നതികൾക്ക് ഫണ്ട്**

869 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും (2016-21) ഈ സർക്കാരിന്റെയും കാലയളവിൽ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ഉന്നതികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ആയവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**അംബേദ്കർ ഗ്രാമവികസന പദ്ധതി**

870 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2025 വരെ വടക്കാഞ്ചേരി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട നഗറുകളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ 2021-ന് ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി പുതുക്കി നൽകിയ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട നഗറുകളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(സി) അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം നിർമ്മാണം പുരോഗമിക്കുന്ന നഗറുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**പെരിന്തൽമണ്ണ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

871 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ മരുതൻപാറ പട്ടികജാതി സദ്ഗ്രാമത്തിൽ നിർമ്മാണത്തിലിരിക്കെ തകർന്നു വീണ കെട്ടിടത്തിന്റെ പുനർ നിർമ്മാണ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്നും പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ?

**മംഗൽപാടി, പുത്തിഗെ എന്നീ പഞ്ചായത്തുകളിലെ അംബേദ്കർ ഗ്രാമം പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ**

872 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗൽപാടി ഗ്രാമ പഞ്ചായത്തിലെ പൂളികുത്തി, പുത്തിഗെ പഞ്ചായത്തിലെ ബാഡൂർ എന്നീ ഉന്നതികളിലെ അംബേദ്കർ ഗ്രാമം പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഉടൻ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## <u>അംബേദ്കർ ഉന്നതി പദ്ധതി</u>

873 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആലപ്പുഴ മണ്ഡലത്തിൽ എത്ര ഉന്നതികൾക്കാണ് അംബേദ്കർ ഉന്നതി പദ്ധതി പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റുകളിൽ ഏതൊക്കെ ഉന്നതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന വിവരം അറിയിക്കാമോ;

(സി) ഭരണാനുമതി ലഭിച്ചതിൽ ഏതൊക്കെ ഉന്നതികളുടെ പ്രവൃത്തിയാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾക്കായിഎത്ര തുകയാണ് ചിലവഴിക്കുന്നതെന്നും ആരംഭിച്ച പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

## <u>ഇടമലക്കുടി ആദിവാസി ഊരിലേക്കുള്ള ഗതാഗത സൗകര്യങ്ങൾ</u>

874 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലക്കുടിയിൽ പനിബാധിതനായ പിഞ്ചു ബാലൻ ആശുപത്രിയിലേക്ക് കൊണ്ടു പോകുന്ന വഴിയിൽ മരണപ്പെട്ടതും മറ്റൊരു രോഗിയെ കാട്ടിലൂടെ ദണ്ഡുകെട്ടി ചുമന്ന് ആശുപത്രിയിൽ എത്തിക്കേണ്ടി വന്നതും സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആദിവാസി ഊരിൽ നിന്നും അടിമാലി താലൂക്ക് ആശുപത്രിയിലേക്ക് രോഗികളെ എത്തിക്കുന്നതിന് സംവിധാനം ഏർപ്പെടുത്താൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഇടമലക്കുടി ആദിവാസി ഊരിലേക്ക് ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അത്യാവശ്യ സന്ദർഭങ്ങളിൽ ആംബുലൻസ് സേവനം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും ഇടമലക്കുടി ആദിവാസി ഊരിന്റെ വികസന പ്രവർത്തനങ്ങൾക്കായി നീക്കിവെച്ച തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കുമോ?

## <u>ചാത്തന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതികളുടെ പുരോഗതി</u>

875 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ഇടയാടിമുക്കം പട്ടികജാതി നഗറിലും കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ഇടക്കുന്ന് പട്ടികജാതി നഗറിലും അംബേദ്കർ ഗ്രാമപദ്ധതി പ്രകാരം നടന്നുവരുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ചാത്തന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ പാറയിൽ പട്ടികജാതി നഗറിൽ അംബേദ്കർ ഗ്രാമപദ്ധതി പ്രകാരം അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**<u>ഉടുമ്പൻചോല മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി</u>**

876 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം ഉടുമ്പൻചോല മണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ ഉന്നതികളിലാണ് നവീകരണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിരിക്കുന്നതെന്നും പ്രസ്തുത ഉന്നതികളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ഏതൊക്കെ പട്ടികവർഗ്ഗ ഉന്നതികളിലാണ് നവീകരണ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി, അനുവദിച്ച വർഷം, ചെലവഴിച്ച തുക, തുടങ്ങിയവ സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

**<u>ഉടുമ്പൻചോല മണ്ഡലത്തിലെ പട്ടികജാതി ഉന്നതികളിലെ വികസന പ്രവർത്തനങ്ങൾ</u>**

877 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഉടുമ്പൻചോല മണ്ഡലത്തിലെ പട്ടികജാതി ഉന്നതികളിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പ്രസ്തുത പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ള പട്ടികജാതി ഉന്നതികളുടെ പേര്, പഞ്ചായത്ത്, അനുവദിച്ച തുക, ചെലവഴിച്ച തുക ഇവ സംബന്ധിച്ച വിശദാംശം നൽകുമോ?

**<u>കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ എസ്.സി. നഗറുകളിലെ നവീകരണ പ്രവർത്തനങ്ങൾ</u>**

878 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ എത്ര എസ്.സി. നഗറുകൾ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ

ഉൾപ്പെടുത്തി നവീകരിക്കുന്നതിനുവേണ്ടി തെരഞ്ഞെടുത്തിട്ടുണ്ട്; എസ്.സി. നഗറുകളുടെ പേരുകളും പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങളും ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര എസ്.സി. നഗറുകളിൽ നവീകരണം പൂർത്തിയായെന്നും എന്തെല്ലാം പ്രവൃത്തികളാണ് നവീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തിയ എസ്.സി. നഗറുകളിൽ, നവീകരണ പ്രവർത്തനങ്ങൾ ഇനിയും പൂർത്തീകരിക്കാത്തവ ഏതെല്ലാമാണെന്നും ഈ നഗറുകളിലെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(ഡി) മുഴുവൻ എസ്.സി. നഗറുകളിലും സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) എന്നത്തേയ്ക്ക് നവീകരണം പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

## <u>പൂഞ്ഞാർ മണ്ഡലത്തിലെ പട്ടികവർഗ്ഗ ഉന്നതികളുടെ വികസനം</u>

879 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി എരുത്വാപ്പുഴ മലവേടർ പട്ടികവർഗ്ഗ ഉന്നതി, തുമരംപാറ പട്ടികവർഗ്ഗ ഉന്നതി എന്നിവിടങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

## <u>ഉടുമ്പൻചോല മണ്ഡലത്തിലെ നഗറുകളുടെ നിർമ്മാണ പുരോഗതി</u>

880 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി നഗറുകളുടെ വികസനത്തിനായുള്ള അംബേദ്കർ ഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തി വികസന പ്രവൃത്തികൾ നടക്കുന്ന ഉടുമ്പൻചോല മണ്ഡലത്തിലെ നഗറുകളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ 2016 മുതൽ 2025 വരെ എത്ര നഗറുകൾ അംബേദ്കർ ഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## <u>അംബേദ്കർ ഗ്രാമം പദ്ധതി</u>

881 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ചിറയിൻകീഴ് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള അംബേദ്കർ ഗ്രാമം പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിക്കേണ്ടതും പൂർത്തീകരിച്ചതുമായ പ്രവൃത്തികളുടെ വിശദംശങ്ങൾ ലഭ്യമാക്കാമോ?

## <u>കണ്ണാട്ടുകോണം ഉന്നതിയുടെ നവീകരണം</u>

882 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണാട്ടുകോണം ഉന്നതിയുടെ നവീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>അംബേദ്കർ ഗ്രാമം പദ്ധതിയിലൂടെ മാവേലിക്കര മണ്ഡലത്തിലെ നവീകരണങ്ങൾ</u>**

883 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ ഏതെല്ലാം നഗറുകൾ നവീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട നഗറുകളുടെ തൽസ്ഥിതി വിശദമാക്കുമോ?

**<u>കുറ്റ്യാടി മണ്ഡലത്തിലെ പട്ടികജാതി നഗറുകളുടെ വികസനത്തിനുവേണ്ടി നടപ്പിലാക്കിയ പദ്ധതികൾ</u>**

884 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 വർഷം മുതൽ ഇതുവരെയായി കുറ്റ്യാടി മണ്ഡലത്തിലെ പട്ടികജാതി നഗറുകളുടെ വികസനത്തിനുവേണ്ടി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് പദ്ധതിയുടെ അടങ്കൽ തുക സഹിതം വിശദമാക്കാമോ; ഈ പദ്ധതികൾ വഴി ഏതൊക്കെ തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തിയതെന്നും വിശദമാക്കാമോ; പ്രസ്തുത മണ്ഡലത്തിലെ വിവിധ പട്ടികജാതി നഗറുകളിലെ എത്ര കുടുംബങ്ങൾക്ക് ഈ പദ്ധതിയിലൂടെ പ്രയോജനം ഉണ്ടായി എന്ന് നഗറുകൾ തിരിച്ച് വിശദമാക്കാമോ;

(ബി) കുറ്റ്യാടി മണ്ഡലത്തിലെ കുളിക്കുന്ന് നഗർ, ചോയി മഠം നഗർ, വാളാഞ്ഞി കുളങ്ങരത്ത് നഗർ എന്നിവിടങ്ങളിലെ അംബേദ്കർ ഗ്രാമപദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഈ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

**<u>പൂഞ്ഞാർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രവൃത്തികൾ</u>**

885 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ആഴമല ഐ.എച്ച്.ഡി.പി. നഗർ, മൂക്കൻപെട്ടി ഐ.എച്ച്.ഡി.പി. നഗർ, മുറികല്ലുംപുറം നഗർ എന്നീ പട്ടികജാതി നഗറുകളിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

**<u>കോട്ടക്കൽ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി</u>**

886 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പൂവത്തുംതറ, മണ്ണഴി-കോട്ടപ്പുറം, മൂർദ്ധാവ് എന്നീ പട്ടികജാതി നഗറുകളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കുമോ; ഇനി എന്തെല്ലാം പ്രവർത്തനങ്ങൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) 2025-26 വർഷത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മണ്ഡലത്തിൽ നിന്നും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## ചാലക്കുടി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

887 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ചാലക്കുടി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത നഗറുകൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത നഗറുകളിലെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദീകരിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## അംബേദ്കർ ഗ്രാമം പദ്ധതി

888 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച നഗറുകളുടെ നിർവ്വഹണ ഏജൻസി തയ്യാറാക്കുന്ന എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനായി ആധികാരപ്പെടുത്തിയത് ഏത് ഉദ്യോഗസ്ഥനെയാണെന്ന് വ്യക്തമാക്കാമോ;

(ബി) എസ്റ്റിമേറ്റുകൾ അംഗീകരിച്ച് കിട്ടുന്നതിൽ നിലവിലുള്ള കാലതാമസം ഒഴിവാക്കാൻ ആയതിനുള്ള അധികാരം ജില്ലാതല ഓഫീസുകൾക്ക് കൈമാറുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിലെ അംബേദ്ക്കർ സെറ്റിൽമെന്റ് പദ്ധതി

889 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 മുതൽ കോങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ ഉന്നതികളെയാണ് അംബേദ്ക്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പടുത്തിയിട്ടുള്ളതെന്ന പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉന്നതികളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) നിലവിൽ ഏതെങ്കിലും പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ?

## മങ്കട മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

890 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഉന്നതികൾ ഏതൊക്കെയാണ്; ഓരോന്നിന്റെയും നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത ഏജൻസികൾ ഏതൊക്കെയാണ്; ഓരോന്നിന്റെയും നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കാമോ;

(ബി) ഓരോ ഉന്നതിയിലും നിർമ്മാണ പ്രവർത്തനങ്ങൾ എത്ര ശതമാനം വീതം പൂർത്തിയാക്കിയിട്ടുണ്ട്; ഇനി എന്തെല്ലാം പ്രവൃത്തികളാണ് ബാക്കിയുള്ളത്; ഏതെങ്കിലും പ്രവൃത്തികളിൽ എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മങ്കട മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ നാളിതുവരെ ഉൾപ്പെടുത്തിയിട്ടില്ലാത്തതും എന്നാൽ പദ്ധതിയുടെ മാനദണ്ഡപ്രകാരം അംബേദ്കർ ഗ്രാമമായി ഉയർത്താൻ അർഹതയുള്ളതുമായ ഉന്നതികൾ ഏതെല്ലാം; മുൻഗണനാ ക്രമമനുസരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ?

## പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവർക്കായി പ്രവർത്തിക്കുന്ന ഉന്നതികൾ

891 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവർക്കായി നിലവിൽ എത്ര ഉന്നതികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ എത്ര ഉന്നതികൾക്ക് ശുദ്ധമായ കുടിവെള്ളം, ശൗചാലയം, വൈദ്യുതി എന്നിവ ലഭ്യമല്ലെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഇതിന് പരിഹാരം കാണാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## കടമ്പറക്കോണം - ഭാസ്ക്കർ ഉന്നതിയുടെ പ്രവർത്തനം

892 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിച്ച മണമ്പൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ കടമ്പറക്കോണം - ഭാസ്ക്കർ ഉന്നതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

## ആദിവാസി യുവാവിനെ വൈദ്യുതിത്തൂണിൽ കെട്ടിയിട്ട് തല്ലിച്ചതച്ച സംഭവം

893 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ആദിവാസി യുവാവിനെ വൈദ്യുതിത്തൂണിൽ കെട്ടിയിട്ട് തല്ലിച്ചതച്ച സംഭവത്തിൽ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഉത്തരവാദികളായവർക്കെതിരെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ തടയൽ നിയമപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് സമാനമായ സംഭവങ്ങൾ നിരന്തരം ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

## <u>ദളിത് പെൺകുട്ടികൾ ലൈംഗിക അതിക്രമത്തിന് ഇരയായ കേസുകൾ</u>

894 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ടയിൽ ദളിത് പെൺകുട്ടി കൂട്ടബലാൽസംഗത്തിന് ഇരയായ സംഭവം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; ഈ വിഷയത്തിൽ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും ഇരകളായവരുടെ തുടർ വിദ്യാഭ്യാസത്തിനും മെച്ചപ്പെട്ട സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ വകുപ്പ് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

## <u>പട്ടികജാതിക്കാരിയായ ജീവനക്കാരി സ്ഥലം മാറിയപ്പോൾ ശുദ്ധികലശം നടത്തിയ നടപടി</u>

895 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരിയായ ജീവനക്കാരി സെക്രട്ടറിയേറ്റിൽ നിന്ന് സ്ഥലം മാറിയപ്പോൾ സഹപ്രവർത്തകൻ ശുദ്ധികലശം നടത്തിയെന്ന പരാതിയിൽ എസ്.സി./എസ്. ടി. കമ്മീഷൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് പൊതുഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഈ വിഷയത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

## <u>പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉന്നത പഠനം</u>

896 **ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. പ്രമോദ് നാരായൺ**

**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉന്നത പഠനം നടത്തുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പട്ടികജാതി- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി കേന്ദ്ര സർക്കാർ നൽകുന്ന ഓവർസീസ് സ്കോളർഷിപ്പ് തുകയുടെ കഴിഞ്ഞ നാല് വർഷത്തെ ലഭ്യത വിശദമാക്കാമോ;

(സി) വിദേശ പഠനത്തിന് അർഹത നേടുന്നവർക്കെല്ലാം പ്രസ്തുത സ്കോളർഷിപ്പ് നൽകുന്നതിന് കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ അത്തരം വിദ്യാർത്ഥികളെ സഹായിക്കുവാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

## പട്ടികജാതി വിഭാഗക്കാർക്കായുള്ള പഠന മുറികൾ

897 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കുന്നത്തുനാട് മണ്ഡലത്തിൽ പട്ടികജാതി വിഭാഗക്കാർക്കായി എത്ര പഠന മുറികൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇതിനായി എത്ര തുക വീതം ചെലവഴിച്ചു എന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(സി) കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും പഠന മുറിക്കായി അപേക്ഷിച്ചിട്ടുള്ള അർഹരായ മുഴുവൻ പേർക്കും പഠന മുറി സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും പട്ടികജാതി വിഭാഗക്കാർക്കായുള്ള പഠന മുറിക്കായി എത്ര അപേക്ഷകൾ ലഭിച്ചെന്നും ഇതിൽ ഇനി എത്ര അപേക്ഷകളിൽ തീരുമാനമെടുക്കുവാൻ ഉണ്ടെന്നും പഞ്ചായത്തുകൾ തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ഇ) അർഹരായ മുഴുവൻ അപേക്ഷകർക്കും വേഗത്തിൽ പഠന മുറി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ വിദേശപഠനം

898 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; വിശദവിവരം നൽകാമോ;

(ബി) 2021 മുതൽ ഇതുവരെ ഈ പദ്ധതി വഴി എത്ര വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകാമോ;

(സി) വിദ്യാർത്ഥികളുടെ പഠനത്തിന് ചെലവഴിച്ച തുകയുടെ വിശദാംശം നൽകാമോ?

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയാൻ നടപടി

899 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ഡോ. എം. കെ. മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കുന്നതിന് മുമ്പ് കൊഴിഞ്ഞു പോകുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇപ്രകാരം കൊഴിഞ്ഞുപോകുന്ന കുട്ടികളെ തിരികെ സ്കൂളുകളിൽ എത്തിക്കുന്നതിനും അവരുടെ തുടർ വിദ്യാഭ്യാസത്തിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ഒരുക്കുന്നതിനും പ്രഭാത ഭക്ഷണം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ആദിവാസി വിദ്യാർത്ഥികളുടെ പഠന നിലവാരം അവലോകനം ചെയ്യുന്നതിനും കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## വിർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ

900 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വിദ്യാർത്ഥികളെ വിവിധ മത്സര പരീക്ഷകൾക്കായി പരിശീലിപ്പിക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും 'വിർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ' എല്ലാ നിയോജക മണ്ഡലങ്ങളിലും ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## പിന്നോക്ക വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ വിദേശ വിദ്യാഭ്യാസം

901 **ശ്രീ. കെ.വി.സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽ ഉൾപ്പെടാത്ത മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കേരളത്തിന് പുറത്തോ രാജ്യത്തിന് പുറത്തോ പോയി പഠിക്കുന്നതിന് എന്തെങ്കിലും സ്കീം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ;

(ബി) 2021 മുതൽ എത്ര വിദ്യാർത്ഥികൾക്ക് ഇപ്രകാരം ആനുകൂല്യം ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) പുതുതായി ഈ ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ഡി) ഈ ആനുകൂല്യം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഏതൊക്കെ കോഴ്സുകളാണ് ഈ സ്കീമുകളിൽ ഉൾപ്പെട്ടിട്ടുള്ളത് എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

## <u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള പദ്ധതികളിലെ കുടിശ്ശിക</u>

902 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിവിധ സ്കോളർഷിപ്പുകളിലും വിദ്യാഭ്യാസ സഹായ പദ്ധതികളിലുമായി നിലവിൽ എത്ര രൂപയുടെ കുടിശ്ശിക വിതരണം ചെയ്യാനുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള വിവിധ ചികിത്സാസഹായ പദ്ധതികളിലും ക്ഷേമ പദ്ധതികളിലുമായി നിലവിൽ എത്ര രൂപയുടെ കുടിശ്ശിക വിതരണം ചെയ്യാനുണ്ട്; വിശദാംശം ഇനം തിരിച്ച വ്യക്തമാക്കുമോ?

## <u>പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ് പരിഹരിക്കാനുള്ള സ്പെഷ്യൽ ഡ്രൈവ്</u>

903 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ ശിപാർശയുടെ വെളിച്ചത്തിൽ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ് പഠിക്കാനും അത് നികത്തുവാനും ആരംഭിച്ച സ്പെഷ്യൽ ഡ്രൈവ് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വിവര ശേഖരണത്തിനായി പിന്നാക്ക വിഭാഗ കമ്മീഷൻ ആസ്ഥാനത്ത് ആരംഭിച്ച വെബ് പോർട്ടൽ വഴി ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) വിവിധ സമുദായങ്ങൾക്കുണ്ടായിട്ടുള്ള പ്രാതിനിധ്യക്കുറവ് സംബന്ധിച്ച് മുഖ്യമന്ത്രി അധ്യക്ഷനായ ഉന്നത സമിതിയുടെ കണ്ടെത്തലുകൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) സമിതിയുടെ കണ്ടെത്തലുകളുടെയും ലഭ്യമായ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ഏതെല്ലാം സമുദായങ്ങളുടെ പ്രാതിനിധ്യക്കുറവ് പരിഹരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>ഹരിപ്പാട് മണ്ഡലത്തിലെ സൈബർശ്രീ യൂണിറ്റിന്റെ പ്രവർത്തനം</u>

904 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യ കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി സ്ഥാപിച്ചിരുന്ന സൈബർശ്രീ സെന്ററിന്റെ പ്രവർത്തനം അവസാനിപ്പിച്ചതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ സെന്ററിന്റെ പ്രവർത്തനം അടിയന്തരമായി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഹരിപ്പാട് സൈബർശ്രീ സെന്ററിനെ സംബന്ധിച്ച് സെക്രട്ടേറിയറ്റിലുള്ള SCSTDD-A3/286/2022-SCSTDD നമ്പർ നടപ്പ്, കുറിപ്പ് ഫയലുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

**<u>ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു പഠന സൗകര്യം ആരംഭിക്കുവാൻ നടപടി</u>**

905 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ പട്ടികജാതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു പഠന സൗകര്യമില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംവരണ മണ്ഡലമായ ചേലക്കരയിൽ ധാരാളം പട്ടികജാതി വിദ്യാർത്ഥികളുള്ളതിനാൽ അടുത്ത അധ്യയന വർഷം മുതൽ ചേലക്കര മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു പഠനസൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകാമോ?

**<u>വിദ്യാർത്ഥികൾക്കുള്ള പഠന സഹായം</u>**

906 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ എം മുകേഷ്**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിന്നാക്കവിഭാഗ വിദ്യാർത്ഥികൾക്കുള്ള വിദേശപഠന സഹായം എത്ര കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും ഇവർക്ക് എത്ര തുകയാണ് സ്കോളർഷിപ്പായി നൽകി വരുന്നതെന്നും വ്യക്തമാക്കാമോ;

(ബി) പട്ടികജാതി വിദ്യാർത്ഥികളുടെ 2024-25 വർഷത്തെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് വിതരണം പൂർത്തിയായിട്ടുണ്ടോയെന്നും എത്ര തുകയാണ് സ്കോളർഷിപ്പായി ഇവർക്ക് നൽകി വരുന്നതെന്നും വിശദമാക്കാമോ;

(സി) പട്ടികജാതി- പിന്നാക്ക വിഭാഗ വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യത്തിനായി വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജ്, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയവയിൽ മെച്ചപ്പെട്ട സൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ്

907 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാഭ്യാസ സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ കുടുംബ വാർഷിക വരുമാനത്തിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ;

(ബി) ഇത് മൂലം നിലവിലെ സർക്കാരിന് അധിക ബാധ്യത ഉണ്ടായിട്ടുണ്ടോ;

(സി) എത്ര വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സ്കോളർഷിപ്പ്

908 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ 1,151 വിദ്യാർത്ഥികൾക്ക് നഷ്ടമായത് കേന്ദ്ര സർക്കാരിന്റെ ഏത് സ്കോളർഷിപ്പാണെന്ന് വ്യക്തമാക്കാമോ;

(ബി) നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് (എൻ.എം.എം.എസ്.എസ്.) ലഭിക്കാൻ വിദ്യാർത്ഥികൾ പാലിക്കേണ്ട രണ്ട് പ്രധാന നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഇ-ഗ്രാന്റ് സ്കോളർഷിപ്പും കേന്ദ്ര സ്കോളർഷിപ്പും തമ്മിൽ പ്രധാന വ്യത്യാസം എന്താണെന്ന് വിശദമാക്കാമോ;

(ഡി) എൻ.എം.എം.എസ്.എസ്. സ്കോളർഷിപ്പ് പ്രകാരം ഒൻപതാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് പ്രതിവർഷം ലഭിക്കുന്ന തുക എത്രയാണെന്ന് വിശദമാക്കാമോ;

(ഇ) ഇ-ഗ്രാന്റ് കൈപ്പറ്റിയ വിദ്യാർത്ഥികൾ തുക തിരിച്ചു നൽകിയാൽ ഭാവിയിൽ കേന്ദ്ര സ്കോളർഷിപ്പ് വീണ്ടും ലഭ്യമാകുമോ എന്ന് വ്യക്തമാക്കാമോ?

## പ്രീഎക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ

909 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ (പിഇറ്റിസി) ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പിഇറ്റിസി-യിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ വിശദമാക്കാമോ;

(സി) പിഇറ്റിസി ഇല്ലാത്ത ജില്ലകളിൽ അതു സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) എങ്കിൽ ഭാഷാ ന്യൂനപക്ഷങ്ങൾ അധിവസിക്കുന്ന കാസർകോട് പോലെയുള്ള ജില്ലകൾക്ക് മുൻഗണന നൽകുമോ;

(ഇ) ഒരു പിഇറ്റിസി സ്ഥാപിക്കാനാവശ്യമായ ചെലവ് എത്രയാണെന്നും സജ്ജമാക്കേണ്ട സംവിധാനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

## പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണം

910 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബജറ്റിൽ അനുവദിച്ചിട്ടുള്ള അഴീക്കോട് മണ്ഡലത്തിലെ പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതിക്ക് വേണ്ടി പ്രൊപ്പോസൽ സമർപ്പിച്ചിട്ടും തുടർനടപടി സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി അറിയിക്കാമോ;

(സി) പദ്ധതി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

## എംപവർ സൊസൈറ്റിയുടെ പ്രവർത്തനം

911 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീ-യുവാക്കളെ ഒരേ സമയം സംരംഭകരും തൊഴിൽ ദാതാക്കളുമാക്കുന്നതിന് ആരംഭിച്ച എംപവർ സൊസൈറ്റിയുടെ നാളിതുവരെയുള്ള പ്രവർത്തനം വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർ തൊഴിൽ സംരംഭകരായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തൊഴിൽ സംരംഭകരിൽ എത്ര പേർ തൊഴിൽ ദാതാക്കളായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം കൂടുതൽ പേർക്ക് തൊഴിൽ ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായവർ

912 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ വൈമാനിക മേഖലകൾ അടക്കമുള്ള പുതുതലമുറ തൊഴിൽ മേഖലകളിലേക്ക് എത്തുവാൻ സഹായിക്കുന്ന തരത്തിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

## സംരംഭകത്വ പദ്ധതിയുമായി ബന്ധപ്പെട്ട് തൊഴിൽ ഉറപ്പുവരുത്തൽ

913 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീമതി ഒ എസ് അംബിക**

**ശ്രീ. പി.പി. സുമോദ്**

**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സംരംഭകത്വ പദ്ധതികളിലൂടെ തൊഴിൽ ഉറപ്പുവരുത്തുന്നതിന് പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകൾക്ക് കീഴിലുള്ള നാല് കോർപ്പറേഷനുകൾ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്; പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ;

(സി) ഈ കാലയളവിൽ പ്രസ്തുത പദ്ധതികളിലൂടെ എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

## <u>ഉന്നത വിദ്യാഭ്യാസം നേടിയ തൊഴിൽരഹിതരായ പട്ടികവിഭാഗക്കാർ</u>

914 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

**ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ ഉന്നത വിദ്യാഭ്യാസം നേടിയ പട്ടിക വിഭാഗത്തിൽപ്പെട്ടവരുടെ ഇടയിൽ തൊഴിൽരഹിതരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇവർക്ക് സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും തൊഴിൽ നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) പട്ടിക വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## <u>നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള വരുമാന പരിധി വർദ്ധിപ്പിക്കാൻ നടപടി</u>

915 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സംവരണാനുകൂല്യങ്ങൾ ലഭിക്കുന്നതിനായുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് സർക്കാർ 09.04.2018-ലെ 3/2018 നമ്പർ ഉത്തരവിലൂടെ നിശ്ചയിച്ച 8 ലക്ഷം രൂപയെന്ന വരുമാന പരിധി വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോ; വ്യക്തമാക്കാമോ;

(ബി) 09.04.2018-ന് ശേഷം ഏഴ് വർഷം കൊണ്ടുണ്ടായിട്ടുള്ള പണപ്പെരുപ്പവും ജീവിത ചെലവിലെ വർദ്ധനവും തൊഴിൽ മേഖലയിലെ ശമ്പള വർദ്ധനവും കണക്കിലെടുത്ത് നോൺ ക്രീമിലെയർ വരുമാന പരിധി 10 ലക്ഷം രൂപയായിട്ടെങ്കിലും വർദ്ധിപ്പിക്കുന്നത് പരിഗണിക്കുമോ; വിശദമാക്കാമോ?

## <u>കോർപ്പസ് ഫണ്ട് ഉപയോഗിച്ച മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികൾ</u>

916 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കോർപ്പസ് ഫണ്ട് അനുവദിച്ച മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികൾ എന്തെല്ലാമെന്നും അവയുടെ തൽസ്ഥിതി വിവരവും വിശദമാക്കുമോ?

## കായംകുളം മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് വിനിയോഗം

917 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്നും പ്രവൃത്തികളുടെ പുരോഗതി എന്തൊക്കെയാണെന്നും വിശദമാക്കാമോ?

## കാട്ടാക്കട മണ്ഡലത്തിലെ നേമം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള വിവിധ പദ്ധതികൾ

918 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കാട്ടാക്കട മണ്ഡലത്തിലെ നേമം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള കിളിക്കോട്ട്കോണം-മാറനല്ലൂർ പഞ്ചായത്ത്, കവലോട്ട്കോണം-വിളവൂർക്കൽ പഞ്ചായത്ത്, മുതുവല്ലൂർ പറയൻകോണം-പള്ളിച്ചൽ പഞ്ചായത്ത്, കൊങ്ങപള്ളി-വിളപ്പിൽ പഞ്ചായത്ത് എന്നിവയിലെ പ്രവൃത്തികളുടെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള സമയപരിധി വ്യക്തമാക്കാമോ?

## പട്ടികവർഗ വകുപ്പിലെ ആഭ്യന്തര ഓഡിറ്റ്

919 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ വകുപ്പിലെ ആഭ്യന്തര ഓഡിറ്റ് വിഭാഗം ഈ വർഷം നാളിതുവരെ എത്ര അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളിലെ റിപ്പോർട്ടുകളാണ് സമർപ്പിച്ചത് എന്ന് അറിയിക്കുമോ;

(സി) അതിൽ ഏതെല്ലാം റിപ്പോർട്ടുകളിലാണ് ക്രമക്കേട് കണ്ടെത്തിയത്; റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## ദുരിതാശ്വാസനിധിയിൽ (ഡി.ആർ.എഫ്) നിന്ന് ധനസഹായം

920 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ (ഡി.ആർ.എഫ്) നിന്ന് വാമനപുരം

മണ്ഡലത്തിലുൾപ്പെടുന്ന 9 പഞ്ചായത്തുകളിലായി നാളിതുവരെ ധനസഹായം ലഭിച്ചവരുടെ എണ്ണം, ലഭിച്ച തുക എന്നിവ പഞ്ചായത്ത് തിരിച്ച് നൽകാമോ;

(ബി) അപേക്ഷകളിൽ ഇനി തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് നൽകാമോ?

## കരുനാഗപ്പള്ളി മണ്ഡലത്തിലെ പദ്ധതികൾ

921 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിന് കീഴിൽ കരുനാഗപ്പള്ളി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പദ്ധതികളുടെ പ്രവൃത്തികൾ, മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് പ്രവൃത്തി ആരംഭിച്ചതുമായ പദ്ധതികൾ എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

## പട്ടികവർഗ്ഗ വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

922 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിൽ പട്ടികജാതിയിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് പഠനമുറി

923 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഗുരുവായൂർ മണ്ഡലത്തിൽ പട്ടികജാതിയിൽ ഉൾപ്പെട്ട എത്ര കുടുംബങ്ങൾക്ക് പഠനമുറി അനുവദിച്ചു നല്കിയിട്ടുണ്ടെന്ന് തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ തരം തിരിച്ച് ലഭ്യമാക്കാമോ?

## അംബേദ്കർ ഗ്രാമം പദ്ധതി

924 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ ഏതൊക്കെ പട്ടികജാതി നഗറുകളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതെന്നും ഒരോ നഗറിനും എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നുമുള്ള പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം നൽകാമോ;

(ബി) പ്രസ്തുത നഗറുകളുടെ നവീകരണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

## അംബേദ്കർ ഗ്രാമം പദ്ധതി

925 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) 2016 മുതൽ നാളിതുവരെ നാദാപുരം മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് അംബേദ്കർ ഗ്രാമം പദ്ധതി അനുവദിച്ചതെന്നും ഒരോ പദ്ധതിയ്ക്കുമായി എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) മണ്ഡലത്തിൽ നാളിതുവരെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ ഓരോ ഉന്നതിയിലും എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന വിശദാംശങ്ങൾ നൽകാമോ;

(ഡി) കാവിലുംപാറ ഗ്രാമ പഞ്ചായത്തിലെ ഓടോം കാട്, വലിയപറമ്പ് എന്നീ പട്ടികവർഗ്ഗ ഉന്നതികൾക്ക് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം അനുവദിച്ച പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ വികസന പ്രവർത്തനങ്ങൾ

926 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ വിവിധ പദ്ധതി പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് 2021 മുതൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക, ഭരണാനുമതി നൽകിയ തീയതി എന്നിവ വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പു മന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതി

927 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പു മന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതി പ്രകാരം 2021 മുതൽ സംസ്ഥാനത്തെ എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ഇത്തരം ധനസഹായം എത്ര പേർക്ക് അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികൾ

928 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഗോത്രസംസ്കാരത്തിന്റേയും കലകളുടേയും ഗോത്ര ഭാഷകളുടേയും സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഗോത്രഭാഷകളുടെ ശരിയായ ഉച്ചാരണവും സംവേദന രീതികളും മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ ഓഡിയോ/വീഡിയോ ഡോക്യുമെന്റേഷൻ നടത്തിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

## അരൂർ മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമ വികസന പദ്ധതി

929 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അരൂർ മണ്ഡലത്തിൽ അംബേദ്ക്കർ ഗ്രാമ വികസന പദ്ധതി പ്രകാരം അനുവദിച്ച നഗറുകൾ ഏതെല്ലാമാണെന്നും ആയതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

## അച്ചൻകോവിൽ കുടുംബാരോഗ്യ കേന്ദ്രം

930 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ജാതി, പട്ടിക വർഗക്കാരായ ആളുകൾ തിങ്ങി പാർക്കുന്നതും പൂർണമായും വനത്തിനുള്ളിൽ ഉൾപ്പെട്ടതുമായ അച്ചൻകോവിൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഉച്ചയ്ക്കുശേഷം ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതിന് പട്ടികജാതി പട്ടികവർഗ ക്ഷേമ വകുപ്പ് ആരോഗ്യവകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയും എന്ന് വിശദമാക്കാമോ?

## ചാലക്കുടി മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി

931 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ചാലക്കുടി മണ്ഡലത്തിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഉന്നതികൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത ഉന്നതികളിലെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(സി) പൂർത്തിയാകാത്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## പാട്യം ഗ്രാമ പഞ്ചായത്തിലെ ഇളമാങ്കൽ ഉന്നതി

932 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ പാട്യം ഗ്രാമ പഞ്ചായത്തിലെ ഇളമാങ്കൽ ഉന്നതിയിൽ കാട്ടാനകൾ കാർഷിക വിളകൾ നശിപ്പിക്കുന്നതിന് പുറമെ ജീവനും ഭീഷണിയാവുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അടിയന്തര ഘട്ടങ്ങളിൽ ഉന്നതിയിൽ നിന്നും പുറത്തേക്ക് പോകുന്നതിന് മുണ്ടയോട് കടവ് ഉന്നതി മുതൽ ഇളമാങ്കൽ ഉന്നതി വരെ രണ്ട് കിലോമീറ്റർ ദൂരമുള്ള ദുർഘടമായ പാത കോൺക്രീറ്റ് ചെയ്ത് ഗതാഗത യോഗ്യമാക്കാൻ ആവശ്യമായ ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

## പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾ മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

933 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾ മുഖേന വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇക്കാലയളവിൽ വടകര നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾ മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തികരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇവ ഓരോന്നിനുമായി നീക്കി വച്ചിട്ടുള്ള തുകകൾ എത്ര വീതമാണെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇതിൽ കേന്ദ്ര സർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണ്; ഇവ ഓരോന്നിനും നീക്കി വച്ചിട്ടുള്ള കേന്ദ്ര-സംസ്ഥാന-തദ്ദേശ സ്ഥാപന വിഹിതങ്ങൾ എത്ര വീതമാണ്;

(ഇ) ഇക്കാലയളവിൽ വടകര നിയോജക മണ്ഡലത്തിനായി വകുപ്പുകൾ മുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണ്; വർഷവും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## പീച്ചാംകോട് അതിദുർബല ഗ്രാമം സമഗ്ര വികസന പദ്ധതി

934 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിലെ പീച്ചാംകോട് അതിദുർബല ഗ്രാമം സമഗ്ര വികസന പദ്ധതിയുടെ പ്രവർത്തന പുരോഗതി ഏത് ഘട്ടത്തിലാണ്; എന്ന് പൂർത്തീകരിക്കുവാൻ കഴിയും; വ്യക്തമാക്കാമോ?

## കാവശ്ശേരി കെൽപാം മോഡേൺ റൈസ്മിൽ പദ്ധതി

935 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന് കീഴിൽ ആരംഭിച്ച കാവശ്ശേരി കെൽപാം മോഡേൺ റൈസ്മിൽ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**മലപ്പുറം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

936 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന അംബേദ്കർ സ്വാശ്രയ ഗ്രാമ പദ്ധതി വഴിയുള്ള നഗർ നവീകരണ പ്രവർത്തികളുടെ പുരോഗതികൾ വെളുപ്പെടുത്താമോ;

(ബി) മൊറയൂർ പഞ്ചായത്തിലെ മലയത്തൊടി നഗറിലെ നവീകരണ പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; നിർമാണം എന്ന് തുടങ്ങാനാകുമെന്ന് വ്യക്തമാക്കാമോ;

(സി) മലപ്പുറം മുനിസിപ്പാലിറ്റിയിലെ ചെറുപറമ്പ് അംബേദ്കർ ഗ്രാമം പദ്ധതിയുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**ലൈവിലിഹുഡ് മിഷൻ ഫോർ ട്രൈബൽ സെറ്റിൽമെന്റ്**

937 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. എം.വിജിൻ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈവിലിഹുഡ് മിഷൻ ഫോർ ട്രൈബൽ സെറ്റിൽമെന്റിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാക്കേജ് നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി എത്ര തുക ഈ വർഷം വകയിരുത്തിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ അക്കാദമിക നിലവാരവും വിജയ ശതമാനവും മെച്ചപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ പട്ടികജാതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

938 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ മുന്നേറ്റം</u>**

939 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് സർക്കാർ സർവ്വീസിൽ ഉൾപ്പെടെ ജോലി ലഭിക്കുന്നതിനുള്ള വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിന് വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി വകുപ്പ് ഏതെങ്കിലും സ്വയംതൊഴിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ?

**<u>കയ്പമംഗലം മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ</u>**

940 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലം മുതൽ ഇതുവരെ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമായ റിപ്പോർട്ട് നൽകാമോ?

**<u>മട്ടന്നൂർ നിയോജക മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി</u>**

941 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിവരുന്ന അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ നിലവിലെ അവസ്ഥയെക്കുറിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) മണ്ഡലത്തിലെ ഏതെങ്കിലും പട്ടികജാതി ഉന്നതികളെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>2024-25 കാലയളവിൽ ദേശീയ പട്ടികജാതി കമ്മീഷൻ അംഗങ്ങളുടെ കേരള സന്ദർശനം</u>**

942 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 കാലയളവിൽ ദേശീയ പട്ടികജാതി കമ്മീഷൻ അംഗങ്ങൾ എത്ര തവണ കേരളത്തിൽ സന്ദർശനം നടത്തിയെന്ന് വിശദമാക്കാമോ;

(ബി) ദേശീയ പട്ടികജാതി കമ്മീഷൻ അംഗങ്ങൾ നടത്തിയ യോഗങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത അംഗങ്ങളുടെ സന്ദർശനം സംബന്ധിച്ച് സർക്കാരിന് ഉണ്ടായ ചെലവുകളുടെ കണക്കുകൾ ലഭ്യമാക്കുമോ; ;

(ഡി) കമ്മീഷൻ സന്ദർശനം സമുദായ നേതാക്കളെ അറിയിക്കാത്തത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ഇ) കമ്മീഷൻ അംഗങ്ങളുടെ കേരള സന്ദർശനം സംബന്ധിച്ച് മീഡിയകളിൽ വാർത്ത നൽകാറുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളുടെ കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ

943 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളുടെ കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ അവസ്ഥ വിശദമാക്കാമോ?

## വണ്ടൂർ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

944 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസം മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

## പട്ടികജാതി വികസന വകുപ്പിന്റെ വിവിധ ധനസഹായ പദ്ധതികൾ

945 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, വിദേശ തൊഴിൽ ധനസഹായം എന്നിവയിൽ എത്ര അപേക്ഷകൾ ഇനിയും തീർപ്പാക്കാൻ ഉണ്ട്; ഇതിലേക്ക് ഓരോന്നിനും എത്ര തുക ആവശ്യമുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, വിദേശ തൊഴിൽ ധനസഹായം എന്നിവ ബ്ലോക്ക് പഞ്ചായത്തിന്റെ എസ്.സി.എസ്.ടി. പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹണം നടത്തുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇല്ലെങ്കിൽ 2025-26 സാമ്പത്തിക വർഷം മുതൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## ജാതി സർവേ നടത്താൻ നടപടി

946 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പിന്നാക്ക സമുദായങ്ങളുടെ സംവരണ പട്ടിക പരിഷ്കരിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പട്ടിക പുതുക്കുന്നതിന്റെ ഭാഗമായി ജാതി സർവേ നടത്താൻ പിന്നാക്ക കമ്മീഷനോട് നിർദേശിച്ചിരുന്നോ; വ്യക്തമാക്കാമോ;

(സി) സർവേ നടത്തുന്നതിന് മുൻപ് പിന്നാക്ക സമുദായ സംഘടനകളുമായി ചർച്ച നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

## <u>പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് വഴി അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

947 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് വഴി അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ, അനുവദിച്ച തുക എന്നിവ പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ?

## <u>പ്ലാൻ ഫണ്ടിൽ ഗണ്യമായ വെട്ടിക്കുറവ്</u>

948 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ഗണ്യമായ വെട്ടിക്കുറവ് വരുത്തിയ സാഹചര്യത്തിൽ, എസ് .സി. വിഭാഗത്തിന് 10% വും എസ്. ടി. വിഭാഗത്തിന് രണ്ട് ശതമാനവും പദ്ധതി വിഹിതം നീക്കിവെക്കണമെന്ന ഭരണഘടനപരമായ ഉത്തരവാദിത്തം നിറവേറ്റുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം എസ്. സി. വിഭാഗത്തിനായി ചെലവഴിച്ച പ്ലാൻ ഫണ്ടിന്റെയും എസ്. ടി. വിഭാഗത്തിനായി ചെലവഴിച്ച പ്ലാൻ ഫണ്ടിന്റെയും തുകകൾ ആകെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം ആയിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം നാളിതുവരെ എസ്. സി. വിഭാഗത്തിനായി ചെലവഴിച്ച പ്ലാൻ ഫണ്ടിന്റെയും എസ്. ടി. വിഭാഗത്തിനായി ചെലവഴിച്ച പ്ലാൻ ഫണ്ടിന്റെയും തുകകൾ ആകെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം ആണെന്നും വ്യക്തമാക്കുമോ?

## <u>വണ്ടൂർ മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ</u>

949 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസം മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ വിശദവിവരം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

## പട്ടികജാതി വിഭാഗങ്ങൾക്ക് ചികിത്സാ സഹായം

950 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട അർഹരായ അപേക്ഷകർക്ക് ചികിത്സാ സഹായം അനുവദിക്കുന്നത് ഓൺലൈൻ സംവിധാനത്തിൻ കീഴിൽ ആക്കുന്നതിനും ചികിത്സാ സഹായം ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## പട്ടികവർഗ്ഗ വിഭാഗത്തിലെ ഗർഭിണികളുടെയും ഗർഭസ്ഥ ശിശുക്കളുടെയും ആരോഗ്യ സുരക്ഷ

951 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലെ ഗർഭിണികളുടെയും ഗർഭസ്ഥ ശിശുക്കളുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നൂതന പ്രവർത്തനങ്ങളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിലെ നവജാത ശിശുക്കളുടെയും അമ്മമാരുടെയും ആരോഗ്യ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉപജീവനം മെച്ചപ്പെടുത്താനായി പട്ടികവർഗ്ഗക്ഷേമ വകുപ്പ് നടപ്പാക്കുന്ന 'ട്രൈബൽ പ്ലസ്' പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനായുള്ള വികസന പദ്ധതികൾ

952 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നെന്മാറ നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ ഉന്നമനത്തിനായി എന്തെല്ലാം പ്രധാന വികസന പദ്ധതികളാണ് അനുവദിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതികളിൽ എത്രയെണ്ണം പൂർത്തീകരിച്ചുവെന്നും ഇനി പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതികൾ എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

## പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനം ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതികൾ

953 **ശ്രീമതി സി. കെ. ആശ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ വി ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതികളും സ്ഥാപനങ്ങളും ഏതെല്ലാമാണ്; അവയുടെ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ നൽകിയിട്ടുള്ള പ്രാധാന്യം വിശദീകരിക്കുമോ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നത വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമിട്ട് വകുപ്പിന്റെ നിയന്ത്രണത്തിൽ നടത്തുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ സർവകലാശാലകളിൽ പഠിക്കുന്നതിനുവേണ്ടി നൽകിയ സഹായങ്ങൾ സംബന്ധിച്ച് വിശദീകരിക്കുമോ;

(ഡി) മികച്ച കരിയർ സാധ്യതയുള്ള പൈലറ്റ് ട്രെയിനിംഗ്, ഏവിയേഷൻ തുടങ്ങിയ കോഴ്സുകളിലേക്ക് പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അവസരം നൽകുന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>നൈപുണ്യ പരിശീലനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ</u>

954 **ശ്രീമതി യു പ്രതിഭ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൈപുണ്യ പരിശീലനവുമായി ബന്ധപ്പെട്ട് പട്ടികജാതി-പട്ടിക വർഗ്ഗ വകുപ്പ് നാളിതുവരെ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ; വിശദവിവരം നൽകാമോ;

(ബി) ഇതുവരെ എത്ര പേർക്ക് നൈപുണ്യ പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതിലൂടെ എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദവിവരം നൽകാമോ?

## <u>പട്ടാമ്പി മണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പ് പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് പദ്ധതികൾ</u>

955 **ശ്രീ . മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെയും മുൻ സർക്കാരിന്റെയും കാലയളവിൽ പട്ടാമ്പി നിയോജക മണ്ഡലത്തിൽ, ആസ്തി വികസന ഫണ്ടിലോ പ്രാദേശിക വികസന ഫണ്ടിലോ ഉൾപ്പെടാത്ത ഏതെല്ലാം പദ്ധതികളാണ് പട്ടിക ജാതി, പട്ടിക വർഗ്ഗ വകുപ്പ്, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മുഖാന്തരം പട്ടാമ്പി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) പദ്ധതിയുടെ വിശദവിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവ്വഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനം

956 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ എസ്.സി. നഗറുകളിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേനയും എസ്.സി. എസ്.ടി. വകുപ്പ് മുഖേനയും നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള സേഫ് പദ്ധതി

957 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് വാമനപുരം മണ്ഡലത്തിൽ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള 'സേഫ്' പദ്ധതി പ്രകാരം എത്ര വീടുകൾക്ക് മെയിന്റനൻസിനായി തുക അനുവദിച്ചിട്ടുണ്ട്; ഓരോ പഞ്ചായത്തിലും ഓരോ വിഭാഗത്തിനായി എത്ര തുക വീതം ചെലവഴിച്ചുവെന്ന് വിശദമാക്കാമോ?

## അരുവിക്കര മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

958 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി വകുപ്പ് മുഖേനയും പട്ടികവർഗ്ഗ വകുപ്പ് മുഖേനയും അരുവിക്കര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളും അവയുടെ ഫണ്ട് വിവരങ്ങളും തൽസ്ഥിതിയും ഇനം തിരിച്ച് അറിയിക്കുമോ?

## അംബേദ്കർ ഗ്രാമം പദ്ധതി

959 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) ടി പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾക്ക് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ടി പദ്ധതികൾ സമയബന്ധിതമായി

പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ;

(സി) പാലാ നിയോജക മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കായംകുളം മണ്ഡലത്തിലെ ചികിത്സാധനസഹായം

960 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പട്ടികജാതിക്ഷേമവകുപ്പ് വഴി എത്ര പേർക്ക് ചികിത്സാധനസഹായം അനുവദിച്ചിട്ടുണ്ട് ; ആകെ എത്ര രൂപയാണ് ധനസഹായമായി അനുവദിച്ചത്; വിശദമാക്കാമോ?

## അമ്പലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് വഴി നടപ്പാക്കിയ പദ്ധതികൾ

961 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന 2021 മുതൽ നാളിതുവരെ അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ?

## ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

962 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഇരിക്കൂർ മണ്ഡലത്തിലെ പദ്ധതികൾ

963 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇരിക്കൂർ മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പിന്റെയും പിന്നാക്ക ക്ഷേമ വകുപ്പിന്റെയും ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് പ്രവൃത്തി ആരംഭിച്ചതുമായ പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

## ഏറനാട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

964 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര നഗറുകൾക്ക് ധനസഹായം നല്കിയിട്ടുണ്ട്; നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിശദാംശം നൽകാമോ;

(ബി) ഏറനാട് മണ്ഡലത്തിൽ എത്ര പട്ടികജാതി, പട്ടികവർഗ്ഗ നഗറുകളാണുള്ളതെന്നും അവ ഏതെല്ലാമാണെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താൻ സാഹചര്യം ഉള്ളതും ഇല്ലാത്തതുമായ നഗറുകളുടെ വിശദാംശം നൽകാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിൽ ഈ പദ്ധതി പ്രകാരം നവീകരിച്ച പട്ടികജാതി, പട്ടികവർഗ്ഗ നഗറുകളുടെ വിശദാംശം ലഭ്യമാക്കുമോ; ഏത് ഏജൻസി മുഖേനയാണ് പ്രവൃത്തികൾ ചെയ്തു വരുന്നതെന്നും പ്രവൃത്തികളുടെ പുരോഗതിയും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതി പ്രകാരം ഏറനാട് മണ്ഡലത്തിൽ പുതുതായി നവീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ള പട്ടികജാതി, പട്ടികവർഗ്ഗ നഗറുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമപദ്ധതികൾ

965 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികൾ ലക്ഷ്യം നേടിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ ഒരോ പദ്ധതിയുടെയും നിലവിലെ അവസ്ഥ അറിയിക്കാമോ;

(സി) പദ്ധതിയേതര വിഹിതത്തിൽ പകുതിപോലും ചെലവിടാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## തരൂർ മണ്ഡലത്തിലെ കൊളക്കോട് അംബേദ്കർ ഗ്രാമവികസന പദ്ധതി

966 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കൊളക്കോട് അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## അതിദാരിദ്ര്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട് പട്ടികജാതി, പട്ടിക വർഗ്ഗവകുപ്പ് കൈവരിച്ച നേട്ടങ്ങൾ

967 **ശ്രീ വി ജോയി**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിദാരിദ്ര്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട് വകുപ്പ് കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) അതിദരിദ്രരായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ ഭവനരഹിതർക്കും വീട് നൽകുന്നതിനുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരെ ഏതെല്ലാം ജില്ലകളിൽ അതിദാരിദ്ര്യ മുക്തരാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## എസ്. ടി. വിഭാഗങ്ങൾക്ക് ഭവന നിർമ്മാണം

968 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വീടില്ലാത്ത എസ്. ടി. വിഭാഗത്തിൽപ്പെട്ടവർക്ക് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനായി ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുക എത്രയാണ്; ചെലവഴിച്ച തുക എത്രയാണ്; വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സാമൂഹിക നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള വാൽസല്യനിധി പദ്ധതിക്ക് കഴിഞ്ഞ സാമ്പത്തിക വർഷം വകയിരുത്തിയ തുക എത്രയാണ്; ചെലവഴിച്ച തുക എത്രയാണ്; ഈ സാമ്പത്തിക വർഷം വകയിരുത്തിയ തുക എത്രയാണ്; നാളിതുവരെ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ?

## കോവളം മണ്ഡലത്തിലെ പദ്ധതികൾ

969 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോവളം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ പ്രവൃത്തികളും മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് പ്രവൃത്തി ആരംഭിച്ചതുമായ പദ്ധതികളുടെ വിവരങ്ങളും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾ

970 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ നീക്കിവെച്ച തുക എത്രയാണ്; ചെലവഴിച്ച തുക എത്രയാണ്; വിശദാംശങ്ങൾ ഇനം തിരിച്ച വ്യക്തമാക്കുമോ ;

(ബി) നടപ്പ് സാമ്പത്തിക വർഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ നീക്കിവെച്ച തുക എത്രയാണ്; നാളിതുവരെ ചെലവഴിച്ച തുക എത്രയാണ്; വിശദാംശങ്ങൾ ഇനം തിരിച്ച വ്യക്തമാക്കുമോ ?

## കാസർകോട് ജില്ലയിൽ പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് വേണ്ടി ചെയ്ത പ്രവൃത്തികൾ

971 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ കഴിഞ്ഞ 14 വർഷം പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് വേണ്ടി ചെയ്ത പ്രവൃത്തികൾ എന്തൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് കഴിഞ്ഞ 14 വർഷം ജില്ലയിൽ പ്രഖ്യാപിച്ചതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; പ്രഖ്യാപിച്ച പദ്ധതികളിൽ പൂർത്തീകരിക്കേണ്ടതും പൂർത്തീകരിച്ചതുമായ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണെന്നും ഏറ്റെടുത്ത കരാറുകാർ ആരാണെന്നും ചെയ്ത പ്രവൃത്തിക്ക് അനുവദിച്ച തുകയിൽ കുടിശ്ശിക ഉണ്ടോയെന്നും വ്യക്തമാക്കാമോ?

## അച്ചൻകോവിൽ ആവണിപ്പാറ ഗിരിവർഗ കോളനിയിലെ കുട്ടികളുടെ സ്കൂൾ യാത്ര

972 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ അച്ചൻകോവിൽ ഗവ.വി.എച്ച്.എസ്.എസ്., ചെമ്പനരുവി എൽ.പി.എസ്. എന്നിവിടങ്ങളിൽ പഠിക്കുന്ന അച്ചൻകോവിൽ ആവണിപ്പാറ ഗിരിവർഗ കോളനിയിലെ കുട്ടികൾക്ക് അച്ചൻകോവിലാർ മുറിച്ചു കടന്നു സ്കൂളിൽ എത്തുന്നതിന് പട്ടികവർഗ്ഗ വകുപ്പ് എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് അച്ചൻകോവിലാറിന് കുറുകെ പാലം നിർമിക്കുന്നതിന് വേണ്ടി സ്വീകരിച്ചിരുന്ന നടപടികളുടെ നിലവിലെ പുരോഗതി അറിയിക്കുമോ?

## ഗുരുവായൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

973 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ ഗുരുവായൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ഉന്നതികൾ ഏതൊക്കെയെന്നും

അവയുടെ പ്രവർത്തന പുരോഗതികൾ എന്തെല്ലാമെന്നും അറിയിക്കുമോ?

## കായംകുളം മണ്ഡലത്തിലെ പട്ടികജാതി ക്ഷേമ വകുപ്പിന്റെ വിവിധ പദ്ധതികൾ

974 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പട്ടികജാതി ക്ഷേമവകുപ്പ് വഴി നടപ്പാക്കിയ വിവിധ പദ്ധതികൾ എന്തൊക്കെ; ഇതിനായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## ഒ. ഇ. സി. സർട്ടിഫിക്കറ്റ്

975 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സാമൂഹികമായും സാമ്പത്തികമായും വളരെ പിന്നോക്കം നിൽക്കുന്നതും പരമ്പരാഗത കുലത്തൊഴിലായ മൺപാത്രനിർമ്മാണത്തിൽ ഏർപ്പെടുന്നവരുമായ കുശവ സമുദായം ഒ. ഇ. സി. വിഭാഗത്തിലാണോ ഉൾപ്പെട്ടിട്ടുള്ളതെന്നും ഈ വിഭാഗത്തിന് ഒ. ഇ. സി. ആനുകൂല്യം നിലവിൽ ലഭിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; ഇവരുടെ സർട്ടിഫിക്കറ്റിൽ കുലാല, കുലാൻ, ആന്ത്രർ നായർ എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചില വില്ലേജ് ഓഫീസർമാർ കുലാല വിഭാഗത്തിൽപ്പെട്ടവർക്ക് ഒ. ഇ. സി. സർട്ടിഫിക്കറ്റ് നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുലാല വിഭാഗക്കാർക്ക് ഒ. ഇ. സി. സർട്ടിഫിക്കറ്റ് നൽകുവാനുള്ള നിർദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

## തേക്ക് തടി മോഷണം

976 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൊക്കനയിൽ വനംവകുപ്പിന്റെ തേക്ക് തോട്ടങ്ങളിൽ നിന്നും വൻതോതിൽ തേക്ക് തടികൾ കടത്തിക്കൊണ്ടു പോയത് സംബന്ധിച്ച പരാതി ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ വനം വകുപ്പ് നടത്തിയ അന്വേഷണത്തിന്റെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചു എന്നും വിശദമാക്കുമോ; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ചന്ദനമരങ്ങൾ അടക്കം വളരുന്ന വനമേഖലയായിട്ടും വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഇല്ലാതെ മരം മുറിക്കുവാൻ അനുമതി നൽകിയത് ഏത് സാഹചര്യത്തിലാണെന്നും ഇക്കാര്യത്തിൽ കുറ്റക്കാരായവർക്കെതിരെ എന്തൊക്കെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

## വന്യജീവി ആക്രമണങ്ങളുടെ കണക്ക്

977 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വന്യജീവി ആക്രമണങ്ങൾ തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ഓരോ സാമ്പത്തിക വർഷവും ബജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ സംസ്ഥാനത്ത് എത്ര വന്യജീവി ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്രപേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്; എത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്; എത്രപേർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്; എത്രപേർക്ക് നഷ്ടപരിഹാരം അനുവദിക്കാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

## <u>വൈദ്യുതി ലൈനുകൾക്ക് ഭീഷണിയായ മരങ്ങൾ മുറിച്ച് മാറ്റാൻ നടപടി</u>

978 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിലെ കെ.എസ്.ഇ.ബി.യുടെ വൈദ്യുതി ലൈനുകൾക്ക് ഭീഷണിയായ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് സമർപ്പിച്ച അപേക്ഷയിൽ വനം വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

## <u>ആദിവാസികൾക്ക് നേരെയുള്ള വന്യജീവി ആക്രമണം</u>

979 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന വിഭവങ്ങളും മറ്റും ശേഖരിക്കുവാനും കൃഷി ആവശ്യങ്ങൾക്കുമായി വനത്തെ ആശ്രയിക്കുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് നേരെ വന്യജീവി ആക്രമണം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) 2016 മുതൽ നാളിതുവരെ വന്യജീവി ആക്രമണം മൂലം മരണപ്പെട്ട ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെയും ഗുരുതരമായി പരിക്കേറ്റവരുടെയും കണക്ക് ലഭ്യമാക്കാമോ;

(സി) വന്യജീവി ആക്രമണം മൂലം മരണപ്പെടുകയും പരിക്കേൽക്കുകയും ചെയ്ത ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ ആശ്രിതർക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭാഗത്ത് നിന്നും എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## <u>റിസർവ് വനമാക്കി മാറ്റിയ ഭൂമി</u>

980 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിലെ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് പുതിയതായി റിസർവ് വനമാക്കി മാറ്റിയ ഭൂമിയുടെ വിസ്തൃതി ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) സി എച്ച് ആർ മേഖല മുഴുവൻ വനമായാണോ സംസ്ഥാന സർക്കാർ പരിഗണിക്കുന്നതെന്നും ഇതിന് ആസ്പദമാക്കിയ നിയമവ്യവസ്ഥകൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

**<u>കാട്ടുമൃഗങ്ങളുടെ ആക്രമണം മൂലമുള്ള അപകടങ്ങൾക്ക് നഷ്ടപരിഹാരം</u>**

981 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടിനു പുറത്തുവച്ചുണ്ടാകുന്ന കാട്ടുപന്നി, ആന, പാമ്പ് തുടങ്ങിയ ജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന അപകടങ്ങൾക്കുള്ള നഷ്ടപരിഹാര ലഭ്യതയ്ക്ക് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

**<u>മുട്ടിൽ മരം മുറി</u>**

982 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരംമുറിക്കേസിൽ മുറിച്ചുമാറ്റിയ മരങ്ങളുടെ വിശദാംശങ്ങളും ഓരോന്നിന്റെ ശരാശരി വിലയും വ്യക്തമാക്കാമോ; ഈ സംഭവത്തിൽ ഉണ്ടായ നഷ്ടം എത്രയാണ്; പിടിച്ചെടുത്ത മരങ്ങളുടെ അളവും അതിന്റെ മൂല്യവും ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) മുട്ടിൽ മരംമുറിക്കേസുമായി ബന്ധപ്പെട്ട് വനംവകുപ്പ് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>നരിക്കോട്, ചെന്നപ്പൊയിൽ പന്ന്യോട് പ്രദേശങ്ങളിൽ കാട്ടാന ശല്യം പരിഹരിക്കുന്നതിനുള്ള നടപടി</u>**

983 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ ആദിവാസി മേഖലകളായ നരിക്കോട്, ചെന്നപ്പൊയിൽ പന്ന്യോട് പ്രദേശങ്ങളിലും പരിസരങ്ങളിലുമായുള്ള ജനവാസകേന്ദ്രങ്ങളിൽ കാട്ടാനകൾ ഇറങ്ങുന്നത് ജനങ്ങളിൽ ഭീതിയുയർത്തുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിലെ കാട്ടാന ശല്യം പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രദേശങ്ങളിൽ വനം വകുപ്പ് സ്ഥാപിച്ച 3 കിലോമീറ്റർ സോളാർ ഹാംഗിംഗ് ഫെൻസിംഗ് നിലവിലുണ്ടെങ്കിലും കാട്ടാനകളെ തടയുന്നതിന് അത് പര്യാപ്തമല്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) നിലവിലുള്ള ഫെൻസിംഗിനോട് ചേർന്ന് 5 കിലോമീറ്റർ സോളാർ ഹാംഗിംഗ് ഫെൻസിംഗ് സ്ഥാപിക്കുന്നതിനായി വനം വകുപ്പ് സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരമുള്ള ഫണ്ട് അനുവദിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ ?

## <u>വനഭൂമി ഡീ-റിസർവ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ</u>

984 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയ റിസർവ് വനങ്ങളുടെ വിജ്ഞാപനങ്ങളിൽ ഉൾപ്പെട്ട, വിവിധ ഭൂപതിവ് നിയമപ്രകാരം സർക്കാർ പതിച്ച് നൽകിയതും വിവിധ വികസന പദ്ധതികൾക്കായി ഏറ്റെടുത്തിട്ടുള്ളതുമായ ഭൂമി ഡീ-റിസർവ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ റിസർവിൽ ഉൾപ്പെട്ട ഭൂമിയാണ് ഡീ-റിസർവ് ചെയ്തിട്ടുള്ളത്; ഡീ-റിസർവ് ചെയ്തിട്ടുള്ള ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) വനഭൂമി ഡീ-റിസർവ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ?

## <u>ചേറ്റുവ-പെരിങ്ങാട് പുഴയെ റിസർവ് വനമാക്കി നോട്ടിഫിക്കേഷൻ ചെയ്ത നടപടി</u>

985 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പാവറട്ടി പഞ്ചായത്തിലെ ചേറ്റുവ-പെരിങ്ങാട് പുഴയെ റിസർവ് വനമാക്കി നോട്ടിഫിക്കേഷൻ ചെയ്ത നടപടി പിൻവലിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഈ കാര്യത്തിൽ വനം വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## <u>വനം വകുപ്പ് മുഖാന്തരം പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ</u>

986 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ ഇതുവരെ പട്ടാമ്പി നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിലോ പ്രാദേശിക ഫണ്ടിലോ ഉൾപ്പെടാത്ത ഏതെല്ലാം പദ്ധതികളാണ് വനം വകുപ്പ് മുഖാന്തരം നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ വിശദ വിവരങ്ങൾ, ഓരോ പ്രവർത്തിക്കും അനുവദിച്ച തുക, നിർവ്വഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## <u>ഏലം റിസർവിൽ നിന്നും മരങ്ങൾ മുറിച്ചു മാറ്റിയ സംഭവം</u>

987 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ശാന്തംപാറയിലെ ഏലം റിസർവിൽ നിന്നും വൻതോതിൽ മരങ്ങൾ മുറിച്ചു മാറ്റിയത് സംബന്ധിച്ച് നാഷണൽ ഗ്രീൻ ട്രിബ്യൂണൽ സംസ്ഥാന സർക്കാരിന് നോട്ടീസ് നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) സി എച്ച് ആർ ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിന് വനം വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം മരങ്ങൾ മുറിച്ചുമാറ്റിയതെന്ന് വ്യക്തമാക്കുമോ;

(സി) ഏലം റീപ്ലാന്റേഷന്റെ മറവിൽ വൻതോതിൽ മരങ്ങൾ മുറിച്ചുമാറ്റിയ സംഭവത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; ഈ വിഷയത്തിൽ നാഷണൽ ഗ്രീൻ ട്രിബ്യൂണലിന് സംസ്ഥാന സർക്കാർ മറുപടി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## വനത്തിനായി ഏറ്റെടുത്ത ഭൂമി

988 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ വനാതിർത്തി പ്രദേശത്ത് താമസിച്ചുവന്നിരുന്ന ആളുകളിൽനിന്ന് വനം വകുപ്പ് ഏറ്റെടുത്തിട്ടുള്ള ഭൂമിയുടെ വിസ്തൃതി എത്രയാണെന്ന് അറിയിക്കാമോ; ആയത് റേഞ്ച്, ഉടമസ്ഥർ എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമിക്ക് നൽകിയിട്ടുള്ള നഷ്ടപരിഹാരം റേഞ്ച്, ഉടമസ്ഥർ എന്നിവ തിരിച്ച് വ്യക്തമാക്കുമോ;

(സി) 2016 മുതൽ നാളിതുവരെയും വനാതിർത്തി പ്രദേശത്ത് കൃഷി ചെയ്തുവന്നിരുന്ന ആളുകളിൽനിന്ന് വനം വകുപ്പ് ഏറ്റെടുത്തിട്ടുള്ള കൃഷിഭൂമിയുടെ വിസ്തൃതി എത്രയാണെന്ന് അറിയിക്കാമോ; ആയത് റേഞ്ച്, ഉടമസ്ഥർ എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കൃഷിഭൂമിക്ക് നൽകിയിട്ടുള്ള നഷ്ടപരിഹാരം റേഞ്ച്, ഉടമസ്ഥർ എന്നിവ തിരിച്ച് അറിയിക്കുമോ ?

## വന്യജീവി ആക്രമണം തടയുന്നതിനുള്ള നടപടികൾ

989 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021 മുതൽ വന്യജീവി ആക്രമണത്തിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ; ആയതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) വന്യജീവി ആക്രമണത്തിനിരയായ എത്ര പേരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും ആശ്രിത നിയമനവും നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വന്യജീവി ആക്രമണംമൂലം മലയോര മേഖലകളിൽ ജനങ്ങൾ കൃഷിഭൂമിയും വീടും ഉപേക്ഷിച്ച് പലായനം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ ഉപേക്ഷിക്കപ്പെടുന്ന ഭൂമി ഏറ്റെടുക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വന്യജീവി ആക്രമണത്തിൽനിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദവിവരം നൽകുമോ?

## മിയാവാക്കി മാതൃകയിൽ വനവൽക്കരണ പദ്ധതി

990 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിയാവാക്കി മാതൃകയിൽ വനവൽക്കരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്; ഇതിനായി എത്ര സ്ഥലങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഇപ്രകാരം നട്ടുവളർത്തുന്ന മരങ്ങളും ചെടികളും സംരക്ഷിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) വനവൽക്കരണത്തിനായി എന്തെല്ലാം പുതിയ കർമ്മ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## മലയോര ഹൈവേയുടെ അലൈൻമെന്റ് മാറ്റം

991 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കോതമംഗലം നിയോജകമണ്ഡലത്തിലെ ആറാം മൈൽ - എളംപ്ലാശ്ശേരി വഴി ഇടുക്കിജില്ലയിലെ കുറത്തിക്കുടി - പെരുമ്പൻകുത്ത് ഭാഗത്തുകൂടി കടന്നു പോകുന്ന മലയോര ഹൈവേയുടെ അലൈൻമെന്റിൽ മാറ്റം വരുത്താൻ 05.01.2021-ൽ ബഹു: മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആറാം മൈൽ മുതൽ എളംപ്ലാശ്ശേരി വരെയുള്ള ഭാഗം നിലവിലുള്ള വീതിയിൽ പുനരുദ്ധാരണം നടത്തുന്നതിന് വനം വകുപ്പിന്റെ ഭാഗത്തുനിന്നും ലഭ്യമാക്കേണ്ട അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) 05.01.2021-ലെ യോഗത്തിൽ തീരുമാനിച്ച പ്രകാരം ആറാം മൈൽ മുതൽ ഏളംപ്ലാശ്ശേരി വരെയുള്ള റോഡിന്റെ പുനരുദ്ധാരണത്തിന് വനംവകുപ്പിന്റെ ഭാഗത്തു നിന്നും സ്വീകരിക്കേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## വനപ്രദേശങ്ങളിൽ ഫലവൃക്ഷങ്ങൾ നട്ടുവളർത്താൻ നടപടി

992 **ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷണത്തിനായി വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് ഇറങ്ങി വരുന്നതു തടയാൻ അവയ്ക്ക് ആവശ്യമായ ഭക്ഷണത്തിനുള്ള ഫലവൃക്ഷങ്ങളും പുല്ലുകളും കാട്ടിൽ തന്നെ വളർത്താനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിക്ക് ഏതെല്ലാം ഏജൻസികളുടെ സഹകരണമാണ് പ്രതീക്ഷിക്കുന്നത്;

(സി) വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ കൈതചക്ക കൃഷിക്ക് നിരോധനമോ നിയന്ത്രണമോ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

## ഇരിക്കൂർ മണ്ഡലത്തിലെ വനം വന്യജീവി വകുപ്പിന്റെ പദ്ധതികൾ

993 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇരിക്കൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും മുൻ സർക്കാറിന്റെ കാലത്ത് ഭരണാനുമതി ലഭിച്ച് ഈ സർക്കാറിന്റെ കാലത്ത് പ്രവൃത്തി ആരംഭിച്ചതുമായ വനം വന്യജീവി വകുപ്പിന്റെ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

**ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ**

994 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനഭൂമിയുടെ അതിരുകൾ നിർണ്ണയിക്കുന്നതിനുള്ള ജണ്ട നിർമ്മാണത്തിൽ ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദിയായവരെ കണ്ടുപിടിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) സർക്കാരിനുണ്ടായ നഷ്ടം ഇവരിൽനിന്നും ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**കോഴിക്കോട് ബയോളജിക്കൽ പാർക്ക്**

995 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ബയോളജിക്കൽ പാർക്ക് തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; പ്രസ്തുത നടപടികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**പുനലൂർ മണ്ഡലത്തിലെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി**

996 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്കിൽ കുളത്തുപ്പുഴ വില്ലേജിൽ റോസ് മല, കട്ടിളപ്പാറ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നിന്നും വനം-വന്യജീവി വകുപ്പിന്റെ 'സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി' പ്രകാരം പുനരധിവസിപ്പിക്കുന്ന കുടുംബങ്ങൾക്ക് നഷ്ടപരിഹാരത്തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇവിടെ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട 'നവകിരണം പദ്ധതി'യുടെ നിലവിലുള്ള അംഗീകൃത മാർഗ്ഗരേഖയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പുനലൂർ താലൂക്കിൽപ്പെട്ട വിവിധ വില്ലേജുകളിൽ നിന്നും സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്നും അവ ഏതൊക്കെ പ്രദേശങ്ങളാണെന്നും വിശദമാക്കാമോ;

(ഇ) പുനലൂർ താലൂക്കിൽ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം ഏറ്റെടുത്ത ഭൂമി, വനഭൂമി ഏറ്റെടുക്കുന്നതിന് പകരമായി ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം സർക്കാർ ഏറ്റെടുത്ത റവന്യൂ ഭൂമിക്കു പകരമായി വനഭൂമി അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## വനമേഖലയിൽ താമസിക്കുന്നവരുടെ പുനരധിവാസം

997 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സംഘർഷത്തിൽ ഒറ്റപ്പെട്ട് വനമേഖലയിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ, വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി എപ്രകാരമാണ് നടപ്പിലാക്കുന്നതെന്നും ഇതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(സി) നിലവിൽ ഇതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ടെന്നുമുള്ള കണക്കുകൾ നൽകാമോ, ഈയിനത്തിൽ ചെലവഴിച്ച ആകെ തുകയെത്ര;

(ഡി) ഇനിയുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് ആവശ്യമായ ഫണ്ടിന്റെ ലഭ്യത ഉണ്ടോ, ഇല്ലെങ്കിൽ എപ്രകാരമാണ് ഫണ്ട് കണ്ടെത്താൻ ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

## നവകിരണം പദ്ധതി

998 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനത്തിനകത്ത് താമസിക്കുന്ന ഗോത്ര സമൂഹത്തിൽപ്പെട്ടവരെ മാറ്റി താമസിപ്പിക്കുന്നതിനായി സർക്കാർ നടപ്പിലാക്കി വരുന്ന നവകിരണം പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഇതുവരെ എത്ര കുടുംബങ്ങളെ മാറ്റി താമസിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്നും അതുവഴി എത്ര ഹെക്ടർ ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## പട്ടയ ഭൂമിയിൽ നിന്നും മരങ്ങൾ വെട്ടി മാറ്റിയ സംഭവം

999 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ മുട്ടിൽ മരം മുറി കേസിന് ആസ്പദമായ വിവാദ ഉത്തരവ് പിൻവലിച്ചതിനുശേഷം ഇടുക്കി ജില്ലയിലെ പട്ടയ ഭൂമിയിൽ നിന്നും വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ മരങ്ങൾ വെട്ടി മാറ്റിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ വനം വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ, ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; ഓരോ ഫോറസ്റ്റ് റേഞ്ചിൽ നിന്നും ഏതൊക്കെ തടികൾ എത്രയെണ്ണം വീതമാണ് മുറിച്ചു മാറ്റിയതെന്ന് വ്യക്തമാക്കാമോ; അനധികൃതമായി മുറിച്ചുമാറ്റിയ തടികൾ വീണ്ടെടുക്കുവാൻ സാധിച്ചിട്ടുണ്ടോ; പ്രസ്തുത സംഭവത്തിൽ എത്ര രൂപയുടെ നഷ്ടം ഉണ്ടായതായാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ?

## <u>ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സുരക്ഷാ ഓഡിറ്റ്</u>

1000 **ശ്രീ പി എസ് സുപാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ ഇക്കോ ടൂറിസം സെന്ററുകളിൽ അപകടങ്ങളും അപകട മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യം വിശകലന വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ ശാസ്ത്രീയമായ പരിപാലനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ കേന്ദ്രങ്ങളിലും കാര്യക്ഷമമായ രീതിയിൽ സുരക്ഷാ ഓഡിറ്റ് നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെത്തുന്ന വിനോദസഞ്ചാരികൾക്ക് നാഷണൽ സേഫ്റ്റി കൗൺസിൽ നിർദേശങ്ങൾ പ്രകാരമുള്ള സുരക്ഷയും ഇൻഷ്വറൻസും ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഇക്കോ ടൂറിസം സെൻററുകളിൽ ഉണ്ടാകുന്ന അപകടത്തിൽപ്പെട്ട് മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് ധനസഹായവും പരിക്ക് പറ്റുന്നവർക്ക് മികച്ച ചികിത്സയും ഉറപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കുമോ?

## <u>ഇക്കോ ടൂറിസം കേന്ദ്രങ്ങൾക്കായി ഏകീകൃത വെബ് പോർട്ടൽ</u>

1001 **ശ്രീ ഡി കെ മുരളി**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**

**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കോ ടൂറിസം കേന്ദ്രങ്ങളെ കോർത്തിണക്കി വനം വകുപ്പിന്റെ ഏകീകൃത വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ടോ; അതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) വെബ് പോർട്ടലിൽ എത്ര ഇക്കോ ടൂറിസം കേന്ദ്രങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ എത്തുന്ന സഞ്ചാരികളുടെ കണക്ക് ലഭ്യമാണോ; എങ്കിൽ അതനുസരിച്ച് വർഷത്തിൽ എത്ര സഞ്ചാരികളാണ് ഇക്കോ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## <u>എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ ഇക്കോ ടൂറിസം പദ്ധതി</u>

1002 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ പുതുവൈപ്പ്, വളപ്പ് ബീച്ചുകളിൽ 30 ലക്ഷം രൂപയുടെ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി നിർദേശിക്കപ്പെട്ട പ്രൊപ്പോസലിന് അനുമതി ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കാമോ;

(ബി) ഈ പദ്ധതി എന്നത്തേയ്ക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## <u>ചിമ്മിനി ഇക്കോ ടൂറിസം</u>

1003 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട മലനിരകളിൽപ്പെട്ട ചിമ്മിനി ഡാം മേഖലയിൽ വനം വകുപ്പ് മുഖേന നടപ്പിലാക്കുന്ന ചിമ്മിനി ഇക്കോ ടൂറിസം പദ്ധതിയ്ക്കായി സംസ്ഥാന ബജറ്റിൽ നീക്കിവച്ച തുകയും നവകേരള നിർമ്മിതി പദ്ധതിയിൽ ഉൾപ്പെടുത്തിയ തുകയും പ്രയോജനപ്പെടുത്തി ഇതിന്റെ പ്രവൃത്തികൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമാണത്തിന് അനുമതി ലഭ്യമാക്കുന്ന നടപടികൾ ഏതു ഘട്ടത്തിലാണ്; കാലതാമസം കൂടാതെ പദ്ധതിക്ക് അനുമതി ലഭ്യമാക്കുന്നതിനും നിർമ്മാണം ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## <u>എളനാട് ഫോറസ്റ്റ് ഓഫീസിൽ ഒഴിഞ്ഞു കിടക്കുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ</u>

1004 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ തൃശ്ശൂർ വനം ഡിവിഷനിൽ മച്ചാട് വനം റെയിഞ്ചിലെ എളനാട് ഫോറസ്റ്റ് ഓഫീസിൽ നിലവിലുള്ള ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ എത്രയാണെന്ന് അറിയിക്കുമോ; ആയതിൽ എത്രയെണ്ണം നിലവിൽ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എളനാട് ഫോറസ്റ്റ് ഓഫീസ് പരിധിയിൽ വനാതിർത്തിയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ ഇടയ്ക്കിടെ കാട്ടാനകൾ കൃഷി നശിപ്പിക്കുന്നതടക്കമുള്ള സംഭവങ്ങൾ റിപ്പോർട്ടുചെയ്യുന്ന സാഹചര്യത്തിൽ വനപാലകരുടെ സേവനം ഉറപ്പുവരുത്തുന്നതിന് എളനാട് ഫോറസ്റ്റ് സ്റ്റേഷനിൽ ഒഴിഞ്ഞുകിടക്കുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ?

## വനം വകുപ്പിലെ സ്ഥാനക്കയറ്റം

1005 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ റൂളിൽ നിഷ്കർഷിച്ചിരിക്കുന്ന വകുപ്പുതല പരീക്ഷകൾ പാസാകാത്തവർക്ക് വനം വകുപ്പിൽ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നീക്കം നടക്കുന്നതായ ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇതിനായി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശ അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിൽ നിന്നും നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) യോഗ്യതയുള്ളവർക്ക് സ്ഥാനക്കയറ്റം നിഷേധിക്കുന്ന രീതിയിൽ വനം വകുപ്പ് ആസ്ഥാനത്തെ മിനിസ്റ്റീരിയൽ വിഭാഗത്തിലെ ഉന്നത ഉദ്യോഗസ്ഥർ നിക്ഷിപ്ത താല്പര്യത്തോടെ പ്രവർത്തിക്കുന്നതായ ആക്ഷേപം ഉയർന്ന സാഹചര്യത്തിൽ, സ്പെഷ്യൽ റൂൾ ഭേദഗതി സംബന്ധിച്ച വിഷയത്തിൽ ഗൗരവതരമായ പരിശോധന നടത്തുവാൻ തയ്യാറാകുമോ; വിശദാംശം വ്യക്തമാക്കുമോ?

## ചെമ്പ്ര ടൂറിസം അഴിമതി

1006 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ചെമ്പ്ര ടൂറിസം അഴിമതിയിൽ കടുത്ത നടപടിക്ക് ഫോറസ്റ്റ് വിജിലൻസ് ശിപാർശ ചെയ്ത ഉദ്യോഗസ്ഥരെ സംരക്ഷിച്ചു എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ നിജസ്ഥിതി വ്യക്തമാക്കുമോ;

(ബി) ചെമ്പ്ര ടൂറിസം അഴിമതിയുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് വിജിലൻസിന്റെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വനം വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ ?

## കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാർ

1007 **ശ്രീ വി കെ പ്രശാന്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ ജീവനക്കാരുടെ തസ്തികകൾ, ഓരോ തസ്തികയിലുമുള്ള ജീവനക്കാരുടെ എണ്ണം, നിയമനത്തിന്റെ സ്വഭാവം, നിയമന രീതി എന്നിവയുടെ വിശദവിവരം നൽകാമോ;

(ബി) കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനിലെ യുവ ജീവനക്കാരെ വനം എക്കോട്ടൂറിസം ഡയറക്ടറേറ്റിന് കീഴിൽ വിവിധ ജില്ലകളിലെ പ്രവർത്തനങ്ങൾക്കായി നിയോഗിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ശിപാർശ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

**<u>വനം വകുപ്പിലെ ഓഫ്‌ലൈൻ സ്ഥലംമാറ്റ ഉത്തരവ്</u>**

1008 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് ആസ്ഥാനത്തുനിന്നും പുറപ്പെടുവിച്ച ഓൺലൈൻ സ്ഥലംമാറ്റ ഉത്തരവുകൾ നിലനിൽക്കെ ഡിവിഷൻ തലത്തിൽ ഓഫ് ലൈനായി സമാന്തര സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഏത് സാഹചര്യത്തിലാണ് ഇപ്രകാരം നടപടി ഉണ്ടായതെന്ന് വ്യക്തമാക്കുമോ;

(ബി) ചട്ടവിരുദ്ധമായ ഓഫ്‌ലൈൻ ട്രാൻസ്ഫറുകൾ കർശനമായി വിലക്കിയ ഭരണവിഭാഗം മേധാവിയുടെ ഓഫീസ് ഉത്തരവ് നിലനിൽക്കെ ഓഫ്‌ലൈൻ ട്രാൻസ്ഫറിന് ഉത്തരവിട്ട ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ ?

**<u>വനം വകുപ്പിൽ സൃഷ്ടിച്ച തസ്തികകൾ</u>**

1009 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിൽ സൂപ്പർ ന്യൂമററി ഉൾപ്പെടെ എത്ര തസ്തികകൾ പുതുതായി അനുവദിച്ചിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ;

(ബി) അപ്ഗ്രേഡ് ചെയ്ത് സൃഷ്ടിച്ച തസ്തികകൾ ഏതെല്ലാമാണ് എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

**<u>തിരുവനന്തപുരം ജില്ലയിൽ വനം വകുപ്പ് ഡ്രൈവർ കാറ്റഗറിയിലെ പി.എസ്.സി. നിയമനം</u>**

1010 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വനം വകുപ്പ് ഡ്രൈവർ കാറ്റഗറിയിലേയ്ക്കുള്ള (കാറ്റഗറി നം.111/2022) പി.എസ്.സി. ലിസ്റ്റ് നിലവിൽ വന്ന തീയതിയും നാളിതുവരെ എത്ര നിയമനങ്ങൾ നടന്നുവെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത കാറ്റഗറിയിലേയ്ക്കുള്ള (വനം വകുപ്പ്) മുൻ ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിച്ചതെന്നും അന്നു മുതൽ 2025 ആഗസ്റ്റ് വരെ ഡ്രൈവർ തസ്തികയിൽ വിരമിച്ചവരുടെയും സർവ്വീസിലിരിക്കെ ഉദ്യോഗസ്ഥർ മരണപ്പെട്ടിട്ടുണ്ടെങ്കിൽ അപ്രകാരവും എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

**<u>സ്വകാര്യ ഭൂമിയിലെ ചന്ദനമരങ്ങൾ</u>**

1011 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഭൂമിയിൽ ചന്ദനമരം നട്ടുവളർത്താൻ പ്രോത്സാഹിപ്പിക്കുന്ന പദ്ധതി വനം വകുപ്പ് നടപ്പാക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) സ്വകാര്യ വ്യക്തികളിൽ നിന്നും ഇപ്രകാരം സ്വീകരിക്കുന്ന ചന്ദനത്തടികൾ ഏത് രീതിയിലാണ് വിനിയോഗിക്കുന്നത്; ലേല നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഉടമസ്ഥർക്ക് ലഭിക്കുന്ന തുക എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(സി) സ്വന്തം ഭൂമിയിലെ ചന്ദനമരങ്ങൾ വെട്ടി വനം വകുപ്പിന് കൈമാറിയവർക്ക് 2021 മുതൽ നാളിതുവരെ പണം നൽകിയിട്ടില്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇപ്രകാരം എത്രപേർക്ക് പണം നൽകുവാനുണ്ട് ; പ്രസ്തുത തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>വനംവകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ ലഭിച്ചിട്ടുള്ള പരാതികൾ</u>

1012 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ നാളിതുവരെ വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ കസ്റ്റഡി മർദ്ദനവും മറ്റ് ശാരീരിക മാനസിക പീഡനങ്ങളും സംബന്ധിച്ച് ലഭിച്ചിട്ടുള്ള പരാതികൾ എത്രയാണെന്ന് വർഷവും പരാതിയുടെ ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇക്കാലയളവിൽ വനംവകുപ്പ് ഉദ്യോഗസ്ഥരുടെ കസ്റ്റഡിയിൽ ഇരിക്കെ മരണപ്പെട്ട സംഭവങ്ങൾ എത്ര എണ്ണമാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) കസ്റ്റഡി മരണം, കസ്റ്റഡി പീഡനം എന്നിവയുമായി ബന്ധപ്പെട്ട പരാതികളിൽ നാളിതുവരെ നടപടി പൂർത്തിയാക്കിയിട്ടുള്ള കേസുകളുടെ എണ്ണം എത്രയാണെന്ന് വർഷവും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഡി) ഇക്കാലയളവിൽ ഇപ്രകാരമുള്ള കേസുകളിൽ ഉൾപ്പെട്ട കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുമോ; ശിക്ഷാ നടപടികളുടെ ഭാഗമായി എത്ര ഉദ്യോഗസ്ഥരെ സർവീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

## <u>വണ്ടൂർ മണ്ഡലത്തിൽ വനം വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ</u>

1013 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസം മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിലെ വന്യജീവി ശല്യം പരിഹരിക്കുന്നതിനായി നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

## വനം-വന്യജീവി വകുപ്പ് കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

1014 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ വനം വന്യജീവി വകുപ്പിന് കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ വനം വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

1015 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനം വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## വനത്തിനുള്ളിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ

1016 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാനകൾ കാടിറങ്ങുന്നതിന് പിന്നിൽ വനത്തിനുള്ളിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളാണെന്ന് വനം വകുപ്പ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ചാണ് റിപ്പോർട്ടിൽ പരാമർശമുള്ളത്; പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

## വനം കരാറുകാരുടെ കുടിശ്ശിക

1017 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം കരാറുകാരുടെ കുടിശ്ശിക ലഭിക്കാത്തതുമൂലം കോൺട്രാക്ടർമാരും അതുമൂലം കരാർ പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളും പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രതിസന്ധി സമയബന്ധിതമായി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

## അധിനിവേശ സസ്യങ്ങൾ

1018 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അധിനിവേശ സസ്യങ്ങളായ സെന, യൂക്കാലി, ഗ്രാന്റിസ് തുടങ്ങിയവ വനത്തിനുള്ളിൽ നട്ടുപിടിപ്പിച്ചത് വനത്തിലെ സ്വാഭാവിക ആവാസ വ്യവസ്ഥ നഷ്ടപ്പെടുന്നതിനും വന്യ മൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങുന്നതിനും കാരണമാകുന്നതായി

കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം സസ്യങ്ങളെ നീക്കം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഇത്തരം സസ്യങ്ങളെ പൂർണ്ണമായും നീക്കം ചെയ്യുന്ന രീതിയിലുള്ള നടപടിയാണോ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിനായി നാളിതുവരെ ഏതൊക്കെ വനമേഖലകളിൽ എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നതിന്റെ വിശദാംശം നൽകുമോ ;

(സി) മേൽപ്പറഞ്ഞ സസ്യങ്ങളെ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തികൾക്കായി വൻതുക ചെലവഴിച്ചതിനുശേഷവും ഇത്തരം വനമേഖലകളിൽ അധിനിവേശ സസ്യങ്ങൾ വളരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി നടപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചതായി വിലയിരുത്തുന്നുണ്ടോ; വിശദവിവരം നൽകുമോ?

## വനം കുറ്റകൃത്യങ്ങളിലെ പുനരന്വേഷണം

1019 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം കുറ്റകൃത്യങ്ങൾ അന്വേഷിക്കാനും കുറ്റപത്രം നൽകാനും റേഞ്ച് ഓഫീസർമാർക്ക് അധികാരം നൽകുന്ന ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ, മുമ്പ് കോടതിയിൽ തള്ളിപ്പോയ കേസുകളിൽ അപ്പീൽ നൽകി അന്വേഷണം നടത്തുന്നതിന് വനംവകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരമുള്ള എത്ര കേസുകളിലാണ് അപ്പീൽ നൽകാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) അന്വേഷണ ഉദ്യോഗസ്ഥന് അധികാരമില്ലെന്ന കാരണത്താൽ 2017 മുതൽ നാളിതുവരെ വനം വകുപ്പിന്റെ എത്ര കേസുകൾ കോടതിയിൽ തള്ളിപോയിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദവിവരം നൽകുമോ;

(സി) മേൽപ്പറഞ്ഞ എല്ലാ കേസുകളിലും അപ്പീൽ നൽകി പുനർ അന്വേഷണം നടത്തുവാൻ തയ്യാറാകുമോ; വിശദാംശം നൽകുമോ?

## എരിഞ്ഞിപ്പുഴ ചെക്ക്ഡാം പദ്ധതി

1020 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജക മണ്ഡലത്തിൽ നവകേരള സദസ്സിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന എരിഞ്ഞിപ്പുഴ ചെക്ക്ഡാം പദ്ധതിക്ക് വനംവകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കുന്ന നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് വനംവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## യൂക്കാലിത്തോട്ടം വിൽപ്പനയിലെ കരാർ ലംഘനം

1021 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വികസന കോർപ്പറേഷൻ തിരുവനന്തപുരം ഡിവിഷനിലെ അരിപ്പ യൂണിറ്റിൽ യൂക്കാലിത്തോട്ടം വിൽപ്പനയിൽ കരാർ ലംഘനം ഉണ്ടായതിലൂടെ കോർപ്പറേഷന് നഷ്ടമുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ഇനത്തിൽ എത്ര രൂപയുടെ നഷ്ടമുണ്ടായതായാണ് കണ്ടെത്തിയിട്ടുള്ളത്; കരാർ നൽകിയത് ആർക്കാണെന്ന് വ്യക്തമാക്കുമോ; കരാറുകാരനെതിരെയും ഉത്തരവാദികളായവർക്കെതിരെയും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കരാറിന് വിരുദ്ധമായി കൂടുതൽ തടി വെട്ടി കടത്തിക്കൊണ്ടു പോയത് തടയുന്ന കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് കൃത്യവിലോപം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്; കടത്തിക്കൊണ്ടുപോയ തടി പിടിച്ചെടുക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>ജണ്ട നിർമ്മാണത്തിൽ ക്രമക്കേടുകൾ നടത്തിയവർക്കെതിരെ നടപടി</u>

1022 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയുടെ അതിരുകൾ നിർണ്ണയിക്കുന്നതിനുള്ള ജണ്ട നിർമ്മാണത്തിൽ കോടിക്കണക്കിന് രൂപയുടെ ക്രമക്കേടുകൾ നടന്നതായുള്ള ദക്ഷിണ മേഖലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ ഗൗരവത്തോടെ കാണുന്നുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ ; ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിന് കാരണം വ്യക്തമാക്കുമോ?

## <u>വനഭൂമിയ്ക്ക് സമീപത്തുള്ള സ്വകാര്യ പട്ടയഭൂമിയിലെ ഫാമുകൾ</u>

1023 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടകരമായ വന്യജീവികൾ ഇല്ലാത്തതും വനഭൂമിയിൽ ലീസിന് നൽകിയിരിക്കുന്ന അക്കേഷ്യ, യൂക്കാലി, ആഞ്ഞിലി, ഓയിൽ പാം മുതലായ പ്ലാന്റേഷനുകൾക്ക് അകത്തോ, സമീപത്തോ വരുന്നതും വഴിസൗകര്യമുള്ളതും വൈദ്യുതി ലഭ്യമായതും ജനവാസയോഗ്യവുമായ സ്വകാര്യ പട്ടയഭൂമിയിൽ വളർത്ത് മൃഗങ്ങളെ പരിപാലിക്കുന്ന ഫാമുകൾ നിർമ്മിക്കുന്നതിന് വനം വകുപ്പിന്റെ പ്രത്യേക അനുമതി വാങ്ങണമെന്ന് നിയമമുണ്ടോ; എങ്കിൽ ഈ അനുമതി നൽകുന്നതിനുള്ള അധികാരി ആരാണെന്നും ഇതിനായുള്ള നിയമം ഏതാണെന്നും വ്യക്തമാക്കാമോ;

(ബി) വനഭൂമികൾക്ക് സമീപത്തുള്ള സ്വകാര്യ പട്ടയഭൂമികളിൽ വളർത്തുമൃഗ ഫാമുകൾ നടത്തുന്നതിന് ദൂരപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കാമോ; അതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) വനഭൂമിയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ പട്ടയഭൂമിയിൽ ഫാമുകൾ നിർമ്മിക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് വനം വകുപ്പിന് ഈ വർഷം എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഈ അപേക്ഷകളിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) അപകടകരമായ വന്യജീവികൾ ഇല്ലാത്ത വനഭൂമിയുടെ സമീപത്തുള്ള സ്വകാര്യ പട്ടയഭൂമികളിൽ വളർത്തുമൃഗ ഫാമുകൾ നിർമ്മിക്കുന്നത് വനം വകുപ്പ് പ്രോത്സാഹിപ്പിക്കുമോ; വ്യക്തമാക്കാമോ?

**<u>കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിന്റെ വികസനം</u>**

1024 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിന്റെ വികസനത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ അനുവദിച്ച പദ്ധതികളും വർഷവും അവയുടെ തുകയും സംബന്ധിച്ച വിവരങ്ങളും അവയുടെ നിലവിലെ സ്ഥിതിയും ഇനം തിരിച്ച് അറിയിക്കുമോ?

**<u>ആദിവാസി യുവാവിനെ വ്യാജ കാട്ടിറച്ചി കേസിൽ കുടുക്കി ജയിലിൽ അടച്ച സംഭവം</u>**

1025 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സരുൺ സജി എന്ന ആദിവാസി യുവാവിനെ വ്യാജ കാട്ടിറച്ചി കേസിൽ കുടുക്കി ജയിലിൽ അടച്ച സംഭവത്തിൽ വനംവകുപ്പ് വിജിലൻസ് ആൻഡ് ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നടത്തിയ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഉത്തരവാദികളായ വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരെ പ്രോസിക്യൂഷൻ ചെയ്യുന്നതിന് അനുമതി നൽകുന്ന കാര്യത്തിൽ കാലതാമസം ഉണ്ടായതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) വ്യാജ കേസിൽ കുടുക്കി പീഡനത്തിനിരയായ ആദിവാസി യുവാവിന് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>വിത്തുണ്ട പദ്ധതി</u>**

1026 **ശ്രീ. കെ. ആൻസലൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾക്ക് വനത്തിൽ തന്നെ ഭക്ഷണമൊരുക്കുന്ന വനം വകുപ്പിന്റെ വിത്തുണ്ട പദ്ധതിയുടെ പ്രവർത്തനം വിശദമാക്കാമോ;

(ബി) വിത്തുണ്ട പദ്ധതി പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ജനവാസ മേഖലയിലെ കൈതയുടെ മണം പിടിച്ച് നാട്ടിലെത്തുന്ന കാട്ടാനകളെ തടയുന്നതിന് വനം വകുപ്പ് വനാതിർത്തികളിലെ കൈതകൃഷി നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയം**

1027 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പക്ഷി സങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**മണ്ണാർമല എന്ന പ്രദേശത്തെ പുലി സാന്നിധ്യം**

1028 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ മണ്ണാർമല എന്ന പ്രദേശത്ത് നിരന്തരം പുലിയുടെ സാന്നിധ്യം വ്യക്തമായ സാഹചര്യത്തിൽ പ്രദേശത്തെ ജനങ്ങൾ അനുഭവിക്കുന്ന ആശങ്കയും ഭീതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രശ്നപരിഹാരത്തിന് വനം വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രദേശത്ത് നിരന്തരം പ്രത്യക്ഷപ്പെടുന്ന പുലിയെ പിടികൂടുന്നതിനും ജനങ്ങളുടെ ജീവന് സുരക്ഷ ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരം**

1029 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര തുകയാണ് നഷ്ടപരിഹാരമായി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടി**

1030 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) പദ്ധതിയിൽ ഉൾപ്പെടുത്തി വനാതിർത്തികളിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) സൗരോർജ്ജ വേലി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) സോളാർ ഫെൻസിംഗ് പദ്ധതി പൂർത്തിയാക്കിയ വനാതിർത്തികളിൽ സ്ഥാപിച്ച സൗരോർജ്ജ വേലിയുടെ സംരക്ഷണവും പരിപാലനവും ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കോതമംഗലം വനം ഡിവിഷനിലെ വന്യമൃഗശല്യം പ്രതിരോധിക്കുന്നതിനായി ഫെൻസിങ്ങിന്റെ നിർമ്മാണം</u>**

1031 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം വനം ഡിവിഷനുകീഴിൽ കീരംപാറ പഞ്ചായത്തിൽ വന്യമൃഗശല്യം പ്രതിരോധിക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള ഫെൻസിങ്ങിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ;

(ബി) പ്രദേശത്ത് വന്യമൃഗശല്യം നിരന്തരമായി തുടരുന്ന സാഹചര്യത്തിൽ ഫെൻസിങ്ങിന്റെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ ഫെൻസിംഗ് നിർമ്മാണം</u>**

1032 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ വനാതിർത്തിയിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിന് ഫെൻസിംഗ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കൂരാച്ചുണ്ടിലെ ജനവാസമേഖലയിൽ വന്യജീവികൾ കടന്നുവരാതിരിക്കാൻ എത്ര കിലോമീറ്റർ ഫെൻസിംഗ് നിർമ്മിക്കണമെന്നാണ് സർക്കാർ കരുതുന്നത്; നബാർഡിൽ ഇത് സംബന്ധിച്ച പ്രൊപ്പോസൽ നിലവിലുണ്ടോ; വിശദമാക്കാമോ?

**<u>അപകടകാരികളായ വന്യജീവികളെ കൊല്ലുന്നതിനുള്ള വ്യവസ്ഥകൾ</u>**

1033 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടകാരികളായ വന്യമൃഗങ്ങളെ കൊല്ലുന്നതിനുള്ള വ്യവസ്ഥകളിൽ എന്തൊക്കെ ഇളവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കൃഷി നശിപ്പിക്കാനെത്തുന്ന മൃഗങ്ങളെ പ്രതിരോധിക്കാൻ വൈദ്യുതവേലികൾ സ്ഥാപിക്കുന്നതിൽ എന്തൊക്കെ നിയന്ത്രണങ്ങളാണ് നിലവിലുള്ളത്; വിശദമാക്കാമോ;

(സി) കെണിയിൽ കുടുങ്ങിയോ വൈദ്യുത കമ്പികളിൽ കുടുങ്ങിയോ വന്യമൃഗങ്ങൾ കൊല്ലപ്പെടുന്ന സാഹചര്യത്തിൽ കൃഷിക്കാർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>സോളാർ ഫെൻസിംഗ് സംവിധാനം</u>**

1034 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ കാടിറക്കം തടയുന്നതിന് സ്ഥാപിച്ചിട്ടുള്ള സോളാർ ഫെൻസിംഗ് സംവിധാനം നിരന്തരം തകരാറിലാകുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) അരുവിക്കര മണ്ഡലത്തിൽ ഉൾപ്പെടുന്ന വനപ്രദേശങ്ങളിൽ നിന്നും എത്ര കിലോമീറ്റർ ദൂരത്തിലാണ് സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുള്ളതെന്നും ഇനി പുതിയതായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ ഏതെല്ലാമെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

**<u>വന്യജീവി ആക്രമണങ്ങൾ തടയാൻ ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള നടപടികൾ</u>**

1035 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യജീവികൾ ഇറങ്ങുന്നതും നിലവിൽ ഫെൻസിംഗ് ഇല്ലാത്തതുമായ പ്രദേശങ്ങളിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്താകെ വനം വകുപ്പ് എത്ര ദൂരം ഫെൻസിംഗ് പൂർത്തീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഇനി എത്ര ദൂരം ഫെൻസിംഗ് പൂർത്തീകരിക്കാനുണ്ടെന്ന് വനം ഡിവിഷൻ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രവർത്തനക്ഷമമല്ലാത്ത ഫെൻസിങ്ങുകളിൽ അറ്റകുറ്റപണി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മലയാറ്റൂർ വനം ഡിവിഷനിലെ ഹാംഗിങ് ഫെൻസിംഗ് നിർമ്മാണം</u>**

1036 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാറ്റൂർ വനം ഡിവിഷനു കീഴിൽ പിണ്ടിമന, കോട്ടപ്പടി, വേങ്ങൂർ പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന രീതിയിൽ പ്രഖ്യാപിച്ചിട്ടുള്ള 30 കി.മീ. ഹാംഗിങ് ഫെൻസിങ്ങിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ;

(ബി) ഹാംഗിങ് ഫെൻസിംഗ് കടന്നുപോകുന്ന പ്രദേശങ്ങളിൽ ആവശ്യമായ വീതിയിൽ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രദേശങ്ങളിൽ വന്യമൃഗശല്യം രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ ഫെൻസിങ്ങിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി

പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## വന്യജീവികൾ നാട്ടിലിറങ്ങുന്നത് തടയാൻ നടപടി

1037 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിലിറങ്ങുന്ന വന്യജീവികളെ നിയന്ത്രിക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് കൂടുതൽ ആയുധങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) വനാതിർത്തികളിൽ നിരീക്ഷണം ശക്തമാക്കുന്നതിനും മുന്നറിയിപ്പ് സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ജനവാസ മേഖലയിൽ വന്യജീവികൾ പ്രവേശിക്കുന്നത് തടയുന്നതിനായി വനത്തിൽ തന്നെ വെള്ളവും ഭക്ഷണവും ഒരുക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ മറ്റ് വകുപ്പുകളുടെ സഹകരണം ഉറപ്പാക്കാനും പദ്ധതി വ്യാപിപ്പിക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

## മലയോര മേഖലകളിലെ വന്യമൃഗ ശല്യം

1038 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ - വന്യജീവി - സംഘർഷങ്ങൾ ലഘൂകരിക്കുവാൻ കിഫ്ബി വഴി വനം - വന്യജീവി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) വയനാട് വന്യജീവി സങ്കേതവുമായി ബന്ധപ്പെട്ട് ആരംഭിച്ച റെയിൽ ഫെൻസിങ് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മലയോര മേഖലകളിൽ വന്യമൃഗങ്ങൾ മൂലം ജീവനും സ്വത്തിനും നാശമുണ്ടാകുന്നതും ക്രമസമാധാന വിഷയമായി മാറുന്നതും ഒഴിവാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളിൽ സൗരോർജ്ജ തൂക്കുവേലി

1039 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം, തൃശ്ശൂർ ജില്ലകളിലെ മലയാറ്റൂർ, ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി നബാർഡ് സഹായത്തോടെ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) സൗരോർജ്ജ തൂക്കുവേലി ഓരോ ഡിവിഷന് കീഴിലും എത്ര ദൂരമാണ് സ്ഥാപിക്കുന്നതെന്നും നിലവിൽ ഓരോ ഡിവിഷനുകളിലും എത്ര ദൂരം സ്ഥാപിച്ചുവെന്നും അറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

## ഏറനാട് മണ്ഡലത്തിലെ വനം-വന്യജീവി വകുപ്പിന്റെ പദ്ധതികൾ

1040 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറനാട് മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിന് കീഴിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയിട്ടുള്ളവയുടെ വിശദാംശവും പൂർത്തീകരിക്കുവാനുള്ളവയുടെ നിലവിലെ സ്ഥിതിയും ലഭ്യമാക്കാമോ;

(സി) മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഒഴിവാക്കാൻ മണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ?

## വന്യമൃഗശല്യം തടയാൻ നടപടി

1041 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**
**ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് കടന്നുവരുന്നത് വർദ്ധിച്ചുവരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് കടന്നുവരാതിരിക്കുന്നതിനായി വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്കാവശ്യമായ ആഹാരവും ജലവും ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇതിന്റെ ഭാഗമായി വന മേഖലകളിലുള്ള അധിനിവേശ സസ്യങ്ങളെ നീക്കം ചെയ്യാൻ ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

## വന്യമൃഗ ആക്രമണം

1042 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനവാസ മേഖലയിൽ വർധിച്ചുവരുന്ന വന്യമൃഗ ആക്രമണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ അഞ്ച് വർഷത്തിനിടെ വന്യമൃഗ ആക്രമണത്തിൽ ജീവൻ നഷ്ടപെട്ടവരുടെയും പരിക്ക് പറ്റിയവരുടെയും എണ്ണം ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) വന്യമൃഗ ആക്രമണത്തിൽ ഉണ്ടായിട്ടുള്ള കൃഷി നാശം ഉൾപ്പെടെയുള്ള നാശനഷ്ടങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; ആയതിന്റെ വിവരങ്ങളും അത്

തടയുന്നതിനു സ്വീകരിച്ചിട്ടുള്ള മാർഗങ്ങളും നാശനഷ്ടങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാരം സംബന്ധിച്ച വിവരങ്ങളും അറിയിക്കാമോ;

(സി) നാട്ടിൽ വർധിച്ചുവരുന്ന കാട്ടുപന്നി ആക്രമണം തടയുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള മാർഗങ്ങൾ അറിയിക്കാമോ?

## മനുഷ്യ – വന്യജീവി സംഘർഷം ലഘൂകരിക്കാൻ കേന്ദ്ര വിഹിതം

1043 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ – വന്യജീവി സംഘർഷം ലഘൂകരിക്കാനടക്കം ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് എന്ന പദ്ധതി വഴിയും, ഉപപദ്ധതിയായ പ്രോജക്ട് എലിഫന്റ് ആന്റ് ടൈഗർ വഴിയും 2020 മുതൽ 2025 വരെ കാലയളവിൽ കേന്ദ്ര ഗവൺമെന്റ് കേരളത്തിന് അനുവദിച്ച തുക എത്രയെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

## കാട്ടാന ആക്രമണം

1044 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മിക്ക ജില്ലകളിലും കാട്ടാനകളുടെ ആക്രമണം വർദ്ധിച്ചു വരുന്നതിനാൽ ഇത്തരം ആക്രമണങ്ങൾ തടയുന്നതിനായി സ്വീകരിച്ചിരിക്കുന്ന പ്രതിരോധ നയം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) കാട്ടാനകളുടെ ആക്രമണം തടയുന്നതിനായി നിലവിലെ പദ്ധതി ഫലപ്രദമാണോ എന്ന് വിശദമാക്കാമോ; 2024-25 കാലയളവിൽ കാട്ടാന ആക്രമണത്തിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും എത്ര പേർക്ക് ഗുരുതരമായി പരിക്ക് പറ്റിയിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് സർക്കാർ എടുത്ത നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

## നിയന്ത്രിത നായാട്ട് അനുവദിക്കാൻ നടപടി

1045 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവനും സ്വത്തിനും കൃഷിക്കും നാശമുണ്ടാക്കുന്ന വന്യജീവികളെ നിയന്ത്രിക്കുന്നതിനായി നിയന്ത്രിത നായാട്ട് നടത്തുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിർദേശം തേടിയിരുന്നോ; വിശദമാക്കാമോ;

(സി) വന നിയമങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് പഠിക്കുന്നതിന് വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## വന്യമൃഗ സാന്നിധ്യം മനസ്സിലാക്കാൻ നൂതന സാങ്കേതിക വിദ്യ

1046 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ഇറങ്ങുമ്പോൾ ജനങ്ങളെ അറിയിക്കാൻ നൂതന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ഇറങ്ങുന്നത് തടയാൻ രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും ഉപയോഗിക്കുന്ന നൂതന സാങ്കേതികവിദ്യ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇവ സംസ്ഥാനത്ത് നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>വനാതിർത്തികളിലെ താമസക്കാർ നേരിടേണ്ടിവരുന്ന വന്യജീവി ആക്രമണം</u>**

1047 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തികളിലെ താമസക്കാർ നേരിടേണ്ടിവരുന്ന വന്യജീവി ആക്രമണവും കൃഷി നാശവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വന്യജീവി ആക്രമണത്തിൽ നിന്നും ജനത്തെ രക്ഷിക്കാനും ഒപ്പം വന്യജീവികളെ സംരക്ഷിക്കാനുമായുള്ള മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ 5 വർഷക്കാലയളവിൽ വന്യജീവി ആക്രമണത്തിനിരയായവർക്കും ജീവഹാനി സംഭവിച്ചവർക്കുമായി എത്ര തുക വനം വകുപ്പ് നൽകുകയുണ്ടായി; വിശദാംശം വ്യക്തമാക്കുമോ?

**<u>വന്യമൃഗ ആക്രമണത്തിനിരയായവർക്കു നഷ്ടപരിഹാരം</u>**

1048 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വന്യമൃഗ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും സ്വത്തിനും കൃഷിക്കും നാശം സംഭവിച്ചവർക്കുമായി എത്ര രൂപ നഷ്ടപരിഹാര തുകയായി വിതരണം ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ നഷ്ടപരിഹാര തുകകൾ വർദ്ധിപ്പിച്ചിട്ടുണ്ട്; ഇനി ഏതൊക്കെ നഷ്ടപരിഹാര തുകകൾ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്; വ്യക്തമാക്കാമോ?

**<u>റിയൽ ടൈം മോണിറ്ററിംഗ് സിസ്റ്റം</u>**

1049 **ശ്രീ വി ശശി**
**ശ്രീ . മുഹമ്മദ് മുഹസിൻ**

**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര കർഷകരുടെ ജീവനും സ്വത്തിനും ഭീഷണി സൃഷ്ടിച്ചുകൊണ്ട് അനുദിനം വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങൾ പ്രതിരോധിക്കുന്നതിന് കൂടുതൽ ഫലപ്രദവും ശാസ്ത്രീയവുമായ സംവിധാനങ്ങൾ ഒരുക്കേണ്ടതിന്റെ ആവശ്യകത പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) മനുഷ്യവാസ മേഖലയിലെ വന്യജീവി ആക്രമണങ്ങളുടെ ഫലമായി ജനങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഒരു നിയമനിർമ്മാണത്തിന്റെ സാധ്യത പരിശോധനാ വിധേയമാക്കുമോ; വിശദമാക്കുമോ;

(സി) കാടിറങ്ങുന്ന വന്യജീവികളെ സംബന്ധിച്ച് മനുഷ്യവാസ മേഖലയിൽ മുന്നറിയിപ്പ് നൽകുന്നതിനുവേണ്ടി നടപ്പിലാക്കിയ റിയൽ ടൈം മോണിറ്ററിംഗ് സിസ്റ്റം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഭക്ഷണത്തിനും വെള്ളത്തിനുമായി വന്യമൃഗങ്ങൾ കാടിറങ്ങുന്നത് ഒഴിവാക്കുന്നതിനുവേണ്ടി കാടിനുള്ളിൽ വന്യമൃഗങ്ങൾക്ക് ആവശ്യമായ ജലവും ഭക്ഷണവും ലഭിക്കുന്നതിന് ശാസ്ത്രീയമായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

## <u>വന്യജീവി ആക്രമണങ്ങളിൽ പരിക്കേറ്റവർക്കുള്ള നഷ്ടപരിഹാരം</u>

1050 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വന്യജീവി ആക്രമണങ്ങളിൽ എത്രപേർ മരണപ്പെട്ടിട്ടുണ്ട്; എത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്;

(ബി) മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരം അനുവദിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ എത്രപേർക്ക് എത്ര തുക അനുവദിച്ചു നൽകിയിട്ടുണ്ട്;

(സി) എത്രപേർക്ക് ഇനിയും നഷ്ടപരിഹാരം അനുവദിക്കാൻ ഉണ്ട്; ഇവർക്ക് നഷ്ടപരിഹാരം അനുവദിക്കാത്തതിന്റെ കാരണം അറിയിക്കാമോ; വിശദാംശങ്ങൾ ജില്ല തിരിച്ചു വ്യക്തമാക്കുമോ?

## <u>വന്യജീവികളുടെ ആക്രമണം തടയാൻ നടപടി</u>

1051 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ വനാതിർത്തിയോട് ചേർന്ന ഏതെല്ലാം പ്രദേശങ്ങളിലാണ് കാട്ടാന ഇറങ്ങി കൃഷി നശിപ്പിച്ചതെന്ന് അറിയിക്കുമോ; വിശദവിവരം നൽകാമോ;

(ബി) ചേലക്കര നിയോജകമണ്ഡലത്തിലെ വനാതിർത്തി പ്രദേശങ്ങളിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനായി 11.07.2025ന് ചേലക്കര പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിൽ എം.എൽ.എ.യുടെ നേതൃത്വത്തിൽ തൃശ്ശൂർ ഡി.എഫ്.ഒ., മാച്ചാട് റേഞ്ച് ഓഫീസർ തുടങ്ങിയ വനംവകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുത്ത യോഗത്തിലെ പ്രധാന തീരുമാനങ്ങൾ ഇതിനകം വനംവകുപ്പ് നടപ്പാക്കിയോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ;

(സി) ഏതെല്ലാം തീരുമാനങ്ങളാണ് ഇനിയും നടപ്പിലാക്കാൻ അവശേഷിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## <u>വന്യമൃഗങ്ങൾ വരുത്തുന്ന കൃഷിനാശത്തിന് നഷ്ടപരിഹാര നിരക്ക് വർധിപ്പിക്കാൻ നടപടി</u>

1052 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങൾ വരുത്തുന്ന കാർഷിക വിളനാശത്തിന് കർഷകർക്ക് നൽകുന്ന നഷ്ടപരിഹാര നിരക്ക് വനം വകുപ്പ് പരിഷ്കരിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) കൃഷി ആവശ്യങ്ങൾക്കുള്ള സാധനങ്ങളുടെ വില വർദ്ധിച്ചിട്ടും നഷ്ടപരിഹാരത്തുകയിൽ കാലാനുസൃതമായി വർദ്ധനവ് വരുത്താത്തത് മൂലം കർഷകർ നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) വന്യമൃഗങ്ങൾ കാരണമുള്ള കാർഷിക വിളനാശത്തിന് നൽകാവുന്ന നഷ്ടപരിഹാര നിരക്ക് വർധിപ്പിക്കുമോ; വിശദമാക്കുമോ?

## <u>വന്യജീവികളെ പ്രതിരോധിക്കുവാൻ പ്രായോഗിക നടപടികൾ</u>

1053 **ശ്രീ. സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിന് പുറത്തെത്തി നാശം വിതയ്ക്കുന്ന വന്യജീവികളെ പ്രതിരോധിക്കുവാൻ വന്യജീവി സംരക്ഷണ നിയമത്തിലെ വകുപ്പ് 11 (2) ഫലപ്രദമായി ഉപയോഗിക്കുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെടുന്നു എന്ന ആരോപണം ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ കാര്യത്തിൽ എന്തൊക്കെ തിരുത്തൽ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ബി) വന്യജീവികളെ അതിന്റെ ആവാസവ്യവസ്ഥയിൽ നിലനിർത്തുന്നതിനും പ്രജനനം നിയന്ത്രിക്കുന്നതിനും വന്യജീവി ആക്രമണങ്ങൾ തടയുന്നതിനും മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുകയും ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) വർഷംതോറും കോടിക്കണക്കിന് രൂപ ഇത്തരത്തിൽ ചെലവഴിച്ചിട്ടും വന്യജീവി ആക്രമണങ്ങളെ പ്രതിരോധിക്കാൻ സർക്കാർ പരാജയപ്പെട്ട സാഹചര്യത്തിൽ അയൽ സംസ്ഥാനങ്ങളെ മാതൃകയാക്കി ശാസ്ത്രീയമായ കാഴ്ചപ്പാടും സാങ്കേതികവിദ്യയും കൂട്ടിയിണക്കി പ്രായോഗിക സമീപനം സ്വീകരിക്കുവാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

## മനുഷ്യ-വന്യജീവി സംഘർഷങ്ങൾ തടയാൻ നടപടി

1054 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷത്തിൽ വന്യജീവി ആക്രമണങ്ങളാൽ ദിനംപ്രതി ആളുകൾ മരിക്കുമ്പോഴും പ്രസ്തുത കാലയളവിൽ അനുവദിച്ച ഫണ്ടിന്റെ 33 ശതമാനം മാത്രമാണ് ചെലവഴിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(ബി) മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കുറയ്ക്കുന്നതിന് വിഭാവനം ചെയ്ത പദ്ധതികൾ പ്രായോഗികമായി നടപ്പിലാക്കുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രധാന കാരണങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ്ലൈഫ് ഹാബിറ്റാറ്റ്സ് പദ്ധതിയിലും പ്രോജക്ട് എലിഫന്റ്, പ്രോജക്ട് ടൈഗർ പദ്ധതികളിലും അനുവദിച്ച തുകകൾ ഫലപ്രദമായി വിനിയോഗിക്കാൻ ഏതു തരത്തിലുള്ള നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) വന്യജീവി ആക്രമണങ്ങളാൽ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിലുണ്ടായ വലിയ കുടിശ്ശിക കൊടുത്തു തീർക്കാൻ കേന്ദ്രവും സംസ്ഥാനവും ചേർന്ന് ഏത് രീതിയിലാണ് പ്രവർത്തിക്കുന്നത്; വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ കാട്ടുപന്നി ആക്രമണം

1055 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ കാട്ടുപന്നി ആക്രമണം അതിരൂക്ഷമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാട്ടുപന്നി ആക്രമണം ഇല്ലായ്മ ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

## വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവർ

1056 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും അവ ഏതെല്ലാം വന്യജീവികൾ മൂലമാണ് മരണപ്പെട്ടിട്ടുള്ളതെന്നും വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ മരണപ്പെട്ടവർക്കും പരിക്കേറ്റവർക്കും നൽകിയിട്ടുള്ള ധനസഹായത്തിന്റെ വിവരങ്ങൾ വർഷം തിരിച്ച് വിശദമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വാമനപുരം മണ്ഡലത്തിൽ വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടതോ പരിക്കേൽക്കുകയോ ചെയ്തിട്ടുള്ള എത്ര പേരുണ്ടെന്നും അവർക്ക് നൽകിയിട്ടുള്ള ധനസഹായത്തിന്റെ വിവരങ്ങളും വർഷം തിരിച്ച് നൽകാമോ?

## ആദിവാസി സമൂഹത്തിലുൾപ്പെട്ടവരെ വന്യമൃഗങ്ങൾ ആക്രമിക്കുന്ന സംഭവങ്ങൾ

1057 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപജീവനത്തിന്റെ ഭാഗമായി വനവിഭവ ശേഖരണത്തിന് കാട്ടിൽ പോകുന്ന ആദിവാസി സമൂഹത്തിൽപ്പെട്ടവരെ വന്യമൃഗങ്ങൾ ആക്രമിക്കുന്ന സംഭവങ്ങൾ സംസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) വനാതിർത്തി പ്രദേശങ്ങളിൽ വന്യമൃഗ ശല്യം രൂക്ഷമായ സാഹചര്യത്തിൽ ആദിവാസികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഈ സാഹചര്യത്തിൽ ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് സ്കൂളിൽ പോകുന്നതിനായി സുരക്ഷിതമായ വഴികൾ ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കാട്ടാന ആക്രമണം തടയുന്നതിന് നടപടി

1058 **ശ്രീ. സണ്ണി ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാട്ടാന ആക്രമണം രൂക്ഷമായിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പാലക്കാട് മുണ്ടൂരിൽ വീടിന് മുറ്റത്തേക്ക് ഇറങ്ങിയ വ്യക്തിയെ കാട്ടാന ചവിട്ടി കൊന്നത് അടക്കം നിരവധി പേർ കാട്ടാന ആക്രമണങ്ങളിൽ കൊല്ലപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് കാട്ടാനയുടെ ആക്രമണം തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## നിലമ്പൂർ നിയോജകമണ്ഡലത്തിലെ വന്യമൃഗാക്രമണം തടയുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

1059 **ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ വന്യജീവി ആക്രമണത്താൽ മരണപ്പെട്ടവർ, പരിക്കേറ്റവർ എത്രയാണെന്ന് അറിയിക്കുമോ; ആയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കിഫ്ബി, രാഷ്ട്രീയ കൃഷി വികാസ് യോജന, എം.ആർ.എം.എ.സി എന്നിവയിലും മറ്റു പദ്ധതികളിലുമായി നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് വനം ഡിവിഷനുകളിൽ ജനവാസമേഖലയോട് ചേർന്നുള്ള വനാതിർത്തിയിൽ എത്ര കിലോമീറ്റർ സൗരോർജ വേലി സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ; പ്രസ്തുത മേഖലയിൽ സൗരോർജ വേലി സ്ഥാപിക്കാൻ ഇനി എത്ര കിലോമീറ്ററാണ് ബാക്കിയുള്ളതെന്ന് അറിയിക്കുമോ;

(സി) ജനവാസ മേഖലയോടുചേർന്ന വനാതിർത്തിയിൽ അടിക്കാടുകൾ വെട്ടാത്തതിനെ തുടർന്ന് ആനയടക്കമുള്ള വന്യമൃഗങ്ങളുടെ സാമീപ്യം തിരിച്ചറിയാനാകാതെ ജനങ്ങൾ അപകടത്തിൽപെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അടിക്കാടുകൾ വെട്ടാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; അടിക്കാടുകൾ വെട്ടുന്നതിനായി വനം വകുപ്പ് ആവശ്യമായ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ഡി) കടുവ, പുലി എന്നിവയുടെ ആക്രമണം തുടർച്ചയായി നേരിടുന്ന നിലമ്പൂർ മേഖലയിൽ ഇവയെ കണ്ടെത്തി പിടികൂടാനാവശ്യമായ ക്യാമറകളും കൂടുകളും സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

## പാലക്കാട് ജില്ലയിലെ വന്യജീവി ആക്രമണം

1060 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ പാലക്കാട് ജില്ലയിൽ വന്യജീവി ആക്രമണത്തിൽ പരിക്ക് പറ്റിയവരുടേയും മരണപ്പെട്ടവരുടേയും എണ്ണം എത്രയെന്ന് അറിയിക്കുമോ;

(ബി) ഈ കാലയളവിൽ പാലക്കാട് ജില്ലയിൽ വന്യജീവി ആക്രമണത്തിന് ഇരയായവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കുമായി എത്ര തുക നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും ഇനി എത്ര തുക നൽകാൻ ബാക്കിയുണ്ടെന്നും അറിയിക്കുമോ?

## കൊമ്പുകുത്തിയിലെ കാട്ടാന ആക്രമണം

1061 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിലെ കൊമ്പുകുത്തിയിലെ രൂക്ഷമായ കാട്ടാന ആക്രമണം പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) കൊമ്പുകുത്തി, മതമ്പ, ചെന്നാപ്പാറ മേഖലകളിൽ വിഹരിക്കുന്ന കാട്ടാനക്കൂട്ടത്തെ ഉൾക്കാട്ടിലേക്ക് കയറ്റി വിടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കൊമ്പുകുത്തിയിൽ രണ്ടാളുകളെ കൊല്ലുകയും, വീടുകളിലെത്തി ആക്രമണം നടത്തുകയും ചെയ്യുന്ന ഒറ്റയാനായ കൊമ്പുകുത്തി കൊമ്പനെ മയക്കുവെടി വെച്ച് പിടികൂടി അരിക്കൊമ്പനെ മാറ്റിയത് പോലെ വിദൂര വനങ്ങളിൽ എവിടേക്കെങ്കിലും കയറ്റിവിട്ട് ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പുവരുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>പാലപ്പിള്ളി, വെള്ളിക്കുളങ്ങര, ചിമ്മിനി, ചൊക്കന മേഖലകളിലെ വന്യജീവി ആക്രമണം</u>**

1062 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ടതും ചാലക്കുടി, പീച്ചി വനം ഡിവിഷനുകൾക്കു കീഴിൽ വരുന്നതുമായ പാലപ്പിള്ളി, വെള്ളിക്കുളങ്ങര, ചിമ്മിനി, ചൊക്കന മേഖലകളിലെ കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികളുടെ ആക്രമണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) റാപിഡ് റെസ്പോൺസ് ടീമിന്റെ (ആർ.ആർ.ടി.) സേവനം കാര്യക്ഷമമാക്കുന്നതിനും, ക്യാമറകൾ സ്ഥാപിക്കുന്നതിനും, സോളാർ ഫെൻസിംഗ്, മഴക്കുഴികൾ, ജണ്ടകെട്ടൽ, ട്രഞ്ച് കുഴിക്കൽ തുടങ്ങിയ സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എം.എൽ.എ.-എസ്.ഡി.എഫിൽ തുക അനുവദിച്ച് വിവിധ കേന്ദ്രങ്ങളിൽ ക്യാമറകൾ സ്ഥാപിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള നിർദേശത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

**<u>വാമനപുരം മണ്ഡലത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് നടപടി</u>**

1063 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് മുഖാന്തരം നടപ്പാക്കിക്കൊണ്ടിരിക്കുന്ന ആനക്കിടങ്ങ്, സൗരോർജവേലി എന്നിവ എവിടെയെല്ലാമാണ് സ്ഥാപിക്കുന്നതെന്നും എത്ര കിലോമീറ്റർ നീളത്തിലാണ് ഇവ നിർമ്മിക്കുന്നതെന്നും അവയുടെ നിർമ്മാണ പുരോഗതിയും സംബന്ധിച്ച വിശദവിവരങ്ങൾ നൽകുമോ?

**<u>കോവളം മണ്ഡലത്തിലെ പദ്ധതികൾ</u>**

1064 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം മണ്ഡലത്തിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും, മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് പ്രവൃത്തി ആരംഭിച്ചതുമായ മൈനർ, മേജർ ഇറിഗേഷൻ പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

## പിറവം നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശം

1065 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പിറവം നിയോജക മണ്ഡലത്തിൽ വിവിധ മിഷനുകൾക്കും പദ്ധതികൾക്കും കീഴിൽ 2021 ജൂൺ മുതൽ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ മൈനർ ഇറിഗേഷനും മേജർ ഇറിഗേഷനും കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പുതിയ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; നിലവിൽ പൂർത്തികരിക്കാൻ ഉള്ള പ്രവൃത്തികൾ ഏതെല്ലാമാണ്?

## തീരസംരക്ഷണം

1066 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ 576 കിലോമീറ്റർ ദൈർഘ്യമുള്ള തീരമേഖലയെ തീരശോഷണത്തിൽ നിന്നും സംരക്ഷിക്കാൻ ജലവിഭവ വകുപ്പ് കഴിഞ്ഞ അഞ്ച് വർഷം നടത്തിയ ശാസ്ത്രീയ പഠനങ്ങളുടെ പുരോഗതി വിശദീകരിക്കാമോ;

(ബി) തീരസംരക്ഷണത്തിനായി ജലവിഭവ വകുപ്പ് നടപ്പിലാക്കിയ ദീർഘകാല പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; നിരന്തരമുള്ള കടലാക്രമണത്തിൽ നിന്ന് ഏതെല്ലാം പ്രദേശങ്ങളെ സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) തീരസംരക്ഷണ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ജലവിഭവ വകുപ്പിന് കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) തീരദേശ ജനതയുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തം നിറവേറ്റാൻ ഏതെല്ലാം വിഭവസമാഹരണ മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നത്; വിശദാംശം നൽകാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

1067 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ വർഷം തിരിച്ച് വിശദമാക്കാമോ?

## വണ്ടൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

1068 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസം മുതൽ നാളിതുവരെ വണ്ടൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് തുക അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

## വെട്ടിയാർ ചീപ്പ് നിർമ്മാണം

1069 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര -നൂറനാട് ഗ്രാമപഞ്ചായത്തുകളിലെ കൃഷിക്ക് ഉപകാരപ്രദമായ 'വെട്ടിയാർ ചീപ്പ്' നിർമ്മാണത്തിന് ബജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്ക് മൈനർ ഇറിഗേഷനും ഐ.ഡി.ആർ.ബി. -യും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കേരള വാട്ടർ അതോറിറ്റി, ഇറിഗേഷൻ, ഭൂജല വകുപ്പുകൾ മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾ

1070 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള വാട്ടർ അതോറിറ്റി, ഇറിഗേഷൻ, ഭൂജല വകുപ്പുകൾ മുഖാന്തിരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## ജലാശയങ്ങളിലെയും നദികളിലെയും ജലഗുണനിലവാരം ഉറപ്പാക്കാൻ പദ്ധതി

1071 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അതിമാരകമായ ജലജന്യ രോഗങ്ങൾ തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ

ജലസ്രോതസ്സുകളുടെയും ജല ഗുണനിലവാരം ഉറപ്പാക്കേണ്ടതിന്റെ സാഹചര്യം വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ എല്ലാ ജലസ്രോതസ്സുകളിലെയും ജലത്തിന്റെ ഗുണനിലവാരം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും ഗുണനിലവാരം സംബന്ധിച്ച വിവരങ്ങൾ ജലാശയങ്ങൾക്ക് സമീപം പ്രദർശിപ്പിക്കുന്നതിനുമുള്ള സാധ്യത പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മാരകമായ അമീബിക് മസ്തിഷ്കജ്വരം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജലസ്രോതസ്സുകളെ സുരക്ഷിതമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പൊതുകുളങ്ങൾ, നീന്തൽ പരിശീലന കേന്ദ്രങ്ങൾ, വാട്ടർ തീം പാർക്കുകൾ തുടങ്ങി പൊതുജനങ്ങൾ കൂട്ടമായി ഉപയോഗപ്പെടുത്തുന്ന ജലാശയങ്ങളുടെ ജലഗുണനിലവാരം സംബന്ധിച്ച് നിബന്ധനകൾ നിർദേശിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## <u>ജലവിഭവ വകുപ്പ് മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും പ്രവൃത്തികളും</u>

1072 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ ജലവിഭവ വകുപ്പ് മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇക്കാലയളവിൽ വടകര മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇവ ഓരോന്നിനുമായി നീക്കി വച്ചിട്ടുള്ള തുകകൾ എത്രവീതമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണ് ; ഇവ ഓരോന്നിനും നീക്കിവെച്ചിട്ടുള്ള കേന്ദ്രസംസ്ഥാന തദ്ദേശ സ്ഥാപന വിഹിതങ്ങൾ എത്രവീതമാണ് ; വ്യക്തമാക്കുമോ;

(ഇ) ഇക്കാലയളവിൽ വടകര മണ്ഡലത്തിനായി വകുപ്പു മുഖേന ചെലവാക്കിയ ആകെ തുക എത്ര ; വർഷവും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## <u>ജലവിഭവ വകുപ്പ് ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

1073 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## എരഞ്ഞിപ്പറമ്പ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

1074 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിൽ പ്രവൃത്തിയിലുള്ള എത്ര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളാണ് നിലവിലുള്ളതെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(ബി) എരഞ്ഞിപ്പറമ്പ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവൃത്തി എന്നാണ് ആരംഭിച്ചത്; ആയതിന്റെ പൂർത്തീകരണം വൈകുന്നതിന് ഇടയാക്കിയ കാരണമെന്താണ്; പ്രസ്തുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് വഴി നടപ്പാക്കിയ പദ്ധതികൾ

1075 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് 2021 വർഷം മുതൽ നാളിതുവരെ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിക്കുമായി ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ?

## കായംകുളം മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ സംബന്ധിച്ച്

1076 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി, മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പ് വഴി 2016 മുതൽ നാളിതുവരെ നടപ്പാക്കിയ പദ്ധതികൾ, അതിനായി ചെലവഴിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവ വിശദമാക്കാമോ?

## ഷട്ടർ ഹോസ്റ്റിംഗ് യൂണിറ്റ്

1077 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നദികരയിലെ പൂവൻപാറയ്ക്ക് സമീപമുള്ള പണ്ടുവിളയിൽ ഷട്ടർ ഹോയിസ്റ്റിങ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി എസ്റ്റിമേറ്റ് പ്രകാരമുള്ള തുടർനടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

## ഏറനാട് മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

1078 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, ഭൂജല വകുപ്പ്, വാട്ടർ അതോറിറ്റി എന്നിവ മുഖേന ഏറനാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ പേര്, നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശം നൽകാമോ;

(സി) 2024-25, 2025-26 സാമ്പത്തിക വർഷത്തിൽ ഏറനാട് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതികൾക്കും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ?

## കൊടുങ്ങല്ലൂർ മണ്ഡലത്തിലെ പ്രവൃത്തികൾ

1079 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ 5 വർഷ കാലയളവിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും എന്താണെന്നും വ്യക്തമാക്കുമോ?

## ജലജീവൻ പദ്ധതി

1080 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. എം. എം. മണി**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിഭവ വകുപ്പ് നടപ്പാക്കിവരുന്ന ജലജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും പൂർണ്ണമായും കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സമഗ്ര കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്ന വിദൂര വനമേഖലകളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## ജലവിഭവ വകുപ്പ് പദ്ധതികളുടെ പുരോഗതി

1081 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി, മേജർ/ മൈനർ ഇറിഗേഷൻ തുടങ്ങി ജലവിഭവ വകുപ്പിന് കീഴിലുള്ള വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെയും അവയുടെ നിലവിലെ പുരോഗതി സംബന്ധിച്ചും അനുവദിച്ച തുക സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) മണ്ണട്ടാംപാറ അണക്കെട്ട് നവീകരണം, പുല്ലിപ്പുഴ സാൾട്ട് എക്സ്ക്ലൂഷൻ ചെക്ക് ഡാം നിർമ്മാണം, കടലുണ്ടിപ്പുഴ, പുല്ലിപ്പുഴ, ബാലാതിരുത്തി സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തികൾ, ദേശീയ ജല പാത നവീകരണം, കടലുണ്ടിക്കടവ് അഴിമുഖത്തെ മണ്ണും

ചെളിയും നീക്കം ചെയ്യൽ, ജൽ ജീവൻ മിഷൻ, (പെരുവള്ളൂർ പഞ്ചായത്ത്, പള്ളിക്കൽ പഞ്ചായത്ത്) എന്നീ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം പ്രത്യേകമായി നൽകാമോ?

## <u>ആലത്തൂർ മണ്ഡലത്തിലെ വിവിധ പദ്ധതികൾ</u>

1082 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ 2020-21 സാമ്പത്തിക വർഷം മുതൽ ജലവിഭവ വകുപ്പ് മുഖേന നടപ്പാക്കാൻ ബജറ്റിൽ അനുവദിച്ച വിവിധ പദ്ധതികളുടെ വിശദാംശം നൽകാമോ?

## <u>കരുനാഗപ്പള്ളി മണ്ഡലത്തിലെ പദ്ധതികൾ</u>

1083 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരുനാഗപ്പള്ളി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളും മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചതും നിലവിലെ സർക്കാരിന്റെ കാലത്ത് പ്രവൃത്തി ആരംഭിച്ചതുമായ മൈനർ, മേജർ ഇറിഗേഷൻ പദ്ധതികളുടെ വിവരങ്ങളും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

## <u>കുണ്ടറ മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ</u>

1084 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ നാളിതുവരെയായി കുണ്ടറ മണ്ഡലത്തിലേയ്ക്കായി അനുവദിച്ചിട്ടുള്ള ഇറിഗേഷൻ പദ്ധതികൾ ഏതൊക്കെ; ആയതിന് അനുവദിച്ചിട്ടുള്ള തുക എത്ര; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പ്രവർത്തന പുരോഗതി എന്താണ് ; വിശദമാക്കാമോ?

## <u>കുഴക്കോട് മൈനർ ഇറിഗേഷൻ പദ്ധതി</u>

1085 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ കുഴക്കോട് പ്രദേശത്ത് മൈനർ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷികാവശ്യത്തിനായി കനാൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന് ഭരണാനുമതി ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് എപ്പോൾ ഭരണാനുമതി ഉത്തരവ് ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

## <u>ജലജീവൻ മിഷന്റെ പ്രവർത്തനം</u>

1086 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) 2020-ൽ തുടങ്ങിയ പദ്ധതി എത്ര ശതമാനം പൂർത്തിയായി; ബാക്കിയുള്ളത് എപ്പോൾ പൂർത്തീകരിക്കും ; വ്യക്തമാക്കുമോ;

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തുന്ന സംയുക്ത പദ്ധതി എത്ര തുകയുടേതെന്നും എത്ര തുക നാളിതുവരെ ചെലവാക്കിയെന്നും ഇതിൽ കേന്ദ്ര വിഹിതം, സംസ്ഥാനവിഹിതം എന്നിവ എത്ര ചെലവാക്കി എന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി മുഖേന എത്ര ഗ്രാമീണ വീടുകളിൽ കുടിവെള്ളം എത്തിച്ചുവെന്നും ഇനി നൽകേണ്ടത് എത്ര വീടുകളിലേക്കാണെന്നും വ്യക്തമാക്കുമോ?

## <u>മങ്കട മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതി</u>

1087 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; ഏതെല്ലാം പഞ്ചായത്തിലാണ് പദ്ധതി പൂർത്തിയാകാനുള്ളത്; എത്ര കണക്ഷനുകളാണ് നൽകാൻ ബാക്കിയുള്ളത്; വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ഭാഗമായുള്ള വാട്ടർടാങ്ക്, ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(സി) പദ്ധതിയുടെ ഭാഗമായി കുഴിച്ച ഏതെല്ലാം റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാൻ ബാക്കിയുണ്ട്; ഗ്രാമപഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ഡി) മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>അഷ്ടമുടി കായലിന്റെ പാരിസ്ഥിതിക സംരക്ഷണത്തിനായി സമിതി</u>

1088 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഷ്ടമുടി കായലിന്റെ പാരിസ്ഥിതിക സംരക്ഷണത്തിനായി പ്രത്യേക മാനേജ്മെന്റ് സമിതി രൂപീകരിക്കണമെന്ന ഹൈക്കോടതി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) റാംസർ കൺവെൻഷൻ പ്രകാരം അഷ്ടമുടി കായലിന്റെ മലിനീകരണം തടയുന്നതിനും കണ്ടൽ വനങ്ങൾ സംരക്ഷിക്കുന്നതിനും അനധികൃത കയ്യേറ്റങ്ങൾ

ഒഴിവാക്കുന്നതിനും സാധിക്കുന്ന രീതിയിൽ തുടർനടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>**പുഴയുടെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുള്ള ഫണ്ട്**</u>

1089 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴയുടെ വശം ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം മലപ്പുറം ജില്ലക്ക് അനുവദിച്ച തുകയും പ്രവൃത്തികളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) തിരൂരങ്ങാടി താലൂക്കിൽപ്പെട്ട വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ മൂന്നിയൂർ പഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ ഉൾപ്പെടുന്ന പരപ്പനങ്ങാടി ഇറിഗേഷൻ സബ്ഡിവിഷന്റെ കീഴിൽ വരുന്ന കടലുണ്ടി പുഴയുടെ വശം ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>**കുറ്റ്യാടി ഇറിഗേഷൻ പദ്ധതി**</u>

1090 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി നാദാപുരം നിയോജക മണ്ഡലത്തിലെ തൂണേരി വേറ്റുമ്മൽ-കായപ്പനച്ചി –ടെയിൽ എൻഡ് –കനാൽ പദ്ധതിക്ക് ബജറ്റിൽ 1.50 കോടി വകയിരുത്തിയതിന്റെ ഭരണാനുമതി ലഭ്യമാക്കുന്നതിന് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>**നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ കനാൽ റോഡുകൾ**</u>

1091 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ ഫണ്ട് അനുവദിച്ച ഏതെല്ലാം കനാൽ റോഡുകൾക്കാണ് ഇറിഗേഷൻ വകുപ്പിന്റെ അനുമതി നൽകാൻ കാലതാമസം വന്നിട്ടുള്ളത്; പ്രസ്തുത റോഡുകൾ നവീകരിക്കുന്നതിന് അടിയന്തരമായി ഗ്രാമപഞ്ചായത്തിന് അനുമതി നൽകാമോ?

<u>**കുറ്റ്യാടി ജലസേചന പദ്ധതി പുനരുദ്ധാരണം**</u>

1092 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 വർഷം മുതൽ കുറ്റ്യാടി ജലസേചന പദ്ധതിയുടെ പുനരുദ്ധാരണത്തിനായി കുറ്റ്യാടി നിയോജക മണ്ഡലത്തിൽ എത്ര പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; പദ്ധതിയുടെ അടങ്കൽ തുക സഹിതം വിശദമാക്കാമോ;

(ബി) പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി കുറ്റ്യാടി നിയോജക മണ്ഡലത്തിൽ പരിഹരിച്ച പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) 2025-ൽ കുറ്റ്യാടി ഇറിഗേഷൻ പുനരുദ്ധാരണത്തിനായി കുറ്റ്യാടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി സമർപ്പിച്ചിട്ടുള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ പാറന്നൂർ ചിറ ടൂറിസം പദ്ധതി

1093 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ചൂണ്ടൽ പഞ്ചായത്തിലെ പാറന്നൂർ ചിറ ടൂറിസം പദ്ധതി 'ഡെസ്റ്റിനേഷൻ ചലഞ്ച്' പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ എൻ.ഒ.സി. യ്ക്കായി പഞ്ചായത്ത് അധികൃതരുടെ അപേക്ഷ വടക്കാഞ്ചേരി മേജർ ഇറിഗേഷൻ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത എൻ.ഒ.സി. നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

## വൻകിട ജലസേചന പദ്ധതികൾ

1094 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൂർത്തീകരിക്കാത്ത വൻകിട ജലസേചന പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ജലവിഭവ വകുപ്പിനെ നദീതടങ്ങളുടെ അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

## ഗുരുവായൂർ നിയോജക മണ്ഡലത്തിൽ പൊതു കുളങ്ങളുടെ നവീകരണം

1095 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ പൊതു കുളങ്ങൾ നവീകരിക്കുന്നതിന് ഇറിഗേഷൻ വകുപ്പ് മൈനർ വിഭാഗം എത്ര പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്നും വിശദമാക്കാമോ?

## ഇരിണാവ് ഡാം പാലം

1096 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മടക്കര പുഴയിൽ നിർമ്മിച്ച ഇരിണാവ് ഡാം പാലം റഗുലേറ്റർ മാത്രമായി നിലനിർത്തുകയും ഷട്ടർ മാറ്റി പുതിയ ഷട്ടർ സ്ഥാപിക്കുകയും ചെയ്യുന്നതിന് ഡയറക്ടർ കെ.ഇ.ആർ.ഐ. (പീച്ചി) പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## ഡാമുകൾക്ക് ചുറ്റുമുള്ള നിയന്ത്രിത മേഖല

1097 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകൾക്ക് ചുറ്റും നിയന്ത്രിത മേഖലയാക്കിയിട്ടുണ്ടെങ്കിൽ അത് എത്ര ദൂരമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഡാമുകൾക്ക് ചുറ്റും നിയന്ത്രിത മേഖലയാക്കിയിട്ടില്ലെങ്കിൽ അപ്രകാരം ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അത് എത്ര ദൂരമായിരിക്കുമെന്നും വിശദമാക്കാമോ;

(സി) ഡാമുകൾക്ക് ചുറ്റും നിയന്ത്രിത മേഖലയാക്കുകയാണെങ്കിൽ അവിടെ എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തേണ്ടിവരുകയെന്ന് അറിയിക്കാമോ;

(ഡി) ഡാമുകൾക്ക് ചുറ്റും നിയന്ത്രിത മേഖലയാകുമ്പോൾ പ്രസ്തുത മേഖലയിൽ താമസിക്കുന്നവരുടെയും കൃഷിയിറക്കുന്നവരുടെയും ഭൂമി ഏറ്റെടുക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഇ) ഡാമുകൾക്ക് ചുറ്റും നിയന്ത്രിത മേഖലയാകുമ്പോൾ പ്രസ്തുത മേഖലയിൽ താമസിക്കുന്നവർക്ക് നൽകുന്നതിനുള്ള നഷ്ടപരിഹാരം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അത് എത്രയാണെന്ന് അറിയിക്കാമോ;

(എഫ്) ഡാമുകൾക്ക് ചുറ്റും നിയന്ത്രിത മേഖലയാക്കുകയാണെങ്കിൽ പ്രസ്തുത സ്ഥലത്ത് കൃഷി ഇറക്കി വന്നിരുന്നവർക്ക് പകരം കൃഷിഭൂമി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## അരുവിക്കര ഡാമിലെ ഡി-സിൽറ്റേഷൻ പദ്ധതി

1098 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര ഡാമിലെ ഡി-സിൽറ്റേഷൻ പദ്ധതിയുടെ നിർവ്വഹണ പുരോഗതി അറിയിക്കുമോ; ഇവിടെ നിന്നും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന മണലിന്റെ അളവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടെങ്കിൽ അറിയിക്കാമോ; പദ്ധതി ഏത് കാലയളവിനുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്; വിവരങ്ങൾ നൽകുമോ;

(ബി) പദ്ധതി പൂർത്തിയായിക്കഴിയുമ്പോൾ ഡാമിലെ ജലസംഭരണ ശേഷി എത്ര ശതമാനം വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്?

## ഡാമുകളിൽ ഡി-സിൽറ്റേഷൻ നടത്തുന്നതിനുള്ള നടപടി

1099 **ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ ചുമതലയിലുള്ള ഡാമുകളിൽ ഡി-സിൽറ്റേഷൻ നടത്തുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കുമോ;

(ബി) ഡാമുകളുടെ സംഭരണ ശേഷിയിൽ കുറവ് വന്നിട്ടുള്ളതായി ശാസ്ത്രീയ പഠന റിപ്പോർട്ടുകളിലൂടെ അറിയിച്ചിട്ടുണ്ടോ; പഠന റിപ്പോർട്ടുകളുടെ വിശദാംശം നൽകാമോ;

(സി) ഡി-സിൽറ്റേഷൻ നടപടികളുടെ പദ്ധതിരേഖ തയ്യാറാക്കുന്നത് ഏത് ഏജൻസിയുടെ സഹായത്തോടെയാണ്; വ്യക്തമാക്കാമോ?

**<u>മലമ്പുഴ മണ്ഡലത്തിലെ ചെല്ലൻകാവ് മിനി ഡാം നിർമ്മാണം</u>**

1100 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ സംസ്ഥാന ബജറ്റിൽ നാലുകോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനി ഡാം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**<u>പൂരപ്പുഴ പാറയിൽ വി.സി.ബി. നിർമ്മാണത്തിലെ ചോർച്ച പരിഹരിക്കൽ</u>**

1101 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പൂരപ്പുഴ പാറയിലെ വി.സി.ബി. (Vented Cross Bar ) നിർമ്മാണത്തിലെ ചോർച്ച പരിഹരിക്കുന്നതിനായി ഫൈബർ ഷട്ടർ മാറ്റി മെറ്റൽ ഷട്ടർ ആക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) മെക്കാനിക്കൽ വിഭാഗം എൻജിനീയർമാർ വി.സി.ബി.യുടെ ചോർച്ച തടയുന്നതിന് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) വി.സി.ബി.യുടെ ചോർച്ച തടയുന്നതിനുള്ള നടപടി എന്നേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ;

(ഡി) ഈ വി.സി.ബി.യുടെ ചോർച്ച പരിഹരിക്കുന്നതിൽ വന്ന കാലതാമസം എത്രയാണ്; വിശദമാക്കാമോ; കാലതാമസം കാരണം അധികമായി വന്ന സാമ്പത്തിക ബാധ്യത എത്രയാണ്; വിശദമാക്കാമോ;

(ഇ) ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകിയ തീയതി, സാങ്കേതിക അനുമതി നൽകിയ തീയതി, എഗ്രിമെന്റ് ഒപ്പുവെച്ച തീയതി, നിർമ്മാണം പൂർത്തീകരിച്ചെങ്കിലും ചോർച്ചയുള്ളതിനാൽ എം.എൽ.എയുടെ ആവശ്യപ്രകാരം മെക്കാനിക്കൽ എൻജിനീയറിങ് വിഭാഗം സന്ദർശിച്ച തീയതി, ചോർച്ച മാറ്റുന്നതിന് നിലവിലുള്ള ഫൈബർ ഷട്ടർ മാറ്റി മെക്കാനിക്കൽ ഷട്ടർ സ്ഥാപിക്കണം എന്ന് റിപ്പോർട്ട് സമർപ്പിച്ച തീയതി എന്നിവ ഓരോന്നും ഇനം തിരിച്ച് വിശദമാക്കാമോ;

(എഫ്) ഈ പദ്ധതിയുടെ അപാകത പരിഹരിക്കുന്നതിന് മെക്കാനിക്കൽ ഷട്ടർ ആക്കി മാറ്റുന്നതിനുള്ള റിപ്പോർട്ട് പ്രകാരമുള്ള ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണെന്നും, ഇനി ഇതിന്റെ തുടർനടപടികൾ എന്തെല്ലാമാണെന്നും

ബന്ധപ്പെട്ട വകുപ്പിലെയും ചീഫ് എൻജിനീയറുടെയും ഓഫീസിലെയും ഫയൽ നമ്പറുകൾ സഹിതം വിശദമാക്കാമോ? അത് എത്രയാണ്?

## അച്ചൻകോവിലാറിന്റെ ഇടത് കരയിൽ സംരക്ഷണഭിത്തി

1102 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര ഗ്രാമപഞ്ചായത്ത് വാർഡ് 7, കല്ലിമേൽ കല്ലുവളയം പള്ളിക്ക് സമീപം അച്ചൻകോവിലാറിന്റെ ഇടത് കരയിൽ സംരക്ഷണഭിത്തി നിർമ്മിക്കുവാൻ ബജറ്റിൽ മൂന്ന് കോടി രൂപ വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്കായി മേജർ ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

## ഹരിപ്പാട് മണ്ഡലത്തിലെ കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ

1103 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ നടന്നുവരുന്ന കടലാക്രമണ പ്രതിരോധ പ്രവൃത്തികളുടെ നിർവഹണ പുരോഗതി അറിയിക്കാമോ;

(ബി) എ.ഡി.ബി., ലോക ബാങ്ക് സഹായത്തോടെ തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ള കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; ഈ പ്രോജക്ടുകളുടെ തൽസ്ഥിതി സംബന്ധിച്ച വിശദാംശം അറിയിക്കാമോ;

(സി) തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തുകളിൽ അനുഭവപ്പെടുന്ന അതിരൂക്ഷമായ കടലാക്രമണം നേരിടുന്നതിന് കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനും കൂടുതൽ പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## കോഴിക്കോട് പുനൂർ പുഴ സംരക്ഷണം

1104 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പുനൂർ പുഴ സംരക്ഷണത്തിനായി 2021-ൽ ആരംഭിച്ച കാരന്തൂർ മുതൽ മാളിക്കടവ് വരെയുള്ള ഭാഗത്തെ സംരക്ഷണ ഭിത്തി നിർമ്മാണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിനായി തയ്യാറാക്കിയ പദ്ധതികളും ആയതിന് നീക്കി വച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കോട്ടക്കൽ മണ്ഡലത്തിലെ തോടുകളുടെ നവീകരണവും സംരക്ഷണഭിത്തി നിർമ്മാണവും

1105 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ പുഞ്ചപ്പാടം തോട്, പൈങ്കണ്ണൂർ തോട് എന്നിവയുടെ സംരക്ഷണഭിത്തി നിർമ്മാണവും തോടുകളുടെ നവീകരണവും എന്ന പ്രവൃത്തി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന്മേൽ ചീഫ് എഞ്ചിനീയർ (ജലസേചനം) സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) നിലവിൽ കോട്ടക്കൽ മണ്ഡലത്തിലെ തോടുകൾക്ക് സംരക്ഷണ ഭിത്തി കെട്ടുന്നതിനായി എത്ര പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ചീഫ് എഞ്ചിനീയർ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ടെന്നും ഇവയിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ; ഭരണാനുമതി ലഭ്യമാക്കാനുള്ള പ്രവൃത്തികളുടെ വിശദാംശം ഫയൽ നമ്പർ സഹിതം ലഭ്യമാക്കാമോ?

## അട്ടപ്പാടി കുന്ദാനദീതട പദ്ധതി

1106 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി കുന്ദാനദീതട പദ്ധതിയിൽ കയ്യാല കെട്ടുന്നതിന് അട്ടപ്പാടിയിലെ ആദിവാസികളുടെ ആർ.ഒ.ആർ. (റെക്കോർഡ് ഓഫ് റൈറ്റ്സ് ഇൻ ലാൻഡ് റെക്കോർഡ്സ്) രസീതുകൾ ഇറിഗേഷൻ ഉദ്യോഗസ്ഥർ സ്വീകരിച്ചിരുന്നോയെന്ന് വ്യകതമാക്കാമോ; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## ലോക ബാങ്ക് ധനസഹായത്തോടെയുള്ള കടൽഭിത്തി നിർമ്മാണം

1107 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക ബാങ്ക് ധനസഹായത്തോടെ സംസ്ഥാനത്ത് കടൽഭിത്തി നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കാസർകോട് ജില്ലയിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

## കടൽക്ഷോഭം നേരിടുന്ന ഗുരുവായൂർ മണ്ഡലത്തിലെ കടപ്പുറം പഞ്ചായത്ത്

1108 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ കടൽക്ഷോഭം നേരിടുന്ന കടപ്പുറം പഞ്ചായത്തിൽ തകർന്ന് കിടക്കുന്ന കടൽഭിത്തി നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ ജലസേചന വകുപ്പിന്റെ പദ്ധതികൾ

1109 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2025 വരെ കൈപ്പമംഗലം മണ്ഡലത്തിൽ ജലസേചന വകുപ്പ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള വിശദമായ റിപ്പോർട്ട് നൽകാമോ;

(ബി) കൈപ്പമംഗലം മണ്ഡലത്തിലെ എറിയാട്, എടവിലങ്ങ് എന്നീ ഗ്രാമപഞ്ചായത്തുകളിലെ തീരപ്രദേശങ്ങളെ ഹോട്ട്സ്പോട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഈ പ്രദേശത്ത് ടെട്രോ പാഡ് സംരക്ഷിത ഭിത്തി നിർമ്മാണം വേഗത്തിൽ ആക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ഭട്ട് റോഡ് പുലിമുട്ട് നിർമ്മാണം

1110 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ ഭട്ട് റോഡ് പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട മദ്രാസ് ഐ.ഐ.ടി. യുടെ പഠന റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) പദ്ധതി ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## വൈപ്പിൻ മണ്ഡലത്തിലെ കടലാക്രമണം

1111 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ കടലാക്രമണം രൂക്ഷമായിട്ടുള്ളതും ജനവാസകേന്ദ്രങ്ങളെ ബാധിക്കുന്നതുമായ എടവനക്കാട്, നായരമ്പലം, പള്ളിപ്പുറം, ഞാറക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളിലെ തകർന്നു കിടക്കുന്ന കടൽ ഭിത്തികൾ നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങൾ ഹോട്ട്സ്പോട്ടുകളിൽ ഉൾപ്പെടുത്തി കടലാക്രമണം തടയുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനായി 09.08.2024-ന് ബഹു. ജലവിഭവ വകുപ്പ് മന്ത്രിക്ക് എം.എൽ.എ. നിവേദനം സമർപ്പിച്ചിരുന്നതും ആയതുപ്രകാരം IR2/355/ജ.വി.വ നമ്പർ ഫയലിൽ അടിയന്തര റിപ്പോർട്ടിനായി ചീഫ് എഞ്ചിനിയർക്ക് നിർദേശം നൽകിയിരുന്നതിൽ, നാളിതുവരെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ;

(സി) റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ എല്ലാ കടൽത്തീരങ്ങളേയും ഉൾപ്പെടുത്തി നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ.സി.സി.ആർ.) സമർപ്പിച്ച കരട് റിപ്പോർട്ടിൽ

സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ; ഇതിന്റെ അടിസ്ഥാനത്തിൽ കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് ഡിസൈൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി എപ്പോൾ നടപ്പിലാക്കാൻ സാധിക്കുമെന്നും ആയതിനുള്ള ധനസ്രോതസ് ഏതെന്നും വിശദമാക്കുമോ;

(എഫ്) ഇതു സംബന്ധിച്ച ജലവിഭവ വകുപ്പിലെ ഫയൽ നമ്പറുകൾ ഏതെല്ലാമെന്ന് അറിയിക്കുമോ ?

## മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ അമ്പാട്ട്തോട് സംരക്ഷണ ഭിത്തി നിർമാണം

1112 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബജറ്റിൽ 1.5 കോടി രൂപ വകയിരുത്തിയ മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ അമ്പാട്ട്തോട് സംരക്ഷണ ഭിത്തി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ വലിയ പറമ്പ് ദ്വീപ്

1113 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വലിയ പറമ്പ് ദ്വീപ് പഞ്ചായത്തിനെ സംസ്ഥാന ജലവിഭവ വകുപ്പ് 'ഹോട്ട് സ്പോട്ട്' ആയി ഉൾപ്പെടുത്തി വർഷങ്ങൾ കഴിഞ്ഞിട്ടും കടലാക്രമണം തടയുന്നതിനായി ഒരു പദ്ധതിയും സ്വീകരിക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് അറിയിക്കാമോ?

## കണ്ണൂർ-പയ്യാമ്പലം ബീച്ച് വാക്ക് വേ - രണ്ടാം ഘട്ടം

1114 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിൽ, കണ്ണൂർ-പയ്യാമ്പലം ബീച്ച് വാക്ക് വേ - രണ്ടാം ഘട്ടത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനായി ജല വിഭവ വകുപ്പിന്റെ അനുമതി വേണമെന്നാവശ്യപ്പെട്ട് കത്ത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത കത്തിന് മറുപടിയായി എൻ.ഒ.സി. നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് നൽകാമോ; എൻ.ഒ.സി. നൽകിയിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് വകുപ്പ് എന്തെങ്കിലും മറുപടി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

## കുന്നംകുളം മണ്ഡലത്തിലെ കരിച്ചാൽക്കടവ് റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പുരോഗതി

1115 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ കരിച്ചാൽക്കടവ് റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പദ്ധതി സംബന്ധിച്ച് പുതുക്കിയ ഭരണാനുമതിക്ക് വേണ്ടി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) ടി പ്രവൃത്തി എന്നേക്ക് പൂർത്തീകരിക്കാനാകും; വ്യക്തമാക്കാമോ?

## ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ്

1116 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജിന്റെ "തിണപ്പഴക്ക്" (സീവേജ്) മൂലമുള്ള വെള്ളത്തിന്റെ ചോർച്ച അടയ്ക്കുന്നതിന് ടെണ്ടർ എടുത്ത് മൂന്നു വർഷമായിട്ടും നിരവധി തവണ കരാർ തുക കൂട്ടി നൽകിയിട്ടും കരാർ കാലാവധി നീട്ടി നൽകിയിട്ടും ഇന്നേ വരെ പ്രവൃത്തി പൂർത്തികരിക്കാത്ത കോൺട്രാക്ടർക്കെതിരായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## കടക്കാട്ടുപാറ ആല്യംകടവ് റെഗുലേറ്റർ പദ്ധതി

1117 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ജലസേചന മേഖലയിൽ കടക്കാട്ടുപാറ ആല്യംകടവ് റെഗുലേറ്റർ പദ്ധതി നടപ്പാക്കുന്നതിന് കിഫ്ബിയിൽ നിന്നും അനുമതി ലഭിക്കുന്നതിലേക്കായി ജലസേചന വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) ജലസേചന വകുപ്പ് 2025-'26 സാമ്പത്തിക വർഷം തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കുന്ന പദ്ധതികളുടെ മുൻഗണനാ പട്ടികയിൽ കടക്കാട്ടുപാറ ആല്യംകടവ് റെഗുലേറ്റർ പദ്ധതിയെ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

## ഉടുമ്പനാശ്ശേരി വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം

1118 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ചെറുപുഴയ്ക്ക് കുറുകെയുള്ള ഉടുമ്പനാശ്ശേരി വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇരുപത് ശതമാനം തുക ബജറ്റിൽ വകയിരുത്തിക്കൊണ്ട് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; ഭരണാനുമതി ലഭിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസം ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയ്ക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## നട്ടികടവ് റഗുലേറ്റർ കം ബ്രിഡ്ജ്

1119 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പ്രവൃത്തിയുടെ ഡിസൈൻ തയ്യാറാക്കി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## തൃക്കുന്നപ്പുഴ പാലത്തിന്റെ പുനർനിർമ്മാണം

1120 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാത വികസനത്തിന്റെ ഭാഗമായി തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പഴയ പാലം പൊളിച്ച് പുനർനിർമ്മിക്കുന്ന പ്രവർത്തിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി ആദ്യം നിശ്ചയിച്ചിരുന്ന സമയപരിധി എന്നായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) നിശ്ചിത സമയപരിധിക്കുള്ളിൽ ഈ പ്രവൃത്തി പൂർത്തീകരിക്കാത്തിന്റെ കാരണം എന്തെന്ന് വിശദമാക്കുമോ; ഇക്കാര്യത്തിൽ ആരുടെ ഭാഗത്ത് നിനാണ് വീഴ്ച്ച സംഭവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പാലത്തിന്റെ നിർമ്മാണം വൈകുന്നത് കാരണം തൃക്കുന്നപ്പുഴ പഞ്ചായത്തിലെ തീരദേശ നിവാസികൾ അനുഭവിക്കുന്ന പ്രതിസന്ധിയും, പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) തൃക്കുന്നപ്പുഴ പാലത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ്

1121 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ തകർന്ന അപ്രോച്ച് റോഡ് പുനർനിർമ്മിക്കുന്നതിനും റെഗുലേറ്ററിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുമായി സമർപ്പിച്ച എസ്റ്റിമേറ്റിന് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) 2025-26 വർഷ ബജറ്റിന്റെ ചർച്ചയുടെ മറുപടി പ്രസംഗത്തിൽ ധനകാര്യ വകുപ്പ മന്ത്രി പ്രഖ്യാപിച്ചതിനനുസൃതമായി ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിന്റെയും അപ്രോച്ച് റോഡിന്റേയും നിർമ്മാണത്തിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## ന്യൂ കട്ട് റെഗുലേറ്റർ

1122 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ ന്യൂ കട്ട് പുഴയിലുള്ള ന്യൂ കട്ട് റെഗുലേറ്റർ പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ എന്തെല്ലാമായി; ഈ പ്രവൃത്തിയുടെ ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണ് ഉള്ളത്; ഫയൽ നമ്പർ സഹിതം വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തിയിൽ വരുന്ന നിർമ്മാണങ്ങൾ എന്തെല്ലാമാണ്; ഇനം തിരിച്ച് വിശദമാക്കാമോ;

(സി) ന്യൂ കട്ട് പുഴയുടെ വീതിയും, ആഴവും കൂട്ടി, സൈഡ് കെട്ടി സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികൾ ഈ പദ്ധതിയുടെ ഭാഗമായി ചേർത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

## കുമ്പള കഞ്ചികട്ട റെഗുലേറ്റർ കം ബ്രിഡ്ജ്

1123 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുമ്പള കഞ്ചികട്ട റെഗുലേറ്റർ കം ബ്രിഡ്ജ് അടച്ചിട്ടതുമൂലം ഗതാഗതം തടസ്സപ്പെട്ടതിനാൽ പൊതു ജനങ്ങൾ പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റെഗുലേറ്റർ കം ബ്രിഡ്ജ് പുനർ നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) നടപ്പു വർഷത്തെ നബാർഡ് ആർ. ഐ. ഡി. എഫ്. (റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെനിർവ്വഹണംന്റ് ഫണ്ട്) പദ്ധതിയിൽ ഉൾപ്പെടുത്തി കഞ്ചികട്ട റെഗുലേറ്റർ കം ബ്രിഡ്ജ് പുനർനിർമ്മിക്കാനുള്ള നടപടി സ്വീകരിക്കുമോ?

## ബാക്കിക്കയം റെഗുലേറ്ററിന്റെ പ്രവർത്തനം

1124 **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര നിയോജമണ്ഡലത്തിലെ വേങ്ങര പഞ്ചായത്തിൽ പാണ്ടികശാലയ്ക്ക് സമീപം കടലുണ്ടി പുഴയ്ക്ക് കുറുകെയുള്ള ബാക്കിക്കയം റെഗുലേറ്ററിന്റെ നിലവിലെ പ്രവർത്തനം സംബന്ധിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത റെഗുലേറ്ററിന്റെ ശേഷിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള ഫയലിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) ബാക്കിക്കയം റെഗുലേറ്ററിന്റെ ശേഷിക്കുന്ന പ്രവൃത്തിയുടെ ഫയൽ രണ്ടു തവണ ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ ധനകാര്യ വകുപ്പിന്റെ അഭിപ്രായം എന്തായിരുന്നുവെന്ന് വിശദമാക്കുമോ;

(ഡി) ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെയും ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>മങ്കട കീഴ്മുറിക്കടവ് മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം</u>**

1125 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി കേരള ഇറിഗേഷൻ ഇൻഫ്രാ സ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ നിർമ്മിക്കുന്ന കീഴ്മുറിക്കടവ് മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് തീയതിയിൽ പൂർത്തിയാക്കാൻ കഴിയുമെന്നും പദ്ധതി അടിയന്തരമായി പൂർത്തീകരിച്ച് മണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കാമോ?

**<u>മണലൂർ മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികൾ</u>**

1126 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ നിലവിൽ പുരോഗമിച്ച് കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

**<u>ജലവിഭവ വകുപ്പ് മുഖേന പട്ടാമ്പി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ</u>**

1127 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെയും മുൻ സർക്കാരിന്റെയും കാലയളവിൽ പട്ടാമ്പി നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിലോ പ്രാദേശിക ഫണ്ടിലോ ഉൾപ്പെടാത്ത ഏതെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ വിശദവിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ചതിന്റെ ഉത്തരവുകളുടെ പകർപ്പ് സഹിതം ലഭ്യമാക്കുമോ;

(സി) പദ്ധതിയുടെ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള വിവരങ്ങൾ നൽകാമോ?

## ഇരിക്കൂർ മണ്ഡലത്തിലെ മൈനർ, മേജർ ഇറിഗേഷൻ പദ്ധതികൾ

1128 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ, മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് പ്രവൃത്തി ആരംഭിച്ചതുമായ മൈനർ, മേജർ ഇറിഗേഷൻ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ കിഴക്കോളൂരിൽ കേച്ചേരിപ്പുഴ ബണ്ട് നിർമ്മാണം

1129 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിലെ കിഴക്കോളൂരിൽ കേച്ചേരിപ്പുഴയുടെ ബണ്ട് 2018-ലെ പ്രളയത്തിൽ തകർന്നതുമൂലം പുഴ മാറി ഒഴുകിയതിനാൽ കിഴക്കോളൂർ പ്രദേശത്ത് വളരെയേറെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) 2024-ലും പ്രളയക്കെടുതിമൂലം ഈ പ്രദേശത്തുള്ളവരെ മാറ്റി പാർപ്പിക്കേണ്ടി വന്നിട്ടുള്ളതിനാൽ തകർന്ന ബണ്ട് ബലപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) മഴക്കാലത്ത് ഈ പ്രദേശത്തുള്ളവർക്ക് നാശനഷ്ടങ്ങളും പ്രയാസങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തകർന്ന ബണ്ട് ബലപ്പെടുത്തുന്നതിന് വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

## ചേലക്കര നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

1130 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ ചേലക്കര മൈനർ ഇറിഗേഷൻ സെക്ഷൻ ഓഫീസ്, വടക്കാഞ്ചേരി മൈനർ ഇറിഗേഷൻ സെക്ഷൻ ഓഫീസ് എന്നീ ഓഫീസുകൾക്ക് കീഴിൽ എത്ര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളാണ് നിലവിലുള്ളത്; ഇതിന്റെ പേരുവിവരം മൈനർ ഇറിഗേഷൻ സെക്ഷൻ തലത്തിൽ വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഏതെല്ലാമാണ് പരിപൂർണ്ണമായി പ്രവർത്തന സജ്ജമായിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) അറ്റകുറ്റപണി നടത്താനുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഏതെല്ലാമാണ്; കർഷകർക്ക് യഥാസമയം വെള്ളം ലഭ്യമാക്കുന്നതിന് ഇവ അടിയന്തരമായി അറ്റകുറ്റപണി നടത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## സ്ഥലം ഏറ്റെടുത്ത വകയിൽ ശ്രീ. കെ.പി. ജോസഫിന് ലഭിക്കാനുള്ള നഷ്ടപരിഹാരം

1131 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളക്കുളം ഗ്രാമ പഞ്ചായത്തിലെ തന്റെ സ്ഥലം മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിക്കായി ഏറ്റെടുത്ത വകയിലുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിന് ശ്രീ. കെ.പി. ജോസഫ്, കയ്യൂരിക്കൽ വീട്, കാരിക്കോട് എന്ന വ്യക്തി നൽകിയ അപേക്ഷയിൽ ജലസേചന വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത വ്യക്തിക്ക് എൽ.എ.ആർ നം. 49/2011 & LA APP NO.429/2013 പ്രകാരം എത്ര രൂപയാണ് സ്ഥലമേറ്റടുക്കലുമായി ബന്ധപ്പെട്ട് നൽകുവാൻ ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ശ്രീ. കെ. പി. ജോസഫിന്റെ പരാതി പരിഹരിക്കുന്നതിന് ജലസേചന വകുപ്പ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

**<u>കേരള വാട്ടർ അതോറിറ്റി നിയമനങ്ങളിലെ ക്രമക്കേടുകൾ</u>**

1132 **ശ്രീ. ടി. വി. ഇബ്രാഹിം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് ഒഴിവുകൾ ഇല്ലാതിരുന്നിട്ടും നിയമനം നടത്തിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംഭവത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) നിയമന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തിയിട്ടുണ്ടോ; ഇവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) വാട്ടർ അതോറിറ്റി ഡയറക്ടർ ബോർഡുമായി ആലോചിക്കാതെ തീരുമാനങ്ങൾ എടുത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**<u>സീതാർകുണ്ട് മിനി ഡൈവേഴ്ഷൻ പദ്ധതി</u>**

1133 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ സംസ്ഥാന ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ സീതാർകുണ്ട് മിനി ഡൈവേഴ്ഷൻ പദ്ധതി തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ?

**<u>ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ</u>**

1134 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കി വരുന്ന ജല വിഭവ വകുപ്പുമായി ബന്ധപെട്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) ഓരോ പ്രവൃത്തികളുടേയും പുരോഗതികൾ വിശദീകരിക്കാമോ;

(സി) തോടു നവീകരണം, പാർശ്വഭിത്തി സംരക്ഷണം, തടയണ നിർമ്മാണം, കനാൽ നിർമ്മാണം എന്നിവയിൽ പ്രപ്പോസലുകൾ സമർപ്പിച്ച പുതിയ പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## നിരാക്ഷേപ പത്രം അനുവദിക്കാൻ നടപടി

1135 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴയിൽ പുതിയ കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന്, കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ അധികാര പരിധിയിൽപ്പെട്ട സ്ഥലം കെ.എസ്.ഇ.ബി.-ക്ക് ലീസിനു നൽകുവാൻ നിരാക്ഷേപ പത്രം അനുവദിക്കുന്നതിനായി ജലസേചന വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## വേമ്പനാട്ടുകായലിന്റെ പുനരുജ്ജീവനം

1136 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട്ടുകായലിന്റെ സംഭരണശേഷി 15 ശതമാനമായി കുറഞ്ഞു എന്ന റിപ്പോർട്ട് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകാമോ;

(ബി) മാലിന്യങ്ങളും കൈയ്യേറ്റവും മൂലം കായലിന്റെ വിസ്തൃതി കുറഞ്ഞതായും ജലസംഭരണശേഷി 85% നഷ്ടപ്പെട്ടതായും കണ്ടെത്തിയിരിക്കുന്ന സാഹചര്യത്തിൽ റംസാർ സൈറ്റായ വേമ്പനാട്ടുകായലിന്റെ പുനരുജ്ജീവനത്തിനായി സമഗ്രമായ കർമ്മപദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കുമോ?

## നദീതട സംരക്ഷണം

1137 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്കവും വരൾച്ചയും നേരിടാനും നദീതട പരിപാലനത്തിനുമുള്ള നദീതട സംരക്ഷണ ചട്ടക്കൂടിന് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) നദീതട സംരക്ഷണം ലക്ഷ്യമിട്ട് അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നിയമനിർമാണത്തിൽനിന്നും സർക്കാർ പിന്മാറിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## ഡാമുകൾക്കും ജലാശയങ്ങൾക്കും ചുറ്റും ബഫർസോൺ

1138 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാമുകൾക്കും ജലാശയങ്ങൾക്കും ചുറ്റും ബഫർസോൺ കൊണ്ടുവരുന്നതിന് സർക്കാർ ഉത്തരവിറക്കിയിരുന്നോ; ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ഉത്തരവിറക്കിയതെന്ന് വ്യക്തമാക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) എതിർപ്പിനെ തുടർന്ന് പ്രസ്തുത ഉത്തരവ് പിൻവലിക്കുവാൻ സർക്കാർ തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

## അനധികൃത കുഴൽക്കിണറുകൾക്കെതിരെ നടപടി

1139 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കുഴൽക്കിണറുകൾ സ്ഥാപിക്കാൻ ജലവിഭവ വകുപ്പ് അനുമതി നൽകുന്നുണ്ടോ; ഇതിനുള്ള നിലവിലെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) 2024-25 വർഷത്തിൽ അനധികൃത കുഴൽക്കിണറുകൾക്കെതിരെ എത്ര നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

## ഭൂജല വകുപ്പിന്റെ പ്രവർത്തനം

1140 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജലവകുപ്പിന്റെ പ്രവർത്തനലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) തീരദേശത്തെ കുഴൽക്കിണറുകളിലെ ഭൂജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളത്തിന്റെ തീരദേശ മേഖലയിൽ എത്ര കുഴൽക്കിണർ നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിവിധ ജില്ലകളുടെ തീരദേശത്ത് ഭൂജലവകുപ്പിന്റെ യന്ത്രങ്ങൾ നിർമ്മിച്ചതും കരാറുകാർ വഴി നിർമ്മിച്ചതുമായ കുഴൽക്കിണറുകളുടെ കണക്ക് തരം തിരിച്ച് ലഭ്യമാക്കാമോ; ജില്ലകൾ തമ്മിലുള്ള എണ്ണത്തിന്റെ അന്തരം എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ അംഗീകൃതമല്ലാത്ത കുഴൽക്കിണർ നിർമ്മാണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമാനുസൃതമല്ലാത്ത കുഴൽക്കിണർ നിർമ്മാണത്തിന് ഈ സർക്കാർ വന്നതിനുശേഷം എത്ര തുക പിഴ ഈടാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

## ഭൂജല വകുപ്പിന്റെ ആലപ്പുഴ ജില്ലാ ഓഫീസിൽ നടത്തിയ പരിശോധനകൾ

1141 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23-ന് ശേഷം ധനകാര്യ പരിശോധനാ വിഭാഗം ആലപ്പുഴ ഭൂജലവകുപ്പ് ജില്ലാ ഓഫീസിൽ എത്ര തവണ പരിശോധന നടത്തിയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത

പരിശോധനകളിൽ ടി ഓഫീസിൽ ക്രമക്കേടുകൾ കണ്ടെത്തുകയും റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ലഭിച്ച റിപ്പോർട്ടിൽ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടി ശിപാർശ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## നാദാപുരം നിയോജക മണ്ഡലത്തിലെ ജൽജീവൻ പദ്ധതി പ്രവർത്തനം

1142 **ശ്രീ. ഇ കെ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ ജൽജീവൻ മിഷൻ നടത്തിവരുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭാഗമായ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെയും വാട്ടർ ടാങ്കുകളുടെയും നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(സി) പ്രവൃത്തിക്ക് വേണ്ടി എടുത്ത റോഡിലെ കുഴികൾ മൂടിയ ശേഷം പൂർണമായി ഗതാഗത യോഗ്യമാക്കിയിട്ടുണ്ടോ;

(ഡി) ജൽജീവൻ പദ്ധതി പ്രവർത്തനാനന്തരം പുന:സ്ഥാപിച്ചതും അല്ലാത്തതുമായ റോഡുകളുടെ വിവരങ്ങൾ പ്രത്യേകമായി കാണിക്കുന്ന പട്ടിക ലഭ്യമാക്കാമൊ ?

## ഉപയോഗശൂന്യമായ ജലസംഭരണി ടാങ്കുകൾ പൊളിച്ചുനീക്കാൻ നടപടി

1143 **ഡോ. എം. കെ. മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ ഉടമസ്ഥതയിൽ എത്ര ഉപയോഗശൂന്യമായ ജലസംഭരണി ടാങ്കുകളുണ്ടെന്നുള്ള കണക്ക് ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(ബി) പഴക്കംമൂലം അപകടാവസ്ഥയിലായ ഈ ടാങ്കുകൾ പൊളിച്ചു നീക്കുന്നതിനുള്ള പ്രത്യേക പദ്ധതികളോ നടപടികളോ സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കൊതുകുകളുടെ വളർച്ചയ്ക്ക് പ്രധാന കേന്ദ്രങ്ങളായി മാറിയിരിക്കുന്ന ഇത്തരത്തിലുള്ള ടാങ്കുകൾ പൊതുജനങ്ങളിൽ കൊതുകുജന്യ രോഗങ്ങൾ വ്യാപിക്കുന്നതിന് കാരണമാകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പൊതുജനാരോഗ്യത്തിന് ഗുരുതര ഭീഷണിയായിരിക്കുന്ന ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## കാഞ്ഞൂർ പഞ്ചായത്തിലെ ജൽ ജീവൻ പദ്ധതി

1144 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജക മണ്ഡലത്തിൽ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള കുടിവെള്ള സംഭരണി നിർമ്മിക്കുന്നതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കുടിവെള്ള സംഭരണി സ്ഥാപിക്കുന്ന സ്ഥലത്തേക്ക് റോഡ് നിർമ്മിക്കാനുള്ള ആവശ്യം ജലവിഭവ വകുപ്പിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; റോഡു നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ജലവിഭവ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ആലുവ നിയോജക മണ്ഡലത്തിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പുലൈൻ സ്ഥാപിക്കുന്നതിനായി കുഴിച്ച മുഴുവൻ റോഡുകളും ടാർ ചെയ്തും കോൺക്രീറ്റ് ചെയ്തും പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പഞ്ചായത്ത് പരിധിയിൽ പൈപ്പ് ലൈനിനായി കുഴിച്ച എത്ര കിലോമീറ്റർ റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാനുള്ള അടിയന്തിര നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ; വ്യക്തമാക്കുമോ?

## <u>കുറ്റ്യാടി മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി</u>

1145 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ എട്ടു ഗ്രാമപഞ്ചായത്തുകളിലായി നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ അവസ്ഥ ; പദ്ധതിയുടെ അടങ്കൽ തുക; പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന സമയം; ഗുണഭോക്താക്കളുടെ എണ്ണം എന്നിവ പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ;

(ബി) ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തകരാറിലായ കുറ്റ്യാടി നിയോജക മണ്ഡലത്തിലെ വിവിധ റോഡുകൾ പൂർവ്വസ്ഥിതിയിലേക്ക് മാറ്റുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; ഇതുവരെയായി എത്ര റോഡുകൾ പൂർവ്വസ്ഥിതിയിലേക്ക് മാറ്റിയിട്ടുണ്ട് എന്നും ഇനി എത്ര റോഡുകൾ പൂർവ്വസ്ഥിതിയിലേക്ക് മാറ്റാൻ ബാക്കിയുണ്ട് എന്നും പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(സി) ഇത്തരത്തിൽ തകരാറിലായ റോഡുകൾ പൂർവ്വസ്ഥിതിയിലേക്ക് മാറ്റുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>ജൽ ജീവൻ മിഷൻ പദ്ധതി</u>

1146 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പദ്ധതി നടത്തിപ്പിന്റെ അഖിലേന്ത്യാ ശരാശരി എത്രയാണ്; സംസ്ഥാനത്ത് എത്ര ശതമാനം പണികൾ നാളിതുവരെ പൂർത്തീകരിച്ചു; പദ്ധതി നടത്തിപ്പിൽ സംസ്ഥാനം വളരെ പിന്നിലാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ അതിനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ജൽ ജീവൻ മിഷൻ പദ്ധതിയിൽ സംസ്ഥാനത്ത് നടപ്പാക്കുന്ന പ്രവൃത്തികൾക്ക് ആകെ എത്ര തുകയാണ് ആവശ്യമായിട്ടുള്ളത്; ഇതിൽ കേന്ദ്ര വിഹിതം എത്രയാണ്;

സംസ്ഥാന വിഹിതം എത്രയാണ്; കേന്ദ്രവിഹിതമായി നാളിതുവരെ എത്ര ലഭിച്ചിട്ടുണ്ട്; എത്ര തുക സംസ്ഥാന വിഹിതമായി നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ കേന്ദ്ര വിഹിതം വെട്ടിക്കുറയ്ക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ; കേന്ദ്രവിഹിതം കുറയുന്ന സാഹചര്യത്തിൽ അവശേഷിക്കുന്ന തുക ഏത് രീതിയിൽ കണ്ടെത്താനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്; പദ്ധതി പൂർത്തീകരണത്തിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ ?

## ജൽ ജീവൻ കരാറുകാർക്ക് നൽകാനുള്ള കുടിശിക

1147 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ പദ്ധതിയുടെ പണി പൂർത്തിയായിട്ടില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയിലെ കരാറുകാർക്ക് നൽകുവാനുള്ള കുടിശിക എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## മട്ടന്നൂർ മണ്ഡലത്തിൽ ജൽജീവൻ മിഷൻ

1148 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) മട്ടന്നൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിൽ ജൽജീവൻ മിഷൻ വഴി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ

1149 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ വഴി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഓരോ പദ്ധതിയ്ക്കും എത്ര തുക വീതമാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ജൽ ജീവൻ മിഷൻ പദ്ധതി വഴി കുന്നത്തുനാട് മണ്ഡലത്തിൽ എത്ര പേർക്ക് പുതുതായി വാട്ടർ കണക്ഷൻ ലഭ്യമാക്കി എന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ജൽജീവൻ മിഷൻ പദ്ധതികളിൽ ഏതെല്ലാം പൂർത്തീകരിച്ചു; ഇനി ഏതെല്ലാം പദ്ധതികൾ പൂർത്തീകരിക്കാനുണ്ട്;

വ്യക്തമാക്കാമോ;

(ഇ) പൂർത്തീകരിക്കാത്ത പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ; മുഴുവൻ പ്രവൃത്തികളും വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കോട്ടക്കൽ മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി

1150 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കോട്ടക്കൽ നഗരസഭ, മാറാക്കര, ആതവനാട് എന്നീ തദ്ദേശസ്ഥാപനങ്ങളുടെ പരിധിയിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി സ്വകാര്യ വ്യക്തിയിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് റവന്യൂ(ബി) വകുപ്പിൽ നിന്നും നൽകിയ പ്രൊപ്പോസലിന്മേൽ ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ജലവിഭവ(സി) വകുപ്പിലുള്ള C3/235/2025 നമ്പർ ഫയലിന്റെ വിശദാംശവും പകർപ്പും ലഭ്യമാക്കുമോ;

(സി) ജൽ ജീവൻ മിഷൻ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ നടപടികളിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ജലജീവൻ മിഷൻ പദ്ധതികൾ

1151 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പദ്ധതി ഏതു ഘട്ടത്തിലാണെന്നും എത്ര ശതമാനം വരെ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഉള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## ജൽ ജീവൻ മിഷൻ

1152 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ മുഖാന്തരം ഇതുവരെ നൽകിയ കുടിവെള്ള കണക്ഷനുകളുടെ എണ്ണവും ഇനി നൽകാനുള്ള കണക്ഷനുകളുടെ എണ്ണവും വിശദമാക്കുമോ;

(ബി) വാമനപുരം മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ മുഖാന്തരം നൽകിയ കുടിവെള്ള കണക്ഷനുകളുടെ എണ്ണവും ഇനി നൽകാനുള്ള കണക്ഷനുകളുടെ എണ്ണവും വിശദമാക്കുമോ?

## ജൽജീവൻ മിഷൻ പദ്ധതി

1153 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവിധ കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം മുടങ്ങിയതിനാൽ കടുത്ത പ്രതിസന്ധിയുണ്ടായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) എത്ര പദ്ധതികളാണ് ഇപ്രകാരം മുടങ്ങിയിട്ടുള്ളതെന്നും അവയുടെ പേരും കാരണവും കാണിച്ച പട്ടികയോടൊപ്പം വ്യക്തമാക്കുമോ;

(സി) ടെൻഡർ നടപടികൾ പൂർത്തീകരിച്ച പദ്ധതികൾക്ക് കേന്ദ്ര അനുമതി വൈകുന്നതിനാൽ ലെറ്റർ ഓഫ് അക്സപ്റ്റൻസ് നൽകുവാൻ സാധിക്കാതെ വരുന്നത് പ്രതിസന്ധി സൃഷ്ടിക്കുന്ന സാഹചര്യത്തിൽ, കേന്ദ്ര അനുമതി ലഭ്യമാക്കുന്നതിന് അടിയന്തര ഇടപെടൽ നടത്തുമോ; വ്യക്തമാക്കുമോ ;

(ഡി) കേന്ദ്ര അനുമതിക്കായി കാത്തുനിൽക്കാതെ നിലവിൽ ടെൻഡർ ചെയ്ത ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് മുൻകൈയെടുക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

## വണ്ടാഴി-കിഴക്കഞ്ചേരി-കണ്ണമ്പ്ര-വടക്കഞ്ചേരി കുടിവെള്ള പദ്ധതി

1154 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടാഴി-കിഴക്കഞ്ചേരി-കണ്ണമ്പ്ര-വടക്കഞ്ചേരി കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

## പുനലൂർ നിയോജക മണ്ഡലത്തിലെ ജൽ ജീവൻ മിഷന്റെ പദ്ധതി

1155 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി നൽകിയ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്(ഡി. പി. ആർ ) എസ്റ്റിമേറ്റ് പ്രകാരമുള്ള പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ടി പദ്ധതിയുടെ നിലവിലെ പുരോഗതി പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം രൂക്ഷമായ കരവാളൂർ, ഇടമുളക്കൽ, തെന്മല, ആര്യങ്കാവ് പഞ്ചായത്തുകളിൽ കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) തെന്മല, ആര്യങ്കാവ് പഞ്ചായത്തുകളിൽ നിലവിലുള്ള വിവിധ കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ടി പഞ്ചായത്തുകളിൽ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങളെ ലിസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ജൽജീവൻ മിഷൻ കുടിവെള്ള പദ്ധതി

1156 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ ഉൾപ്പടെ ഏതൊക്കെ കുടിവെള്ള പദ്ധതികളുടെ പ്രവൃത്തികൾ നിലവിൽ നടന്നുവരുന്നു എന്നത് വിശദമാക്കാമോ;

(ബി) ഇതിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും എത്രയെണ്ണം കമ്മീഷൻ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) നിലവിൽ നടന്നുവരുന്ന പദ്ധതികൾ എന്ന് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ?

## ജൽജീവൻ മിഷൻ പദ്ധതി

1157 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ പദ്ധതിയുടെ പ്രവൃത്തികൾക്കായി റോഡുകൾ കുഴിക്കുമ്പോൾ ആയതു പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനുള്ള തുക പ്രസ്തുത പ്രവൃത്തിയുടെ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം തുകയാണ് ഇപ്രകാരം വകയിരുത്തുന്നത്; വിശദാംശം വ്യക്തമാക്കുമോ; പ്രസ്തുത തുക ചെലവഴിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; ഇപ്രകാരം റോഡുകൾ പൂർവസ്ഥിതിയിൽ ആക്കുന്നുണ്ടെന്ന് പരിശോധിക്കുന്നതിന് എന്ത് നടപടിക്രമമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മേൽപറഞ്ഞ പ്രകാരം കുഴിക്കുന്ന റോഡുകൾ പൂർവസ്ഥിതിയിലാക്കുന്നതിന് പ്രത്യേക തുക കരാറിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ റോഡുകൾ പൂർവസ്ഥിതിയിൽ ആക്കുന്നതിന് ഏതു മാർഗ്ഗമാണ് അവലംബിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

## ജൽജീവൻ പദ്ധതിയ്ക്കുവേണ്ടി വെട്ടിപ്പൊളിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കൽ

1158 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ പദ്ധതിയ്ക്കുവേണ്ടി വെട്ടിപ്പൊളിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് സർക്കാർ നിർദ്ദേശമുണ്ടായിട്ടും സത്വരനടപടികൾ സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുത്ത് വർഷങ്ങളായിട്ടും പൂർത്തീകരിക്കാത്ത കോൺട്രാക്ടർമാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## ജൽജീവൻ മിഷൻ പദ്ധതിയിലെ കുടിശ്ശിക

1159 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പദ്ധതിയിൽ കരാറുകാർക്ക് നിലവിൽ എത്ര തുക കുടിശ്ശിക ഇനത്തിൽ വിതരണം ചെയ്യാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ ;

(ബി) കരാറുകാർക്ക് യഥാസമയം തുക നൽകുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; കുടിശ്ശിക പൂർണ്ണമായും എന്നത്തേക്ക് വിതരണം ചെയ്യുവാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ ?

**<u>കുണ്ടറ നിയോജകമണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ</u>**

1160 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ നാളിതുവരെ കുണ്ടറ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണെന്നും അതിനായി അനുവദിച്ചിട്ടുള്ള തുക എത്രയെന്നും പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ പ്രവർത്തന പുരോഗതി എന്തെന്നും വിശദമാക്കാമോ?

**<u>ഉടുമ്പൻചോല മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി</u>**

1161 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ഓരോ പഞ്ചായത്തിലും അനുവദിച്ച തുക, പ്രവർത്തനങ്ങളുടെ പുരോഗതി ശതമാനാടിസ്ഥാനത്തിൽ, കുടിവെള്ളം നൽകാൻ ഉദ്ദേശിക്കുന്ന സ്രോതസ്സ് ഇവ സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും നൽകാൻ തീരുമാനിച്ച കുടിവെള്ള കണക്ഷനുകളുടെ എണ്ണം, നിലവിൽ കൊടുത്തിട്ടുള്ള കുടിവെള്ള കണക്ഷനുകളുടെ എണ്ണം ഇവ സംബന്ധിച്ച വിശദാംശം നൽകാമോ?

**<u>ശുദ്ധജലം കുപ്പികളിലാക്കി വിതരണം ചെയ്യുന്ന പദ്ധതി</u>**

1162 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ ശുദ്ധജലം കുപ്പികളിലാക്കി വിതരണം ചെയ്യുന്ന പദ്ധതി എല്ലാ ജില്ലകളിലും കാര്യക്ഷമമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

**<u>കാസർഗോഡ് ജില്ലയിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ദതികൾ</u>**

1163 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒൻപത് വർഷത്തിനിടയിൽ കാസർഗോഡ് ജില്ലയിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളേതൊക്കെയാണെന്നുള്ള വിവരം നിയോജകമണ്ഡലം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ;

(സി) പൂർത്തിയാക്കിയ പ്രവൃത്തികളും ആരംഭിക്കാത്ത പ്രവൃത്തികളും ഭാഗികമായി മാത്രം പൂർത്തിയായ പ്രവൃത്തികളും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ പ്രവൃത്തിയും ഏറ്റെടുത്ത കരാറുകാർ ആരൊക്കെയാണെന്നും അവർക്ക് എത്ര തുക കുടിശ്ശികയിനത്തിൽ നല്കാനുണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) ജില്ലയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ച ശേഷം ഭരണാനുമതിക്ക് കാത്തിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ തിയതിയും തുകയും അടക്കമുള്ള വിശദാംശം സഹിതം മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ?

## <u>തിരൂർ മണ്ഡലം സമ്പൂർണ്ണ കുടിവെള്ള വിതരണ മണ്ഡലമാക്കാൻ നടപടി</u>

1164 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിൽ വാട്ടർ കണക്ഷൻ നിലവിൽ ലഭ്യമാകാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ , വാർഡുകൾ എന്നിവ തരം തിരിച്ചു ലഭ്യമാക്കാമോ;

(ബി) തിരൂർ മണ്ഡലത്തിൽ വാട്ടർ കണക്ഷനായി സമർപ്പിക്കപ്പെട്ട അപേക്ഷകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിസ്ഥാനമാക്കി ഇനം തിരിച്ച് ലഭ്യമാക്കാമോ;

(സി) നിലവിലെ അപേക്ഷകരിൽ വാട്ടർ കണക്ഷൻ നൽകാനാകാത്ത അപേക്ഷകരുടെ എണ്ണം എത്രയാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ച് അറിയിക്കാമോ;

(ഡി) നിലവിലെ അപേക്ഷകരിൽ വാട്ടർ കണക്ഷൻ നൽകുന്നതിന് യോഗ്യരല്ലാത്ത അപേക്ഷകരുടെ വിവരം കാരണം സഹിതം വ്യക്തമാക്കാമോ;

(ഇ) കിണറുകളിൽ ഉപ്പുവെള്ളം ആയതിനാൽ വാട്ടർ കണക്ഷൻ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ വാർഡ് മെമ്പർമാരിൽ നിന്നോ മറ്റേതെങ്കിലും സംഘടന/കൂട്ടായ്മകളിൽനിന്നോ ജല അതോറിറ്റിക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരവും അതിന്മേൽ സ്വീകരിച്ച നടപടിയും വ്യക്തമാക്കാമോ;

(എഫ്) തിരൂർ മണ്ഡലം സമ്പൂർണ്ണ കുടിവെള്ള വിതരണ മണ്ഡലമാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>മലമ്പുഴ നിയോജക മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി</u>

1165 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം മലമ്പുഴ പഞ്ചായത്തിലെ കവ, ആനക്കൽ, തെക്കേ മലമ്പുഴ എന്നീ പ്രദേശങ്ങളിലേക്ക് കുടിവെള്ള കണക്ഷൻ എത്തിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) മലമ്പുഴയിലേക്കും സമീപ പ്രദേശങ്ങളിലേക്കും ജലവിതരണം നടത്തുന്നതിനായി മലമ്പുഴയിൽ 3 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജലസംഭരണി

നിർമ്മിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## പൈപ്പ് ലൈനുകൾ നവീകരിക്കുന്നതിന് കർമ്മ പദ്ധതി

1166 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് നാളിതുവരെ പൈപ്പ് ലൈൻ പൊട്ടിയത് മൂലം കുടിവെള്ളം മുടങ്ങിയ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; കുടിവെള്ള പൈപ്പ് ലൈനുകളുടെ അറ്റകുറ്റപ്പണികൾക്കായി ഈ കാലയളവിൽ നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശവും കുടിവെള്ള ചോർച്ചയിലൂടെ ഉണ്ടായ നഷ്ടവും എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പൈപ്പ് ലൈനുകളുടെ പഴക്കം മൂലം കുടിവെള്ള വിതരണം മുടങ്ങുകയും വൻതോതിൽ ജലം നഷ്ടപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ, സംസ്ഥാനത്തെ പ്രധാന കുടിവെള്ള വിതരണ പൈപ്പ് ലൈനുകൾ മുഴുവൻ നവീകരിക്കുന്നതിന് പ്രത്യേക കർമ്മ പദ്ധതി നടപ്പാക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

## ഉടുമ്പൻചോല മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

1167 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ ഉടുമ്പൻചോല മണ്ഡലത്തിൽ ജലവിഭവ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിയുടേയും പ്രവർത്തന പുരോഗതി, അനുവദിച്ച തുക ഇവ സംബന്ധിച്ച വിശദാംശം നൽകുമോ?

## ജൽ ജീവൻ മിഷൻ പദ്ധതി

1168 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ നടപ്പിലാക്കുന്നതിന്റെ പേരിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള എത്ര കിലോമീറ്റർ റോഡുകൾ ഗതാഗതയോഗ്യമല്ലാതാക്കിയിട്ടുള്ളതെന്നത് വിശദമാക്കുമോ; അവ പുനസ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയില്ലാതെ വാട്ടർ അതോറിറ്റി വെട്ടിപൊളിച്ച റോഡുകൾ നാളിതുവരെയും ഗതാഗത യോഗ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതിൽ എത്ര കിലോമീറ്റർ റോഡുകളാണ് ജലവകുപ്പ് നേരിട്ട് പുനരുദ്ധരിച്ചത്; വിശദാംശങ്ങൾ നൽകാമോ;

(ഡി) ഇക്കാര്യത്തിൽ എത്ര രൂപയാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് ഇത് വരെ നൽകിയതെന്നും ഇതിനായി എത്ര കോടി രൂപയാണ് അവർ

ആവശ്യപ്പെട്ടതെന്നും വ്യക്തമാക്കാമോ;

(ഇ) ഇനി എത്ര കോടി രൂപ ഈ ഇനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതുണ്ട്; വ്യക്തമാക്കുമോ;

(എഫ്) മതിയായ ഫണ്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ഇത്തരത്തിൽ കുത്തിപ്പൊളിച്ച റോഡുകൾ സഞ്ചാരയോഗ്യമാക്കുവാൻ കഴിയുന്നില്ലയെന്ന വിവരം ജലവിഭവ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ജി) ചെറിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി ജെ.സി.ബി. ഉപയോഗിച്ച് റോഡുകൾ കുത്തിപൊളിച്ചുകൊണ്ടാണ് ഇങ്ങനെ റോഡുകൾ തകർന്നതെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; ഇത്തരത്തിൽ റോഡുകൾ പൂർണ്ണമായും തകർത്തത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ; ഇങ്ങനെ തകർക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ പുനഃസ്ഥാപിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## കുടിവെള്ള വിതരണത്തിലെ ഗുണനിലവാരം, ശുചിത്വം, കാര്യക്ഷമത

1169 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വിതരണത്തിൽ ഗുണനിലവാരം, ശുചിത്വം, കാര്യക്ഷമത എന്നിവ ഉറപ്പാക്കുന്നതിനായി പ്രത്യേക നയം രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) കാലാവസ്ഥാ വ്യതിയാനം കുടിവെള്ളത്തിന്റെ ലഭ്യതയിലും വിതരണത്തിലും സൃഷ്ടിച്ചിട്ടുള്ള വെല്ലുവിളികൾ നേരിടുന്നതിനായി പ്രസ്തുത നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ള മാർഗ്ഗനിർദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കുടിവെള്ളത്തിന്റെ ഗുണനിലവാരത്തിലും വിതരണ സംവിധാനത്തിലും കാലാവസ്ഥാ വ്യതിയാനം എന്തെല്ലാം പ്രശ്നങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പ്രതിസന്ധി ഫലവത്തായി നേരിടുന്നതിന് സാധിച്ചിട്ടുണ്ടോ; അതിനായി എന്തെല്ലാം പ്രവൃത്തികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## വർക്കല മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾ

1170 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ വർക്കല മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ എത്ര പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പുരോഗതി വിശദമാക്കാമോ;

(സി) വർക്കല മണ്ഡലത്തിൽ കുടിവെള്ളം ലഭ്യമല്ലാത്ത പ്രദേശങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കുടിവെള്ളം എത്തിക്കുന്നതിനായി സ്വീകരിച്ച

നടപടി വിശദമാക്കാമോ?

**ജൽജീവൻ മിഷൻ**

1171 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ഭവനങ്ങളിൽ ശുദ്ധജലം എത്തിക്കുവാനുള്ള ജൽജീവൻ മിഷൻ പദ്ധതിയുടെ കരാർ എടുത്ത സംസ്ഥാനത്തെ കോൺട്രാക്ടർമാർക്ക് നാളിതുവരെ എത്ര തുക കുടിശ്ശികയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; നാളിതുവരെ കോൺട്രാക്ടർമാർക്ക് എത്ര തുക നൽകിയിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തിക്കുന്നതിനായി കാലാവധി നീട്ടി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള തുകയ്ക്ക് ആനുപാതികമായ കേന്ദ്രവിഹിതം മുഴുവൻ ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്നും ഇനി ലഭിക്കാനുള്ള തുക എത്രയെന്നും അറിയിക്കാമോ; ഇതിന് ആനുപാതികമായി സംസ്ഥാന വിഹിതം എത്ര തുക അനുവദിച്ചെന്നും ഇനി അനുവദിക്കാനുള്ളത് എത്രയെന്നതും സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ?

**ജൽ ജീവൻ മിഷൻ.**

1172 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പ്രവൃത്തി കേരളത്തിൽ ആരംഭിച്ചത് എന്നാണെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഫണ്ട് ഇനത്തിൽ ഓരോ സാമ്പത്തിക വർഷവും കേന്ദ്ര-സംസ്ഥാന സർക്കാറുകൾ അനുവദിച്ച തുക പ്രത്യേകം വിശദമാക്കുമോ;

(സി) ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഓരോ പഞ്ചായത്തിലും എല്ലാവർക്കും കുടിവെള്ളം ലഭിച്ചു എന്ന 'ഹർ ഘർ ജൽ' പ്രഖ്യാപനം നടന്ന പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) നാളിതുവരെ ഈ പദ്ധതിയിൽ കരാറുകാർക്ക് എത്ര തുകയാണ് കുടിശ്ശികയുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) കുടിശ്ശിക നൽകാത്തതിനാൽ പല കരാറുകാർക്കും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള പരിഹാര നടപടികൾ സ്വീകരിക്കുമോ;

(എഫ്) ഓരോ ജില്ലയിലും ജൽ ജീവൻ മിഷന്റെ പ്രവൃത്തികളിലെ പുരോഗതി വിലയിരുത്തുന്നതിന് ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും അടിയന്തിര യോഗം വിളിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടി**

1173 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിലുള്ള കാലതാമസമാണ് സംസ്ഥാനത്തെ ജലവിതരണ സംവിധാനത്തിൽ നാളുകളായുള്ള പ്രയാസങ്ങൾക്ക് കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേരള വാട്ടർ അതോറിറ്റിയിൽ കാലോചിതമായി മാറ്റങ്ങൾ നടപ്പിലാക്കാത്തതാണ് ഇത്തരമൊരു അവസ്ഥ സൃഷ്ടിക്കാനിടയാക്കിയതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വാട്ടർ അതോറിറ്റി പുനഃസംഘടിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അവ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ഇരുപത്തിനാല് മണിക്കൂറും തടസ്സരഹിതമായ ജലവിതരണം സാധ്യമാകാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) പുതിയ എന്തെല്ലാം കർമ്മ പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് വിശദമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിൽ സമ്പൂർണമായി കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ

1174 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ സമ്പൂർണമായും കുടിവെള്ളം എത്തിക്കുന്നതിനുള്ള എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) കിഫ്ബി മുഖേന നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതിയുടെ ഓരോ ഘട്ടത്തിന്റെയും പുരോഗതിയെ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി പൂർത്തീകരണത്തിന് വേണ്ടുന്ന സമയം, ചിലവഴിക്കുന്ന തുക എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

## തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ കുടിവെള്ള ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ

1175 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽ നിന്നുള്ള വായ്പ വിനിയോഗിച്ച് തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ കുടിവെള്ള ശൃംഖല ശക്തിപ്പെടുത്തുന്നതിനായി തയ്യാറാക്കിയ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഒരോ നഗരത്തിലും ഇതുവരെ വിനിയോഗിച്ച തുക ഉൾപ്പെടെ പ്രസ്തുത പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ചാത്തന്നൂർ മണ്ഡലത്തിലെ കല്ലുവാതുക്കൽ കുടിവെള്ള പദ്ധതി

1176 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ കല്ലുവാതുക്കൽ കുടിവെള്ള പദ്ധതിയിൽ നാളിതുവരെ പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം പ്രവൃത്തികൾ അവശേഷിക്കുന്നുണ്ടെന്നും ആയത് എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ?

## കേരള വാട്ടർ അതോറിറ്റി വഴിയുള്ള പദ്ധതികൾ

1177 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും ജലജന്യരോഗങ്ങൾ ഒഴിവാക്കുന്നതിനുമായി കേരള വാട്ടർ അതോറിറ്റി വഴി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

## കുടിവെള്ള ചാർജ്ജ് വർദ്ധിപ്പിക്കുന്ന നടപടി

1178 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് കൂടാതെ കെട്ടിടത്തിന്റെ പ്രത്യേകത കൂടി പരിഗണിച്ച് ശുദ്ധജലത്തിന്റെ താരിഫ് കണക്കാക്കാൻ ജല അതോറിറ്റി തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ഒരു തീരുമാനം കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(ബി) മേൽപ്പറഞ്ഞ പ്രകാരം താരിഫ് നിശ്ചയിക്കുമ്പോൾ കുടിവെള്ള ചാർജിൽ വലിയ വർദ്ധനവ് ഉണ്ടാകുന്നത് സാധാരണക്കാരെ ദോഷകരമായി ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) തുടർച്ചയായ കുടിവെള്ള ചാർജ് വർദ്ധനവിൽ പ്രതിസന്ധി അനുഭവിക്കുന്ന ജനങ്ങൾക്ക് കൂടുതൽ ഭാരം നൽകുന്ന പ്രസ്തുത പരിഷ്കരണത്തിൽ നിന്ന് പിന്മാറുവാൻ സർക്കാർ തയ്യാറാകുമോ വിശദാംശം വ്യക്തമാക്കുമോ?

## ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൊളിച്ച റോഡുകളുടെ പുനഃസ്ഥാപനം

1179 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൊളിച്ച പൊതുമരാമത്ത് റോഡുകളുടെ പുനഃസ്ഥാപന പ്രവൃത്തികൾക്കാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ആമ്പല്ലൂർ- പാലപ്പിള്ളി റോഡ്, തൃശ്ശൂർ- മണലി റോഡ്, ഉൾപ്പടെയുള്ള പൊതുമരാമത്ത് റോഡുകളുടെ പുനഃസ്ഥാപന പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനും റോഡുകളുടെ നവീകരണ പ്രവൃത്തികൾക്ക് തടസ്സം വരാതെ പുനഃസ്ഥാപന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## പേപ്പാറ ഡാമിന്റെ സംഭരണശേഷി

1180 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേപ്പാറ ഡാമിന്റെ സംഭരണശേഷി 110.5 മീറ്ററിലേക്ക് ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇതിന് കേന്ദ്ര വനം- പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദികരിക്കുമോ;

(ബി) മേൽ വിഷയത്തിൽ വനം വകുപ്പ് എതിർപ്പ് അറിയിച്ചിട്ടുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കുമോ;

(സി) വനം വകുപ്പ് ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾ ഏത് രീതിയിൽ പരിഹരിക്കാൻ സാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഡാമിന്റെ സംഭരണശേഷി ഉയർത്തുന്നതിലൂടെ ശുദ്ധജലവിതരണത്തിൽ എന്തൊക്കെ നേട്ടങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## സൗജന്യ കുടിവെള്ള വിതരണം

1181 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ വിഭാഗങ്ങൾക്ക് സൗജന്യമായി കുടിവെള്ള വിതരണം നടത്തുന്നതിന് പ്രതിമാസം എത്ര തുകയാണ് ജല അതോറിറ്റിക്ക് ചെലവ് വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കിയതോടെ സൗജന്യ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ; മുൻകാലങ്ങളിൽ നിന്നും എത്ര തുക അധികമായി ഈയിനത്തിൽ ചെലവഴിക്കേണ്ടി വരുന്നു; വ്യക്തമാക്കുമോ;

(സി) സംസ്ഥാന ബജറ്റിൽ ഈയിനത്തിലുള്ള ചെലവിനായി തുക വകയിരുത്തിയിട്ടുണ്ടോ; അല്ലെങ്കിൽ ഇതിനായി എന്തെങ്കിലും ഗ്രാന്റ് അനുവദിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) സൗജന്യ കുടിവെള്ള വിതരണത്തിനായി നിലവിൽ ജല അതോറിറ്റിക്കുള്ള ചെലവ് എപ്രകാരമാണ് കണ്ടെത്തുന്നതെന്ന് വിശദമാക്കുമോ; തുക അപര്യാപ്തമെങ്കിൽ ഇതിനായി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## വാട്ടർ അതോറിറ്റിയിലെ നിയമനങ്ങൾ

1182 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള ഓഫീസ് അറ്റൻഡന്റ് , വാച്ച്മാൻ, ലാസ്കർ മുതലായ ലാസ്റ്റ് ഗ്രേഡ് തസ്തികകളിലെ ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വാട്ടർ അതോറിറ്റിയിലെ ലാസ്റ്റ് ഗ്രേഡ് തസ്തികകൾ ഇല്ലാതാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) വാട്ടർ അതോറിറ്റിയിൽ ഓഫീസ് അസിസ്റ്റന്റ്, വാച്ച്മാൻ, ലാസ്കർ, അസിസ്റ്റന്റ് തുടങ്ങിയ വിവിധ തസ്തികകളിൽ ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയ

നിയമനങ്ങളുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

## കുടിവെള്ള പദ്ധതിക്കായി മുറിച്ച റോഡുകളുടെ റീസ്റ്റോറേഷൻ

1183 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി റോഡ് കട്ടിംഗ് നടത്തിയ പാലക്കാട്-മലമ്പുഴ റോഡ്, ഒലവക്കോട്-മലമ്പുഴ റോഡ് എന്നിവ പുനഃസ്ഥാപിച്ച് പൂർവ്വസ്ഥിതിയിലാക്കാൻ വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഈ രണ്ട് റോഡുകളും പുനഃസ്ഥാപിക്കുന്നത്തിനായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത് എന്ന് അറിയിക്കാമോ?

## വാട്ടർ അതോറിറ്റിക്ക് നിലവിൽ കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശം

1184 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിക്ക് നിലവിൽ കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശം തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) എത്ര ലക്ഷം ഗാർഹിക പൈപ്പ് കണക്ഷനുകളാണ് ഉള്ളതെന്നും അതിൽ പ്രവർത്തനരഹിതമായ മീറ്ററുകളുടെ എണ്ണം എത്രയെന്നും ഇതുമൂലം ജല അതോറിറ്റിക്ക് എത്ര വരുമാന നഷ്ടം ഉണ്ടാകുന്നുവെന്നും വ്യക്തമാക്കുമോ;

(സി) അണ്ടർ വാട്ടർ ലീക്ക്, ഗാർഹിക കണക്ഷനുകളിലെ ചോർച്ച എന്നിവ കാരണം വിതരണത്തിനായുള്ള വെള്ളത്തിന്റെ എത്ര ശതമാനം കണക്കിൽപ്പെടാതെ പ്രതിദിനം നഷ്ടപ്പെടുന്നുവെന്ന് അറിയിക്കാമോ; ഇതുമൂലം ജല അതോറിറ്റിക്ക് എത്ര തുകയുടെ നഷ്ടമുണ്ടാകുന്നുവെന്നും വ്യക്തമാക്കുമോ;

(ഡി) ജല അതോറിറ്റി നിലവിൽ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

## വെള്ളക്കര കുടിശിക

1185 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിക്ക് വെള്ളക്കര കുടിശ്ശിക ഇനത്തിൽ വൻതുക നൽകുവാനുള്ള സർക്കാർ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രൈവറ്റ് സ്ഥാപനങ്ങളുടെയും സ്വകാര്യ വ്യക്തികളുടെയും വിശദാംശങ്ങൾ കുടിശ്ശിക തുക സഹിതം വ്യക്തമാക്കുമോ;

(ബി) വെള്ളക്കര കുടിശിക ഇനത്തിൽ ജലഅതോറിറ്റിക്ക് ആകെ എത്ര തുകയാണ് ലഭിക്കാനുള്ളത്; പ്രസ്തുത തുക തിരികെ പിടിക്കുന്നതിന് ഈ സർക്കാരിന്റെ കാലയളവിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

## കരവാരം - നഗരൂർ - പുളിമാത്ത് കുടിവെള്ള പദ്ധതി

1186 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ കരവാരം - നഗരൂർ - പുളിമാത്ത് കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്കുള്ള ജല വിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

## വാട്ടർ അതോറിറ്റിയിൽ ഹെഡ് ഓപ്പറേറ്റർ തസ്തിക

1187 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഓപ്പറേറ്റർ തസ്തികയിലുള്ളവരുടെ എണ്ണത്തിൽ പ്ലാന്റ് കപ്പാസിറ്റി, വാട്ടർ കണക്ഷൻ തുടങ്ങിയവയിലുള്ള വർദ്ധനവിന് ആനുപാതികമായി ഹെഡ് ഓപ്പറേറ്റർ തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## അരൂർ മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ

1188 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് വഴി അരൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ആയതിന് അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ?

## തളിപ്പറമ്പ് മണ്ഡലത്തിലെ കുടിവെള്ള കണക്ഷനുകൾ

1189 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ ആകെ എത്ര കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്; ഇതിനായി ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; തദ്ദേശസ്ഥാപന അടിസ്ഥാനത്തിൽ വിശദാംശങ്ങൾ നൽകാമോ; തളിപ്പറമ്പ് മണ്ഡലത്തിൽ കുടിവെള്ള കണക്ഷനുകൾ ആകെ എത്ര ശതമാനം കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ തളിപ്പറമ്പ് മണ്ഡലത്തിൽ തീര സംരക്ഷണത്തിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് തളിപ്പറമ്പ് മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി ആകെ എത്ര തുക അനുവദിച്ചിട്ടുണ്ട്; ഓരോ പ്രവൃത്തിയുടെയും വിശദാംശങ്ങൾ നൽകാമോ?

## നിലമ്പൂർ മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ പദ്ധതികളുടെ പൂർത്തീകരണം

1190 **ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ പദ്ധതികൾ ആരംഭിച്ച് വർഷങ്ങളായിട്ടും പൂർത്തീകരിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഓരോ പഞ്ചായത്തുകളിലെയും ഈ പദ്ധതിയുടെ അവസ്ഥ വിശദമാക്കാമോ; പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കാമോ;

(ബി) ജൽ ജീവൻ മിഷൻ പ്രവൃത്തികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപന റോഡുകൾ വെട്ടിപൊളിച്ചത് പുനഃസ്ഥാപിക്കാൻ സാധിക്കാത്തതിനാൽ പ്രസ്തുത റോഡുകൾ ഗതാഗതയോഗ്യമല്ലാതായി തീർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം റോഡുകളുടെ പണി പൂർത്തീകരിച്ച് പൂർവ്വസ്ഥിതിയിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിൽ പൈപ്പ് ലൈൻ സ്ഥാപനത്തിൽ തകർന്ന റോഡുകൾ

1191 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി പഞ്ചായത്തിൽ പ്രധാന മന്ത്രി ഗ്രാമ സഡക് യോജനയുടെ കീഴിലുള്ള പറമ്പന്തളി റോഡിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിലായി എടുത്ത ട്രഞ്ചിന്റെ റെസ്റ്റൊറേഷന് വേണ്ടി വാട്ടർ അതോറിറ്റി പി. എം. ജി. എസ്. വൈ.യുടെ അക്കൗണ്ടിലേക്ക് അടയ്ക്കേണ്ട തുക സംബന്ധിച്ച് മുല്ലശ്ശേരി പഞ്ചായത്ത് അധികൃതർ എം.എൽ.എ. മുഖേന നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡ് പുനർനിർമ്മിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി നല്കേണ്ടതായ തുക ടി പഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിലേക്ക് കൈമാറി നല്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

## ഹരിപ്പാട് കുടിവെള്ള പദ്ധതി

1192 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ നിർവ്വഹണം വൈകുന്നതിന്റെ കാരണമെന്തെന്ന് അറിയിക്കാമോ;

(ബി) മാന്നാർ മുല്ലശ്ശേരി കടവ് മുതൽ പള്ളിപ്പാട് ജലശുദ്ധീകരണശാല വരെ 9 കി.മീ. നീളം 900 ഹൈ മോഡുലസ്-ഹൈ ഡെൻസിറ്റി പോളിഎത്തിലീൻ (എച്ച്. എം. -എച്ച്. ഡി. പി. ഇ.) റോവാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ വർക്ക് ഓർഡർ നൽകിയിട്ടും നിർവ്വഹണം വൈകുന്നതിന്റെ കാരണമെന്തെന്ന് അറിയിക്കാമോ;

(സി) ഹരിപ്പാട് മണ്ഡലത്തിൽ നിലനിൽക്കുന്ന അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഈ പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുമോ; ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## പാലക്കാട് നിയോജകമണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി

1193 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയിലെ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് വൻകുടിശ്ശിക ഉള്ളതിനാൽ പദ്ധതി തടസ്സപ്പെട്ട് നിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാലക്കാട് മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി സംബന്ധിച്ച് ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ ജലവിഭവ വകുപ്പിന് നൽകിയ റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കനത്ത മഴ കാലത്തും പിരായിരി പഞ്ചായത്തിലെ മെട്രോ നഗർ, കുറുക്കൻപാറ, ഫാത്തിമറോഡ്, ഉണ്ണീരംകുന്ന്, ഉപാസന നഗർ, കല്ലേക്കാടിന്റെ വിവിധ പ്രദേശങ്ങൾ എന്നിവിടങ്ങളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ?

## മലപ്പുറം നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

1194 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് 2.0 പദ്ധതിയിൽ സ്റ്റേറ്റ് വാട്ടർ ആക്ഷൻ പ്ലാൻ മൂന്നാം ഘട്ട പ്രവൃത്തികളിൽ ഉൾപ്പെടുത്തിയ മലപ്പുറം മണ്ഡലത്തിലെ പാണക്കാട്, മേൽമുറി വില്ലേജുകളിലെ മിനി കുടിവെള്ള പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ; അഡീഷണൽ പ്രൊപ്പോസലിന് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ ;

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടേയും നഗരസഭയുടെയും സംയുക്ത സംരംഭമായ പ്രസ്തുത കുടിവെള്ള പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ;

(സി) അമൃത് 2.0 ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട 7.5 എം. എൽ. ഡി. സംഭരണശേഷിയുള്ള ജല ശുദ്ധീകരണശാല നിർമ്മിക്കുന്നതിനായി നേരത്തെ ഭരണാനുമതി നൽകിയ 7.60 കോടി രൂപയുടെ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) ജൽ ജീവൻ മിഷന് കീഴിലുള്ള പുൽപ്പറ്റ, പൂക്കോട്ടൂർ, മൊറയൂർ സമഗ്ര കുടിവെള്ള പദ്ധതി, കോഡൂർ കാലമ്പറമ്പ് കുടിവെള്ള പദ്ധതി, അമൃത് പദ്ധതിക്ക് കീഴിലുള്ള ഇരുമ്പുഴി കരുമാഞ്ചേരി പറമ്പ് പദ്ധതി, മലപ്പുറം നഗരസഭയിലെ പാണക്കാട്-മേൽമുറി പദ്ധതികൾ എന്നിവ യാഥാർത്ഥ്യമാക്കി മലപ്പുറം മണ്ഡലത്തിലെ കുടിവെള്ള പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

## കയ്പമംഗലം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

1195 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിലെ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിനായി നടപ്പിലാക്കിവരുന്ന നാട്ടിക ഫർക്ക കുടിവെള്ള പദ്ധതി എത്രയും വേഗം പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) 2025-26 സാമ്പത്തിക വർഷ ബജറ്റിൽ 20% തുക വകയിരുത്തി 2 കോടി രൂപ അനുവദിച്ചിട്ടുള്ളതും സാമ്പത്തികാനുമതി ലഭിച്ചിട്ടുള്ളതുമായ കയ്പമംഗലം നിയോജക മണ്ഡലം തനത് കുടിവെള്ള പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി പ്രവർത്തി ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ന്യൂനപക്ഷ ക്ഷേമ വകുപ്പ് വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും പ്രവൃത്തികളും

1196 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ ന്യൂനപക്ഷ ക്ഷേമ വകുപ്പ് വടകരമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം അറിയിക്കുമോ;

(ബി) ഇക്കാലയളവിൽ വടകര മണ്ഡലത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ചശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ചശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണെന്നുള്ള വിശദാംശം അറിയിക്കുമോ;

(സി) ഇവയ്ക്ക് ഓരോന്നിനും നീക്കിവച്ചിട്ടുള്ള തുക എത്രവീതമാണെന്നുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണെന്നും ഇവ ഓരോന്നിനും നീക്കിവച്ചിട്ടുള്ള കേന്ദ്ര സംസ്ഥാന തദ്ദേശ സ്ഥാപന വിഹിതങ്ങൾ എത്രവീതമാണെന്നും വ്യക്തമാക്കുമോ;

(ഇ) ഇക്കാലയളവിൽ വടകര മണ്ഡലത്തിനായി വകുപ്പ് മുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണെന്ന വിവരം വർഷവും ഇനവും തിരിച്ച് ലഭ്യമാക്കുമോ?

## ദേവികുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

1197 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷ ക്ഷേമ വകുപ്പ് ദേവികുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## ന്യൂനപക്ഷ വിഭാഗങ്ങളുടെ സംരക്ഷണവും ഉന്നമനവും

1198 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീമതി സി. കെ. ആശ**

**ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ പല സംസ്ഥാനങ്ങളിലും ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നേരെ ശത്രുതാപരമായ സമീപനം ഉണ്ടാകുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങളുടെ സംരക്ഷണത്തിനും ഉന്നമനത്തിനുമായി സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ന്യൂനപക്ഷ വിഭാഗങ്ങളിലെ വിധവകൾ, വിവാഹമോചിതർ, ഉപേക്ഷിക്കപ്പെട്ടവർ തുടങ്ങി സാമ്പത്തികമായി ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്ത്രീകളുടെ ഉന്നമനത്തിനായി നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(സി) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവജനങ്ങളെ മികച്ച തൊഴിലുകൾ നേടാൻ പ്രാപ്തരാക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗങ്ങൾ ഭയരഹിതരും അഭിമാനബോധമുള്ളവരുമായി ജീവിക്കുന്നതിനുവേണ്ടി നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

## ആലപ്പുഴ നിയോജകമണ്ഡലത്തിൽ പി.എം.ജെ.വി.കെ. പദ്ധതി

1199 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ പ്രധാനമന്ത്രി ജനവികാസ് കാര്യക്രം (പി.എം.ജെ.വി.കെ.) പദ്ധതി പ്രകാരം എന്തൊക്കെ പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച വുമൺ ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(സി) എത്ര രൂപ ചെലവഴിച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്നും ഇവ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

## ന്യൂനപക്ഷ മത വിഭാഗത്തിലെ വിധവകൾക്കായി ഭവന പുനരുദ്ധാരണ പദ്ധതി

1200 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷ മത വിഭാഗത്തിലെ വിധവകൾക്കായി ഭവന പുനരുദ്ധാരണ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ന്യൂനപക്ഷ മത വിഭാഗത്തിലെ വിധവകൾ, വിവാഹമോചിതരായ സ്ത്രീകൾ എന്നിവർക്കായി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; വിശദാംശം ലഭ്യമാക്കാമോ?

## ന്യൂനപക്ഷ ക്ഷേമവകുപ്പ് ആലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ

1201 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമവകുപ്പ് ആലപ്പുഴ മണ്ഡലത്തിൽ ഏതൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വകുപ്പ് മുഖേന ഏതൊക്കെ പദ്ധതികൾക്കാണ് തുക ചെലവഴിക്കുന്നതെന്നുള്ള വിവരം വ്യക്തമാക്കുമോ?

**<u>ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ വിവിധ പദ്ധതികൾ</u>**

1202 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020- 2021 മുതൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ വിവിധ പദ്ധതികൾക്ക് ഓരോ വർഷവും ലഭിച്ചിട്ടുള്ള ബജറ്റ് വിഹിതം എത്രയാണെന്നും ഇതിൽ ഓരോ വർഷവും എത്ര തുക വിതരണം ചെയ്തുവെന്നും വിശദമാക്കുമോ;

(ബി) ഏതെങ്കിലും ധനസഹായ പദ്ധതികളിൽ കുടിശ്ശിക വിതരണം ചെയ്യാനുണ്ടോയെന്നും ഓരോ പദ്ധതിയിലും എന്നുവരെയുള്ള അപേക്ഷകൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള മാർഗ്ഗദീപം പദ്ധതിയിൽ ഈ കാലയളവിൽ എത്ര തുക അനുവദിച്ചു എന്നും എത്ര തുക വിതരണം ചെയ്തു എന്നും വ്യക്തമാക്കുമോ?

**<u>ന്യൂനപക്ഷക്ഷേമ വകുപ്പിലെ ഫയൽ തീർപ്പാക്കൽ</u>**

1203 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. എച്ച്. സലാം**
**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പാക്കുന്ന നൈപുണ്യ വികസന പദ്ധതികളും തൊഴിലധിഷ്ഠിത പദ്ധതികളും എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഈ സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(സി) 2025 ജൂലായ് 1 മുതൽ ആഗസ്റ്റ് 31 വരെ നീണ്ടുനിന്ന ഫയൽ അദാലത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് എത്ര ഫയലുകൾ തീർപ്പാക്കി; ഇനിയും തീർപ്പാക്കാനുള്ള ഫയലുകളിൽ നടപടി ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>ഒരു പഞ്ചായത്തിൽ ഒരു കളിക്കളം</u>**

1204 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പ് പ്രഖ്യാപിച്ച ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രകാരം സംസ്ഥാനത്ത് ആകെ എത്ര ഗ്രൗണ്ടുകൾ നവീകരിക്കുകയോ

നിർമ്മിക്കുകയോ ചെയ്തിട്ടുണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## അരൂർ മണ്ഡലത്തിൽ കായിക വകുപ്പ് അനുവദിച്ച പദ്ധതികൾ

1205 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കായിക വകുപ്പ് വഴി അരൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പള്ളിപ്പുറത്ത് ഐ.എച്ച്.ആർ.ഡി. കോളേജിന് അനുവദിച്ച ജോമോൻ സ്മാരക സ്റ്റേഡിയത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും, പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി സംബന്ധിച്ച വിശദാംശവും അറിയിക്കുമോ?

## കായിക വകുപ്പിന് കീഴിലെ വിവിധ പദ്ധതികൾ

1206 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തനം പുരോഗമിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക എത്രയാണെന്നും പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;?

## ഹെൽത്തി കിഡ്സ് പദ്ധതി

1207 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കായിക വകുപ്പ് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ലോവർ പ്രൈമറി തലത്തിൽ നടപ്പാക്കുന്ന കായിക വിനോദ പദ്ധതിയായ ഹെൽത്തി കിഡ്സ് പദ്ധതിയെക്കുറിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയ വിദ്യാലയങ്ങളിൽ നിന്നുള്ള പ്രവർത്തനാനുഭവവും പദ്ധതി നടപ്പിലാക്കിയതിലൂടെ കൈവന്ന നേട്ടങ്ങളും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## ശ്രീനാരായണപുരം പഞ്ചായത്തിലെ കളിക്കളം നിർമ്മാണം

1208 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്ന് അമ്പത് ലക്ഷം രൂപയും കായിക വകുപ്പിന്റെ അമ്പത് ലക്ഷം രൂപയും കണക്കാക്കി അനുവദിച്ചിട്ടുള്ള ശ്രീനാരായണപുരം പഞ്ചായത്തിലെ

കളിക്കളം നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കായിക വികസനത്തിനായി വിദ്യാലയങ്ങളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ?

**കാസർഗോഡ് മണ്ഡലത്തിൽ കായിക വകുപ്പ് അനുവദിച്ച ഫണ്ടുകൾ**

1209 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 14 വർഷം കാസർഗോഡ് മണ്ഡലത്തിൽ കായിക വകുപ്പിൽ നിന്ന് വിവിധ പദ്ധതികൾക്കായി ആകെ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക ഏതെല്ലാം പ്രവൃത്തികൾക്കാണ് അനുവദിച്ചതെന്ന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(സി) പൂർത്തീകരിച്ചതും പൂർത്തീകരിക്കാത്തതും ആരംഭിക്കാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) എസ്റ്റിമേറ്റ് തയ്യാറായിട്ടും ഭരണാനുമതി നൽകാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(ഇ) കാസർഗോഡ് മണ്ഡലത്തിൽ ഏതെങ്കിലും സ്റ്റേഡിയത്തിന് ഏതെങ്കിലും വർഷം ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോയെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) കാസർഗോഡ് മണ്ഡലത്തിൽ പിങ്ക് സ്റ്റേഡിയം നിർമ്മിക്കാൻ ആലോചനയുണ്ടായിരുന്നോ; എങ്കിൽ ഇതിനായി സ്ഥലം പരിശോധിച്ചിരുന്നോ; എവിടെ സ്റ്റേഡിയം നിർമ്മിക്കാനാണ് ആലോചിച്ചത്; വ്യക്തമാക്കാമോ?

**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം**

1210 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രകാരം ഗുരുവായൂർ മണ്ഡലത്തിൽ അനുമതി ലഭിച്ച പദ്ധതികളുടെ വിശദവിവരങ്ങളും പുരോഗതിയും വിശദമാക്കാമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

1211 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കായിക വകുപ്പ് മുഖേന ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

1212 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നും നിലവിൽ എത്ര കളിസ്ഥലങ്ങൾ ഇപ്രകാരം പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി വിഭാവനം ചെയ്തപ്പോൾ ഒരു എം.എൽ.എ. ക്ക് ഒരു സാമ്പത്തിക വർഷം എത്ര തുക ഉപയോഗിച്ചുള്ള പദ്ധതി നടപ്പിലാക്കുന്നതിനാണ് വകുപ്പ് ശിപാർശ നൽകിയിരിക്കുന്നത് ; എത്ര തുക നൽകുന്നതിനാണ് ഉത്തരവായിട്ടുള്ളതെന്നും വിശദമാക്കുമോ;

(സി) ഒരു സാമ്പത്തിക വർഷം ആ വർഷത്തെ ആസ്തി വികസന ഫണ്ടുപയോഗപ്പെടുത്തി ഒരു മണ്ഡലത്തിൽ ഒന്നിലധികം കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകുന്നുണ്ടോ; വ്യക്തമാക്കുമോ?

## കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം

1213 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം നടന്ന കായിക ഉച്ചകോടിയിലെ തീരുമാനങ്ങൾ എത്രത്തോളം നടപ്പാക്കിയിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) കായിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും പരിപാലിക്കാനും എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) കായികരംഗത്തെ നഷ്ടപ്രതാപം വീണ്ടെടുക്കാൻ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന സൗകര്യങ്ങൾ ഒരുക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## രാജ്യാന്തര കായിക ഉച്ചകോടിയിലെ പ്രഖ്യാപനങ്ങൾ

1214 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് നടന്ന രാജ്യാന്തര കായിക ഉച്ചകോടിയിൽ സംസ്ഥാനത്തിന്റെ കായിക സമ്പദ്‌വ്യവസ്ഥ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നടന്ന പ്രധാന പ്രഖ്യാപനങ്ങൾ എന്തൊക്കെയായിരുന്നുവെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രഖ്യാപനങ്ങളിൽ ഏതൊക്കെയാണ് നാളിതുവരെ നടപ്പാക്കിയിട്ടുള്ളത്; എത്ര കോടി രൂപയുടെ നിക്ഷേപം ലഭ്യമായിട്ടുണ്ട്; എത്ര നിക്ഷേപ പദ്ധതികൾക്ക് നാളിതുവരെ അനുമതി നൽകിയിട്ടുണ്ട്; ഈ പദ്ധതികൾ വഴി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) കായിക ഉച്ചകോടിയുടെ നടത്തിപ്പിന് എത്ര തുക ചെലവഴിച്ചു; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കാമോ?

**<u>കായികരംഗത്തെ നിക്ഷേപങ്ങൾ</u>**

1215 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക താരങ്ങൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള താരങ്ങളുമായി മത്സരിക്കുന്നതിനുള്ള ശേഷി ഉറപ്പാക്കുന്നതിനായി കായികരംഗത്ത് കൂടുതൽ നിക്ഷേപം കൊണ്ടുവരേണ്ടതിന്റെ ആവശ്യകത വിശകലനവിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) കായിക വിനോദരംഗത്ത് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനുവേണ്ടി ആരംഭിച്ച ഇൻറർനാഷണൽ സ്പോർട്സ് സമ്മിറ്റിൽ ലഭിച്ച ഓഫറുകൾ പ്രകാരമുള്ള നിക്ഷേപങ്ങൾ ഈ മേഖലയിൽ ലഭ്യമായിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനത്തിൽ കായിക വിനോദത്തിനും അതുമായി ബന്ധപ്പെട്ട സംരംഭങ്ങൾക്കും നിർണായക പങ്കാളിത്തം ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കായിക വിനോദത്തോടൊപ്പം വളരെയധികം പ്രാധാന്യമർഹിക്കുന്ന സ്പോർട്സ് മെഡിസിൻ മേഖലയിൽ സംസ്ഥാനത്ത് കൂടുതൽ നിക്ഷേപങ്ങൾ ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ?

**<u>കായിക വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>**

1216 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കായിക വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>അർജന്റീന പങ്കെടുക്കുന്ന ഫുട്ബോൾ മത്സരം</u>**

1217 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്ക് മെസ്സിയെയും അർജന്റീന ഫുട്ബോൾ ടീമിനെയും എത്തിച്ച് ഫുട്ബോൾ മത്സരം നടത്തുന്ന നടപടികളുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത മത്സരവും ഇതിന്റെ ചെലവുകളും സ്പോൺസർ ചെയ്യുന്നത് ആരാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത മത്സരവും ഇതുമായി ബന്ധപ്പെട്ട ചെലവുകളും സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കുമോ; എങ്കിൽ എത്ര തുകയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഈ മത്സരത്തിൽ നിന്ന് സർക്കാരിന് സാമ്പത്തിക വരുമാനം ലഭ്യമാകുമോ; വിശദമാക്കാമോ?

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

1218 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ 2021 മുതൽ 2025 വരെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച കളിക്കളങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ 2021 മുതൽ 2025 വരെ ബജറ്റിൽ ഉൾപ്പെടുത്തി വകുപ്പ് മുഖേന അനുവദിച്ച പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(സി) ഈ പ്രവൃത്തികളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ?

**കായിക മേഖലയ്ക്കുള്ള സർക്കാർ വിഹിതം ഗണ്യമായി വെട്ടിക്കുറച്ചത്**

1219 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക മന്ത്രി നേതൃത്വം നൽകിയ ലഹരി വിരുദ്ധ യാത്രയുടെ ഭാഗമായി പതിനാല് ജില്ലകളിൽ സംഘടിപ്പിച്ച മിനി മാരത്തോൺ മത്സരത്തിൽ വിജയിച്ച താരങ്ങൾക്ക് മൂന്നു മാസങ്ങൾക്ക് ശേഷവും സമ്മാനത്തുക വിതരണം ചെയ്തിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സമ്മാനത്തുക വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കൊച്ചിയിൽ ആരംഭിച്ച പെൺകുട്ടികളുടെ ഫുട്ബോൾ അക്കാദമി കെട്ടിടത്തിന്റെ വാടക കുടിശ്ശിക നൽകാത്തതുമൂലം കെട്ടിടം ഒഴിയേണ്ടി വന്ന സാഹചര്യമുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വാടക നൽകുവാൻ സാധിക്കാതെ വന്ന സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അക്കാദമിയിൽ മതിയായ പരിശീലകർ ഇല്ലാത്ത സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കായിക മേഖലയ്ക്കുള്ള സർക്കാർ വിഹിതം ഗണ്യമായി വെട്ടിക്കുറച്ചത് സംസ്ഥാനത്തെ കായിക മേഖലയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായി വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

**പട്ടാമ്പി മണ്ഡലത്തിൽ കായിക വകുപ്പ് മുഖാന്തരം അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ**

1220 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടാമ്പി മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിലോ പ്രാദേശിക ഫണ്ടിലോ ഉൾപ്പെടാത്ത ഏതെല്ലാം പദ്ധതികളാണ് വകുപ്പ് മുഖാന്തരം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശം, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവ്വഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്/ഏജൻസി, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ചതിന്റെ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

**<u>അർജന്റീന ഫുട്ബോൾ ടീമിന്റെ കേരള സന്ദർശം</u>**

1221 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുട്ബോൾ ഇതിഹാസം ലയണൽ മെസ്സി അടങ്ങുന്ന അർജന്റീന ഫുട്ബോൾ ടീം കേരളം സന്ദർശിക്കുന്നതിനും ഫുട്ബോൾ മത്സരത്തിൽ പങ്കെടുക്കുന്നതിനും തീരുമാനമായിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തീരുമാനം സംബന്ധിച്ച് സംസ്ഥാന സർക്കാരും എ.എഫ്.എ.- യും (അർജന്റീന ഫുട്ബോൾ അസോസിയേഷൻ) തമ്മിൽ ധാരണാപത്രം ഒപ്പിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) അർജന്റീന ഫുട്ബോൾ ടീം കേരളത്തിൽ വരുന്നുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട സംഘാടന ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സന്ദർശനവുമായി ബന്ധപ്പെട്ട് കായിക വകുപ്പ് ഏതെല്ലാം സ്പോൺസർമാരെ സമീപിച്ചിട്ടുണ്ട്; സ്പോൺസർഷിപ്പുമായി ബന്ധപ്പെട്ട വിശദാംശം ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത സന്ദർശനവുമായി ബന്ധപ്പെട്ട് സർക്കാരിന് ഇതിനോടകം സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(എഫ്) പ്രസ്തുത സന്ദർശനവുമായി ബന്ധപ്പെട്ട് സർക്കാരിന് സാമ്പത്തിക ബാധ്യതയോ സാമ്പത്തിക-കായിക നേട്ടമോ ഉണ്ടാകുമോയെന്ന് വിശദമാക്കുമോ?

**<u>കായിക മേഖലയുടെ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ വകയിരുത്തിയ തുക</u>**

1222 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും കായിക മേഖലയുടെ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ വകയിരുത്തിയ തുകയും അനുവദിച്ച തുകയും ചെലവഴിച്ച തുകയും സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിൽ കായിക വകുപ്പിന്റെ പദ്ധതികൾ</u>**

1223 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ കായിക വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നുള്ള വിശദാംശം നൽകാമോ?

## സ്പോർട്സ് കേരള ഫൗണ്ടേഷൻ

1224 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്പോർട്സ് കൗൺസിൽ നിലവിലുള്ളപ്പോൾ ഈ സർക്കാരിന്റെ കാലത്ത് സ്പോർട്സ് കേരള ഫൗണ്ടേഷൻ സ്ഥാപിച്ചതിന്റെ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) എന്തൊക്കെ ചുമതലകളാണ് പ്രസ്തുത സ്ഥാപനം നിറവേറ്റുന്നതെന്നും ഇതിന്റെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ വിവിധ ഇനങ്ങളിൽ എത്ര തുക ചെലവഴിച്ചു എന്നുമുള്ള വിവരങ്ങൾ ഇനം തിരിച്ചു ലഭ്യമാക്കാമോ;

(സി) സംസ്ഥാന സ്പോർട്സ് കൗൺസിൽ നിറവേറ്റുന്ന ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ

1225 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ തെരഞ്ഞെടുക്കപ്പെട്ട കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കാലാവധി പൂർത്തിയായത് എപ്പോഴാണെന്നും അതിലെ അംഗങ്ങൾ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കൗൺസിലിന്റെ ഭരണ സമിതിക്ക് കാലാവധി നീട്ടുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ടോ? എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്സ് കൗൺസിലുകളുടെയും കാലാവധി വർഷങ്ങൾക്ക് മുമ്പ് പൂർത്തിയായിട്ടും തെരഞ്ഞെടുപ്പ് നടപടികൾ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

## ജി.വി.രാജ സ്പോർട്സ് സ്കൂളിൽ നടപ്പിലാക്കിയ പദ്ധതികൾ

1226 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ജി.വി.രാജ സ്പോർട്സ് സ്കൂളിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളും, അവയുടെ ഫണ്ട് വിവരങ്ങളും അറിയിക്കാമോ;

(ബി) ഇവയിൽ പൂർത്തിയാക്കിക്കഴിഞ്ഞ പദ്ധതികളും, നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളും ഏതെല്ലാമാണ് ; വിശദാംശം നൽകാമോ?

## സ്പോർട്സ് ഹോസ്റ്റലിലെ കുട്ടികൾക്ക് ഭക്ഷണ അലവൻസ്

1227 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് ഹോസ്റ്റലിലെ കുട്ടികൾക്ക് ഭക്ഷണ അലവൻസ് കുടിശ്ശിക ഉണ്ടോ; എങ്കിൽ എത്ര മാസത്തെ അലവൻസ് കുടിശ്ശികയുണ്ട്; ആകെ എത്ര തുക വിതരണം ചെയ്യാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) കായിക സംഘടനകൾക്ക് നൽകുന്ന വാർഷിക സഹായം മുടങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര വർഷമായി സഹായം മുടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഈ ഇനത്തിൽ എത്ര തുകയ്ക്കുള്ള കുടിശ്ശികയാണ് വിതരണം ചെയ്യാനുള്ളത്; പ്രസ്തുത സഹായം മുടങ്ങാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

**ശ്രീപാദം സ്റ്റേഡിയത്തിലെ സ്പോർട്സ് ഹോസ്റ്റൽ**

1228 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ സ്പോർട്സ് ഹോസ്റ്റലിൽ എത്ര കുട്ടികളാണ് നിലവിലുള്ളതെന്നും ഇവർ ഏതെല്ലാം കായിക ഇനങ്ങളിലാണ് പരിശീലനം നേടി കൊണ്ടിരിക്കുന്നതെന്നുമുള്ള വിവരം ഒരോ കുട്ടിയുടെയും കായിക ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിലെ സ്പോർട്സ് ഹോസ്റ്റലിൽ നിലവിൽ എത്ര പരിശീലകരെയാണ് നിയമിച്ചിട്ടുള്ളതെന്ന വിവരം ഇവരുടെ പേരും കായിക ഇനവും തിരിച്ച് വ്യക്തമാക്കുമോ?

**സ്പോർട്സ് ഹോസ്റ്റലുകളിലെ കുട്ടികൾക്കുള്ള ഭക്ഷണ അലവൻസ്**

1229 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിലുള്ള കോളേജ് സ്പോർട്സ് ഹോസ്റ്റലുകളിലെ കുട്ടികൾക്കുള്ള ഭക്ഷണ അലവൻസ് കുടിശികയാണോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഹോസ്റ്റലുകളിലെ കുട്ടികൾക്ക് നിലവിൽ നൽകുന്ന ഭക്ഷണ അലവൻസ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിദ്യാർത്ഥികൾക്ക് ഭക്ഷണ അലവൻസ് കുടിശിക അടക്കം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**കുന്നുമ്മൽ വോളിബോൾ അക്കാദമി**

1230 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നുമ്മൽ വോളിബോൾ അക്കാദമിയുടെ നിർമ്മാണ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി 2025 വർഷത്തിൽ

പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) കുന്നമ്മൽ വോളിബോൾ അക്കാദമിയുടെ ഹോസ്റ്റൽ നിർമ്മാണത്തിനായി ബജറ്റിൽ വകയിരുത്തിയ രണ്ടുകോടി രൂപയുടെ പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

## കിണവക്കൽ കപ്പാറയിൽ നീന്തൽക്കുളം നിർമ്മാണം

1231 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ നരിക്കോട്മലയിൽ നേരത്തെ അനുവദിച്ച നീന്തൽ കുളത്തിന് പകരം കോട്ടയം ഗ്രാമപഞ്ചായത്തിലെ കിണവക്കൽ കപ്പാറയിൽ സ്ഥലം കണ്ടെത്തുകയും പ്രൊപ്പോസൽ നൽകുകയും ചെയ്തിട്ടുള്ള പുതിയ നീന്തൽക്കുളവുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത നീന്തൽക്കുളം നിർമ്മാണത്തിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോയെന്ന് വിശദമാക്കുമോ;

(സി) നീന്തൽക്കുള നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

## തില്ലങ്കേരി വില്ലേജിലെ അന്താരാഷ്ട്ര യോഗ റിസർച്ച് & സ്റ്റഡി സെന്റർ

1232 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തില്ലങ്കേരി വില്ലേജിൽ അന്താരാഷ്ട്ര യോഗ റിസർച്ച് & സ്റ്റഡി സെന്റർ സ്ഥാപിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാമോ?

## മഞ്ചേരി പയ്യനാട് സ്റ്റേഡിയം വികസനം

1233 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിന്റെ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണം എപ്പോഴാണെന്ന് അറിയിക്കാമോ; ആയതിന്റെ മാസ്റ്റർ പ്ലാൻ അടക്കമുള്ള വിശദാംശം ലഭ്യമാക്കാമോ?

## വെള്ളൂർ പെരുന്തട്ട് സ്റ്റേഡിയം നിർമ്മാണ പുരോഗതി

1234 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം മണ്ഡലത്തിലെ ഇരുമ്പയം പെരുന്തട്ട് സ്റ്റേഡിയം നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിച്ച് ജനങ്ങൾക്ക് തുറന്നു കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## ആലപ്പുഴ മണ്ഡലത്തിൽ നിർമ്മിക്കുന്ന ഇൻഡോർ സ്റ്റേഡിയങ്ങൾ

1235 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ വകുപ്പ് മുഖേന എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയതെന്നും അവയുടെ പുരോഗതി സംബന്ധിച്ച വിവരവും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന ഇൻഡോർ സ്റ്റേഡിയങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും ഇവയ്ക്ക് ചെലവഴിക്കുന്ന തുക എത്രയെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

## പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിലെ സ്റ്റേഡിയം നിർമ്മാണം

1236 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

## നെടുമ്പന സ്റ്റേഡിയം നിർമ്മാണ പുരോഗതി

1237 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ നിന്നും തുക അനുവദിച്ചിട്ടുള്ളതും സ്പോർട്സ് കേരള ഫൗണ്ടേഷൻ നിർവ്വഹണ ചുമതല ഏറ്റെടുത്തിട്ടുള്ളതുമായ നെടുമ്പന സ്റ്റേഡിIHRDയത്തിന്റെ നിർമ്മാണപ്രവർത്തന പുരോഗതി വിശദമാക്കാമോ?

## പാലക്കാട് ഇന്ദിരാഗാന്ധി മുൻസിപ്പൽ സ്റ്റേഡിയത്തിന്റെ ശോചനീയാവസ്ഥ

1238 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ഇന്ദിരാഗാന്ധി മുൻസിപ്പൽ സ്റ്റേഡിയം ഒരു കായിക മത്സരവും നടത്താൻ കഴിയാത്ത വിധം ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി സ്റ്റേഡിയത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള തുക അനുവദിക്കുന്നകാര്യം പരിഗണിക്കുമോയെന്നു വ്യക്തമാക്കുമോ?

## ഓരോ മണ്ഡലത്തിനും ഓരോ സ്റ്റേഡിയം

1239 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ മണ്ഡലത്തിനും ഓരോ സ്റ്റേഡിയം എന്ന 2022- ലെ ബജറ്റ് പ്രഖ്യാപന പ്രകാരം എത്ര മണ്ഡലങ്ങളിൽ സ്റ്റേഡിയം നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും അത് എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രഖ്യാപന പ്രകാരം എത്ര മണ്ഡലങ്ങളിൽ സ്റ്റേഡിയം നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും അത് എവിടെയൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) ഇപ്രകാരം എത്ര മണ്ഡലങ്ങളിൽ സ്റ്റേഡിയം നിർമ്മാണം ആരംഭിക്കാനുണ്ടെന്നും അത് എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ഡി) ഓരോ മണ്ഡലങ്ങളിലും സ്റ്റേഡിയം നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള തുക, എം.എൽ.എ. ഫണ്ടിൽ നിന്ന് അനുവദിച്ചിട്ടുള്ള തുക,. മറ്റ് ഫണ്ടുകളിൽ നിന്ന് ലഭ്യമായിട്ടുള്ള തുക എന്നിവ ഇനം തിരിച്ച് അറിയിക്കാമോ;

(ഇ) സ്റ്റേഡിയം നിർമ്മാണം ആരംഭിക്കാത്ത മണ്ഡലങ്ങളിൽ അത് എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

## ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ സ്റ്റേഡിയം നവീകരണം

1240 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം ആധുനിക രീതിയിൽ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## ഹരിപ്പാട് മണ്ഡലത്തിലെ മിനി സ്റ്റേഡിയം നിർമ്മാണം

1241 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ സ്പോർട്സ് വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന വിവിധ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഹരിപ്പാട് ബോയ്സ് ഹയർസെക്കൻഡറി സ്കൂളിലെ മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം അറിയിക്കാമോ; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

1242 **ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി നിലമ്പൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ പാലാട് ഗ്രൗണ്ടിൽ സ്റ്റേഡിയം നിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടുണ്ടോ ; എങ്കിൽ എത്രയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

## ഇരിമ്പിളിയം സ്റ്റേഡിയം നിർമ്മാണം

1243 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി'യിൽ ഉൾപ്പെടുത്തിയിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കുമോ?

## കോതമംഗലം ചേലാട് സ്റ്റേഡിയം നിർമ്മാണം

1244 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ചേലാട് സ്റ്റേഡിയത്തിന്റെ നിലവിലെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സങ്ങൾ വേഗത്തിൽ പരിഹരിച്ച് നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## തിരുവനന്തപുരം ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിലെ അന്താരാഷ്ട്ര മത്സരങ്ങൾ

1245 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിൽ ഈ വർഷം നടത്തുന്നതിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള അന്താരാഷ്ട്ര മത്സരങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിലേയ്ക്ക് കൂടുതൽ അന്താരാഷ്ട്ര മത്സരങ്ങൾ കൊണ്ടുവരുന്നതിനായി കായിക വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കായംകുളം മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണം

1246 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ വകുപ്പ് വഴി അനുവദിച്ച ഭരണിക്കാവ് ഗവൺമെന്റ് യു. പി. എസ്., കണ്ടല്ലൂർ എന്നിവിടങ്ങളിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ച് നാല് വർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## കായിക അധ്യാപക നിയമനം

1247 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ എത്ര കായിക അധ്യാപകരുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ നിലവിൽ എത്ര കായിക അധ്യാപക തസ്തികകൾ ഒഴിവുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(സി) ഇവരുടെ വേതന നിരക്ക് യു.പി., ഹൈസ്കൂൾ എന്നിങ്ങനെ തരംതിരിച്ച് പരിഷ്കരിക്കാൻ ആലോചിക്കുന്നുണ്ടോ;

(ഡി) ഹയർ സെക്കൻഡറി തലത്തിൽ കായിക അധ്യാപക തസ്തിക സൃഷ്ടിക്കുവാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

## സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ധനാഗമ മാർഗങ്ങളും ചെലവുകളും

1248 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ഹജ്ജ് യാത്രയുമായി ബന്ധപ്പെട്ട് കേന്ദ്ര ഹജ്ജ് കമ്മിറ്റിയിൽ നിന്നും സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് എത്ര തുകയാണ് ലഭിച്ചിട്ടുള്ളത് എന്നതിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തുകയിൽ നിന്നും സംസ്ഥാന ഹജ്ജ് കമ്മിറ്റി എത്ര രൂപ ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചു എന്നതിന്റെ വർഷം, ഇനം, തുക എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) കേന്ദ്ര ഹജ്ജ് കമ്മിറ്റിയിൽ നിന്നും ലഭിക്കുന്ന തുകക്ക് പുറമേ സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ധനാഗമ മാർഗങ്ങൾ എന്തെല്ലാമാണെന്നും 2016 മുതൽ നാളിതുവരെ എത്ര തുക ഈ ഇനത്തിൽ ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് കണ്ണൂർ ഹജ്ജ് ഹൗസ് നിർമ്മിക്കുന്നതിനായി 2025-ലെ ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് എത്ര രൂപ സംഭാവനയായി ലഭിച്ചുവെന്ന് വിശദമാക്കാമോ?

## ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജിന് പോയവർ

1249 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ഹജ്ജ് കർമ്മം നിർവഹിക്കുന്നതിന് വേണ്ടി സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഓരോ വർഷവും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഇതിൽ എത്രപേർക്ക് ഹജ്ജ് കർമ്മം നിർവഹിക്കാൻ ഓരോ വർഷവും അവസരം ലഭിച്ചുവെന്നും വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രസ്തുത വർഷങ്ങളിൽ ഹജ്ജ് പുറപ്പെടൽ കേന്ദ്രം ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ; ഓരോ ഹജ്ജ് പുറപ്പെടൽ കേന്ദ്രത്തിൽ നിന്നും എത്ര പേരാണ് പ്രസ്തുത വർഷങ്ങളിൽ ഹജ്ജ് കമ്മിറ്റി മുഖേന യാത്രയായതെന്ന് അറിയിക്കാമോ;

(സി) കോഴിക്കോട് വിമാനത്താവളത്തിന്റെ പുറപ്പെടൽ കേന്ദ്രം വഴി പോകുന്ന ഹജ്ജ് യാത്രക്കാരിൽ നിന്നും, സംസ്ഥാനത്തെ മറ്റ് പുറപ്പെടൽ കേന്ദ്രങ്ങളിൽ നല്കുന്നതിനെക്കാളും അമിതചാർജ് ഈടാക്കുന്നത് മൂലം യാത്രക്കാർ കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അമിതചാർജ് കുറക്കുന്നതിന് സംസ്ഥാന ഹജ്ജ് കമ്മിറ്റി എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) കോഴിക്കോട് ഹജ്ജ് പുറപ്പെടൽ കേന്ദ്രത്തിൽ നിന്നുമുള്ള യാത്രക്കാരുടെ യാത്രാചാർജ് വർദ്ധനവിനെതിരെ സുപ്രീംകോടതിയിൽ നടന്ന കേസിൽ കേന്ദ്ര ഹജ്ജ് കമ്മിറ്റി നൽകിയ സത്യവാങ്മൂലം സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; പ്രസ്തുത വിഷയം സംബന്ധിച്ച് സംസ്ഥാന ഹജ്ജ് കമ്മിറ്റിയോട് കേന്ദ്ര ഹജ്ജ് കമ്മിറ്റി എന്തെങ്കിലും അഭിപ്രായം ആരാഞ്ഞിരുന്നോ; വിശദാംശം ലഭ്യമാക്കുമോ?

## ഹജ്ജ് യാത്രക്കാരുടെ വർധിപ്പിച്ച വിമാനയാത്രാക്കൂലി

1250 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിപ്പൂർ വിമാനത്താവളത്തിൽ നിന്നും പുറപ്പെടുന്ന ഹജ്ജ് യാത്രികർക്ക് വിമാന യാത്രക്കൂലിയിൽ നാല്പതിനായിരം രൂപയുടെ വർദ്ധനവ് കഴിഞ്ഞവർഷം നടപ്പിലാക്കിയത് ഈ വർഷം കുറയ്ക്കുവാനോ പൂർണ്ണമായും ഒഴിവാക്കുവാനോ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഹജ്ജിനു പോകുന്ന യാത്രക്കാർക്കായി കേരളത്തിൽ നിന്നും പുറപ്പെടുന്ന വിമാന സർവ്വീസുകളുടെ ഷെഡ്യൂൾ വിവരങ്ങൾ നൽകാമോ;

(സി) ഈ വർഷം കേരളത്തിൽ നിന്നുള്ള ഹജ്ജ് യാത്രക്കാർക്ക് സുഗമമായി ഹജ്ജ് നിർവഹിച്ച് മടങ്ങി വരുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

## വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം

1251 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷനിൽ പുരോഗമിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) നേരത്തെ അംഗീകരിച്ച എസ്റ്റിമേറ്റ് തുക വർദ്ധിപ്പിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കൂടുതൽ തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അധികമായി അനുവദിച്ച തുക ഉപയോഗിച്ച് നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തിയാക്കാനാകുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷനിലേയ്ക്ക് സെക്കന്റ് എൻട്രിയും പടിഞ്ഞാറൻ കവാടത്തിലേക്ക് ഫൂട്ട് ഓവർ ബ്രിഡ്ജും ഉൾപ്പെടെ സ്ഥലം എം.എൽ.എ. ഉന്നയിച്ച ആവശ്യങ്ങൾ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നത് റെയിൽവേയുടെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

### <u>കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ റിസർവ്വേഷൻ കൗണ്ടർ</u>

1252 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വളരെ പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനായ കോഴിക്കോട് റെയിൽവേ സ്റ്റേഷനിലെ റിസർവ്വേഷൻ കൗണ്ടർ ഒരെണ്ണമാക്കി മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റിസർവ്വേഷൻ കൗണ്ടറുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
11-09-2025

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].